പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

ഒക്ടോബർ 2025




തുളസീദളം സാഹിത്യ പുരസ്കാരം 2025




വിദ്യാഭ്യാസ പുരസ്കാരങ്ങൾ വിതരണം

# PISHARODY SAMAJAM GUEST HOUSE


Near Temple Police Station, Melpathoor Road, Thekke Nada, Guruvayoor

Ph: 0487 25 58 801, +91 62 38 743319

online booking: www.pisharodyptdt.com

## TARIFF

| | |
|---|---|
| ORDINARY DOUBLE ROOM | 750 |
| ORDINARY AC DOUBLE ROOM | 1200 |
| ORDINARY ROOM 3 BED | 900 |
| ORDINARY AC ROOM – 3 BED | 1500 |
| AC ROOM – 2 BED WITH TV | 1500 |
| ORDINARY DOORMITORY 8 BED | 1500 |







Devadheyam AUDITORIUM

**AVAILABLE A/C NON A/C AUDITORIUM**

*Online Payments*

PhonePe

Paytm

Google Pay

**AUTO / TAXI ON DEMAND**

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2025 ഒക്ടോബർ**

**പുഷ്പം 46 / ദളം 7**

**1201 കന്നി-തുലാം**



## പത്രാധിപസമിതി

ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ:
**ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീമതി വൈക സതീഷ്**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. അനൂപ് രാഘവൻ**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com

Visit our website :
www.pisharodysamajam.com

വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"

## ദളസുഗന്ധം


**പത്രാധിപക്കുറിപ്പ്**....................................4

**പ്രതിഫലനം – മൂകാംബികാധ്യാനം**.....................6
എ.പി. സരസ്വതി

**ഓർമ്മക്കുറിപ്പ് – ഒരു കൊച്ചുമാളികപ്പുറത്തിന്റെ കന്നിയാത്ര**...........................................7
ബിന്ദു കൃഷ്ണപ്രസാദ്

**മിനി നർമ്മകഥ – പേരിലെന്തുള്ളൂ**....................11
മോഹൻദാസ് ശ്രീതിലകം

**ഓർമ്മക്കുറിപ്പ് – മഴയോർമ്മകൾ**......................12
മുകുന്ദൻ എം.പി. പാലക്കാട്

**കഥ – പരോപകാരാർത്ഥ മിദം ശരീരം**................17
കെ.പി. മോഹനൻ, വരന്തരപ്പിള്ളി

**നാടകം – സ്വപ്നത്തിന്റെ വിളി**.......................19
ഇ.പി. ദേവേശ പിഷാരോടി

**റിപ്പോർട്ട് – തുളസീദളം സാഹിത്യ പുരസ്കാരം, വിദ്യാഭ്യാസ പുരസ്കാരങ്ങൾ**..........................21

**വൈവാഹികം**.......................................23

**ശാഖാവാർത്തകൾ**..................................29

**ആദരാഞ്ജലികൾ**..................................48

## പറഞ്ഞത് അറിഞ്ഞത് അറിയേണ്ടത്

# ഈ പുരസ്കാരം ഞാൻ കൊതിച്ചത്

**ഇ**ങ്ങനെ പറഞ്ഞത് മലയാള സാഹിത്യ രംഗത്ത് ഇന്ന് ജീവിച്ചിരിക്കുന്ന ഇതിഹാസ പുരുഷന്മാരിൽ ഒരാൾ എന്ന് സംശയലേശമന്യേ വിശേഷിപ്പിക്കാവുന്ന ശ്രീ. പി.ആർ. നാഥനാണ്. ഈ വർഷത്തെ 'തുളസീദളം' സാഹിത്യ പുരസ്കാരം സ്വീകരിച്ചു കൊണ്ട് നടത്തിയ പ്രസംഗത്തിൽ ആണ് നമുക്കെല്ലാം അഭിമാനവും ആനന്ദവും നൽകുന്ന ഈ വാക്കുകൾ അദ്ദേഹം നൽകിയത്. കേരള സാഹിത്യ അക്കാദമി പുരസ്കാരം, ടാഗോർ പുരസ്കാരം, ഗായത്രി പുരസ്കാരം എന്നിങ്ങനെ അമ്പതിലധികം പ്രധാന പുരസ്കാരങ്ങൾ നേടിയിട്ടുള്ള പ്രതിഭയാണ് ഈ ആഗ്രഹം വേദിയിൽ പറഞ്ഞതെന്നോർക്കുമ്പോൾ നമ്മുടെ ശിരസ്സ് കുനിഞ്ഞു പോകുന്നു. നമ്മൾ ഏർപ്പെടുത്തിയിട്ടുള്ള ഈ എളിയ പുരസ്കാരത്തിനും പുറത്തുള്ളവർ വലിയ മൂല്യം തരുന്നുണ്ടെന്ന് തിരിച്ചറിയുന്നു. തുളസീദളം മുൻ മാനേജർ പരേതനായ കൃഷ്ണദാസിന്റെ കാലംമുതലേ തന്നെ തുളസീദളത്തിൽ അദ്ദേഹത്തിന്റെ രചനകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ശ്രീ. പി.ആർ. നാഥന്റെ സൃഷ്ടികൾ ഇല്ലാത്ത ഓണപ്പതിപ്പുകൾ ഇല്ല എന്ന് തന്നെ പറയാം. മറ്റേതു പ്രസിദ്ധീകരണങ്ങളിലും അദ്ദേഹത്തിന്റെ രചനകൾക്ക് നല്ല പ്രതിഫലം ലഭിക്കുമ്പോൾ ഇന്നുവരെയും ശ്രീ. നാഥന് യാതൊരു പ്രതിഫലവും നമ്മൾ നൽകിയിട്ടില്ല. എന്നിട്ടും നമ്മൾ ആവശ്യപ്പെട്ടപ്പോഴൊക്കെ സന്തോഷത്തോടെ രചനകൾ അയച്ചു തന്നു. 2023 ലെ നമ്മുടെ ഓണപ്പതിപ്പിൽ ശ്രീ. സുരേഷ് ബാബു വിളയിൽ അദ്ദേഹവുമായി നടത്തിയ അഭിമുഖം ഒരുപാട് ശ്രദ്ധിക്കപ്പെട്ടിരുന്നു.

സർഗ്ഗ പ്രതിഭാ പുരസ്കാരം നേടിയ ശ്രീ. രാജഗോപാലൻ ആനായത്ത് നമുക്കേറെ അഭിമാനിക്കാവുന്ന പ്രതിഭയാണ്. വിവര സാങ്കേതിക രംഗത്ത് രാജഗോപാലന്റെ സംഭാവനകൾ നമുക്കൊക്കെ സങ്കൽപ്പിക്കാവുന്നതിന്നും അപ്പുറമാണ് എന്നത് അദ്ദേഹത്തിന്റെ പ്രൊഫൈൽ കാണിച്ചു തരുന്നു. കേരളത്തിൽ സാങ്കേതികമായി സർക്കാർ അടക്കം എത്രയോ സ്ഥാപനങ്ങളാണ് അദ്ദേഹത്തിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുള്ളത്! ശ്രീ. രാജഗോപാലൻ രൂപകല്പന ചെയ്തിട്ടുള്ള പത്തോളം സോഫ്റ്റ് വെയറുകൾ സർക്കാർ തലത്തിൽ ഏറ്റവും സമ്മതി ആർജ്ജിച്ചിട്ടുള്ളതാണ്. കൂട്ടത്തിൽ ഒരു കാര്യം കൂടി ഇവിടെ പറയേണ്ടതുണ്ട്. സർഗ്ഗപ്രതിഭാ പുരസ്കാരമായി അദ്ദേഹത്തിന് സമർപ്പിച്ച 5001 രൂപ അങ്ങനെ തന്നെ കുട്ടികളുടെ ഉന്നമനാർത്ഥം എഡ്യൂക്കേഷണൽ ആൻഡ് വെൽഫെയർ സൊസൈറ്റിക്ക് സംഭാവന ചെയ്ത് മാതൃകയായി.

ഇപ്രാവശ്യത്തെ സാഹിത്യ പുരസ്കാരങ്ങൾ നൽകാൻ നമുക്ക് കിട്ടിയ വിശിഷ്ട വ്യക്തി ബഹു. കേരള ഹൈക്കോടതി ജഡ്ജ് ശ്രീ. പി.വി. കുഞ്ഞികൃഷ്ണൻ ആണ്. വെറുമൊരു സാധാരണക്കാരനായി നമ്മുടെ ഇടയിൽ ചേർന്നു കൊണ്ട് ലളിതവും സരസവുമായ രീതിയിൽ പകർന്ന വാക്കുകൾ വളരെ ശ്രദ്ധേയങ്ങളായി.

ഓരോ പുരസ്ക്കാരവും സമർപ്പിക്കുമ്പോൾ ആ പുരസ്ക്കാരം കൂടി പുരസ്കൃതമാകുന്ന മുഹൂർത്തങ്ങൾ ഉണ്ടാവാറുണ്ട്. അങ്ങനെ സംഭവിക്കാനുള്ള പ്രധാന കാരണം പുരസ്കാരം ഏറ്റുവാങ്ങുന്ന വ്യക്തിയുടെ അമൂല്യമായ പ്രതിഭയും സവിശേഷമായ വ്യക്തിത്വവും കൂടിയാണ്. അർഹമായ വ്യക്തിക്ക്/വ്യക്തികൾക്ക് തന്നെ നൽകി എന്ന് സമൂഹം ഒന്നടങ്കം പറയുമ്പോൾ അവിടെ ആ പുരസ്കാരം കൂടിയാണ് സമ്മാനിതമാകുന്നത്. അക്കാര്യത്തിൽ തുളസീദളം നൽകിയിട്ടുള്ള രണ്ട് വർഷത്തെ സാഹിത്യ പുരസ്ക്കാരങ്ങളും വളരെ മികച്ചതായിരുന്നു എന്ന് നമുക്ക് സന്തോഷിക്കാം.

സാഹിത്യ പുരസ്കാര ദാനത്തിന് ശേഷം നമ്മുടെ ഏറ്റവും പ്രിയപ്പെട്ട വിദ്യാഭ്യാസ പുരസ്ക്കാര വിതരണം. സമ്മാനങ്ങൾ നേടിയ മിടുക്കന്മാർക്കും മിടുക്കികൾക്കും അഭിനന്ദനങ്ങൾ. പുരസ്കാരങ്ങൾ ലഭിച്ചില്ല എന്നത് കഴിവിന്റെ കുറവായി കാണരുത്. അവരും അഭിനന്ദനങ്ങൾ അർഹിക്കുന്നു. ജീവിത വിജയത്തിൽ അവർ റാങ്കുകൾ നേടിയെക്കാം.

ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തി. നമ്മുടെ രാഷ്ട്രപിതാവിന്റെ ജന്മദിനം. അന്ന് തന്നെ വിദ്യാരംഭവും. പുതിയതായി അക്ഷരം കുറിക്കുന്ന കുരുന്നുകളെ മനസ്സ് കൊണ്ട് നമുക്ക് അനുഗ്രഹിക്കാം. പ്രാർഥിക്കാം..

കാലവർഷമൊഴിഞ്ഞ് തുലാവർഷത്തിന് കാത്തിരിക്കുന്ന മാസമെന്ന് ഒക്ടോബറിനെപ്പറ്റി നമ്മുടെ പഴമ. പക്ഷെ പഴംചൊല്ലിൽ കാലാവസ്ഥ പതിർ ചേർക്കുന്നുണ്ടോ എന്ന സംശയിക്കേണ്ട കാലം. എല്ലാവർക്കും സന്തോഷഭരിതമായ ഒക്ടോബർ ആശംസിക്കുന്നു.

**പത്രാധിപസമിതി**

# ഭാസിരാജിന് 'സേവൻ മിത്ര് പുരസ്കാരം'

## ലെജന്റ്സ് ഓഫ് ഇരിങ്ങാലക്കുടയുടെ പുലിക്കളി ആഘോഷത്തിൽ നിറഞ്ഞുനിന്ന നിമിഷം



**തി**രുവോണ പിറ്റേന്ന് ലെജന്റ്സ് ഓഫ് ഇരിങ്ങാലക്കുട സംഘടനയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വർണ്ണാഭമായ പുലിക്കളി ആഘോഷത്തോടനുബന്ധിച്ച് സാമൂഹിക പ്രവർത്തനങ്ങളിൽ മികച്ച സംഭാവനകൾ നൽകിയ വിശിഷ്ടവ്യക്തികളെ ആദരിച്ചു. അവയിൽ ഏറ്റവും ശ്രദ്ധേയമായത് ഭാസി രാജിന് നൽകപ്പെട്ട 'സേവൻ മിത്ര് പുരസ്കാരം' ആയിരുന്നു. മനുഷ്യസ്നേഹത്തിലൂന്നിയ അദ്ദേഹത്തിന്റെ വലിയ സാമൂഹിക സേവനങ്ങളാണ് ശ്രീ ഭാസിരാജിനെ പുരസ്ക്കാരാർഹനാക്കിയത്.

മുൻ ഗവ. ചീഫ് വിപ്പ് അഡ്വ. തോമസ് ഉണ്ണിയാടൻ യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് ശ്രീ. ഭാസിരാജിന് സേവൻ മിത്ര് പുരസ്കാരം അദ്ദേഹം സമർപ്പിച്ചു. അതോടൊപ്പം സമൂഹത്തിലെ വിവിധ മേഖലകളിലെ ഉന്നതമായ സേവനങ്ങൾ കണക്കിലെടുത്ത് മറ്റു വിശിഷ്ട വ്യക്തിത്വങ്ങളെ കൂടി പുരസ്കാരങ്ങൾ നൽകി ആദരിച്ചു.

ഇരിങ്ങാലക്കുട ശാഖ മെമ്പർ ആയ ശ്രീ. ഭാസിരാജ്, 2019ൽ സമാജം വെബ് സൈറ്റിനെ പുതിയ രൂപത്തിൽ പുനരുദ്ധരിച്ചതിന്റെ മുഖ്യ സൂത്രധാരനായിരുന്നു. ഇപ്പോൾ പിഷാരടി സമാജം ഐ.ടി. വിഭാഗത്തിന്റെ കൺവീനർ ആണ്. 2020ലെ ഓണക്കാലത്ത് ഓൺലൈൻ വഴി യുവചൈതന്യം എന്ന യുട്യൂബ് ചാനലും യുവജന വിഭാഗവും വെബ് സൈറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച് സമാജം നടത്തിയ ഓണാഘോഷങ്ങൾ, നവരാത്രി ആഘോഷങ്ങൾ എന്നിവക്ക് സ്പോൺസർഷിപ്പോടെ നേതൃത്വം നൽകുകയും പൂർണ്ണ സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്ത ശ്രീ. ഭാസിരാജ് ഇരിങ്ങാലക്കുടയിൽ ഷോപ്പേർസ് മാർട്ട് സൂപ്പർ മാർക്കറ്റ് എന്ന സ്ഥാപനം നടത്തി വരുന്നു. അറക്കൽ പിഷാരത്ത് പരേതയായ രാജലക്ഷ്മിയുടെയും പി.വി. ഭാസ്കരവാര്യരുടെയും പുത്രനാണ്. ശ്രീമതി കാന്തിമതി ഭാര്യയും യുക്ത ബി. രാജ് മകളും ആണ്.

ഭാസിരാജിന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

പ്രതിഫലനം

# മൂകാംബികാധ്യാനം



എ.പി. സരസ്വതി


നവരാത്രിക്കാലമായതുകൊണ്ടാവാം എഴുതാനൊരുങ്ങിയപ്പോൾ ഈയൊരു ശ്ലോകതല്ലജമാണ് മനസ്സിൽ പ്രതിഫലിച്ചത്. ചൊല്ലാനും ചൊല്ലിക്കേൾക്കാനും ഏറെ ഇഷ്ടമുള്ള പദാവലികൾ!

വാണീദേവി! സുനീലവേണി! സുഭഗേ!
വീണാരവം കൈതൊഴും
വാണീവൈഭവമോഹിനി! ത്രിജഗതാം
നാഥേ വിരിഞ്ചപ്രിയേ!
വാണീദോഷമശേഷമാശു കളവാ-
നെൻനാവിലാത്താദരം
വാണീടേണമതിന്നു നിന്നടിയിൽ ഞാൻ
വീഴുന്നു മൂകാംബികേ!

അല്ലയോ വാണീദേവി! കടുംനീലനിറമുള്ള (കറുപ്പുതന്നെ) കേശഭാരത്തോടുകൂടിയവളേ! അണിമാദി അഷ്ടൈശ്വര്യസിദ്ധികളുള്ളവളേ! (ഭഗം-അഷ്ടൈശ്വര്യങ്ങൾ) വീണാനാദംപോലും കുമ്പിടുന്ന മാധുര്യം തുളുമ്പുന്ന വാഗ്വൈഭവംകൊണ്ട് ലോകത്തെ മോഹിപ്പിക്കുന്നവളേ! ഐശ്വര്യം, ശക്തി, ജ്ഞാനം എന്നീ മൂന്നുമണ്ഡലങ്ങളെയും മഹാലക്ഷ്മിയായും പാർവതിയായും സരസ്വതിയായും രക്ഷിക്കുന്നവളേ! പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവായ ബ്രഹ്മാവിന് എപ്പോഴും പ്രിയം ചെയ്യുന്നവളേ! വാക്കുകൾക്കുളവാകുന്ന ദോഷങ്ങൾ മുഴുവനും മാറ്റിത്തരുവാനായി ഞാനങ്ങേയ്ക്കർപ്പിക്കുന്ന ആദരമേറ്റുവാങ്ങിക്കൊണ്ട് എന്റെ നാവിന്മേൽ എന്നെന്നും വസിക്കേണമേ. മൂകന്മാരെപ്പോലും വാചാലരാക്കുന്ന അമ്മേ! ആ ഒരനുഗ്രഹത്തിനുവേണ്ടി ഭവതിയുടെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിക്കുന്നു.

കേവലം നാക്കിന്റെ പിഴകൊണ്ടുമാത്രം ഈ ലോകത്തിൽ എന്തെല്ലാം പാതകങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഈ പ്രാർത്ഥനകൊണ്ട് ആ പിഴവിന് ചെറിയൊരു കടിഞ്ഞാണിടാൻ നമുക്കാവട്ടെ! അതിനു ദേവി കടാക്ഷിക്കട്ടെ! ●

## സോപാന സംഗീതരത്നം പുരസ്കാരം പല്ലാവൂർ വാസുദേവ പിഷാരോടിക്ക്



കേരളത്തിലെ സോപാനസംഗീതകലാകാരന്മാരുടെ കൂട്ടായ്മയായ സോപാനസംഗീതസഭയുടെ 2025 ലെ സോപാന സംഗീതരത്നം പുരസ്ക്കാരം പല്ലാവൂർ വാസുദേവ പിഷാരോടിക്ക്.

കോഴിക്കോട് ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിൽ വച്ചു നടക്കുന്ന സോപാനസംഗീതസഭയുടെ വാർഷിക പൊതുയോഗത്തിൽ കേരള സംഗീത നാടക അക്കാദമി ചെയർമാൻ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ പുരസ്ക്കാരം നല്കും.

കോഴിക്കോട് തളിക്ഷേത്രം ജീവനക്കാരനായിരുന്ന ശ്രീ. പല്ലാവൂർ വാസുദേവ പിഷാരോടി മഞ്ഞളൂർ മന്ദത്ത് പിഷാരത്ത് പരേതയായ സരോജിനി പിഷാരസ്യാരുടെയും കുത്തനൂർ ദക്ഷിണാമൂർത്തി പിഷാരത്ത് പരേതനായ നാരായണപിഷാരോടിയുടെയും മകനാണ്. പത്തപ്പിരിയം പിഷാരത്തെ ശ്രീമതി ശോഭയാണ് ഭാര്യ. അഖിൽ വാസുദേവൻ, അരുൺ വാസുദേവൻ എന്നിവരാണ് മക്കൾ.

വാദ്യമേളങ്ങളിലെ ആചാര്യനും അതുല്യ പ്രതിഭയുമായിരുന്ന പല്ലാവൂർ അപ്പുമാരാരുടെയും സഹോദരന്മാരുടെയും ശിഷ്യനാണ്. അവരോടൊപ്പം സ്വദേശത്തും വിദേശത്തും ധാരാളം മേളങ്ങളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. പല്ലാവൂർ വാസുദേവപിഷാരോടിക്ക് പിഷാരടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ്സൈറ്റിന്റെയും അഭിനന്ദനങ്ങൾ!

ഓർമ്മക്കുറിപ്പ്

# ഒരു കൊച്ചുമാളികപ്പുറത്തിന്റെ കന്നിയാത്ര

**ബിന്ദു കൃഷ്ണപ്രസാദ്**
**'പവിത്രം', പുത്തൻവേലിക്കര**

**ഇ**ത്തവണ അമ്മയ്ക്ക് അച്ഛന്റെ എഴുത്ത് വന്നത് ഒരു സന്തോഷവാർത്തയുമായാണ്. ഇക്കൊല്ലം അച്ഛൻ എന്നേയും ശബരിമലയ്ക്ക് കൊണ്ടുപോവുന്നുണ്ടത്രേ!

അങ്ങനെ, ഞാനും ശബരിമലയ്ക്ക് പോണൂ! എത്ര നാളായി കൊതിക്കണേന്നറിയ്യോ? ശബരിമലയ്ക്ക് മാലയിട്ടാൽപ്പിന്നെ ക്ലാസിലെ ചില കുട്ടികൾടെ മട്ടും ഭാവോം കാണണം! കറുത്ത ഡ്രസും, ഒരുതരം വല്യ മണിമാലയുമൊക്കെയിട്ട്....ചിലരൊക്കെ നീല ഡ്രസാണ് ഇടുക. എന്തൊരു ഗമയാണെന്നോ അവർക്കൊക്കെ! ടീച്ചർമാർക്ക് പോലും അവരോടെന്തോ ഒരു ഇഷ്ടക്കൂടുതൽ പോലെയാണ്!

കത്തിലെ പുതിയ വിശേഷം വീട്ടിൽ പാട്ടായി. "നന്നായി", "വൈകിച്ചാൽ നടന്നില്ലാന്നുവരും", എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ കേട്ടു. പെങ്കുട്ടികൾക്ക് പത്തു വയസ്സു കഴിഞ്ഞാൽ ശബരിമലയ്ക്ക് പോകാൻ പറ്റില്ലാത്രേ! എന്താ കാരണംന്ന് അറീല്ല.....ക്ലാസിലെ പെങ്കുട്ടികളും പറയണത് കേട്ടിട്ടുണ്ട്. പക്ഷേ അവർക്കും കാരണം പിടിയില്ല. ഒരിക്കൽ കൊച്ചമ്മമ്മയോടും ചോദിച്ചു. എന്തു സംശയങ്ങൾക്കും കൊച്ചമ്മമ്മയുടെ പക്കൽ ഉത്തരമുണ്ടാവും. പക്ഷേ ഈ ചോദ്യത്തിന് മാത്രം മറുപടി കവിളത്ത് തലോടിക്കൊണ്ട് "ഹി ഹി ഹി" എന്നൊരു ചിരി മാത്രമായിരുന്നു...കൊച്ചമ്മമ്മ ഒറക്കെ ചിരിച്ചാൽ വായീന്ന് വെറ്റിലേടേം പൊകലേടേം വാസന വരും...

കറുത്ത ജാക്കറ്റ് ഒരെണ്ണം ഉണ്ട്. പാവാടയാണ് തീരെ ഇല്ലാത്തത്. പാവാടയ്ക്ക് തുണിയെടുക്കണം...ജാക്കറ്റും ഒരെണ്ണം കൂടി വേണം...എന്നാണാവോ അമ്മ തുണിക്കടയിൽ പോവുന്നത്...ഇപ്പോത്തന്നെ എടുത്താലേ അമ്മ നേരത്തിനതൊന്ന് തയ്ക്കലുണ്ടാവൂ. അമ്മയ്ക്കാണെങ്കിൽ അടുക്കളപ്പണിയൊഴിഞ്ഞിട്ട് ഒന്നിനും സമയമില്ലതാനും! അമ്മ അതൊന്ന് തയ്ച്ച് തന്നിട്ടുവേണം സ്കൂളീ ച്ചെന്ന് കുട്ടികൾടെ മുമ്പിൽ ഞെളിഞ്ഞു നിൽക്കാൻ... (ക്ലാസിലുള്ളവർ ഇട്ടിട്ടുള്ളതിനേക്കാൾ കുറച്ചുകൂടി ഇറക്കത്തിലുള്ള മാല വേണമെന്ന് അമ്മയോട് പറയണം.....)

'അമ്മേ, എന്നാ എനിക്ക് പുതിയ തുണി എടുക്കണേ?" സ്കൂൾ വിട്ടു വന്നനേരം തയ്യൽ മെഷീന്റെ മുകളിൽ തുണിപ്പൊതിയൊന്നും കാണാഞ്ഞപ്പോൾ അമ്മയോട് ചോദിച്ചു.

"പുതിയ തുണിയോ!? എന്തിന്?!" അമ്മ അത്ഭുതം കൂറി.

"കറ്ത്ത പാവാടേം ജാക്കറ്റും തയ്പ്പിക്കാൻ".

"അതിന്റെയൊന്നും ഒരാവശ്യോല്ല. ഇപ്പോള്ള ഡ്രസൊക്കെ ഇട്ടാമതി. കറ്ത്ത ജാക്കറ്റ് ഒരെണ്ണോണ്ടല്ലോ"–അമ്മ.

"ശബരിമലയ്ക്ക് പോണോരൊക്കെ കറ്ത്ത ഡ്രസിട്ടോണ്ടല്ലേ മാലേടണത്...?"–ഞാൻ ചോദിച്ചു.

"അതൊക്കെ മീനും എറച്ചീം കൂട്ടി കണ്ണീക്കണ്ടോണം നടക്കണോർക്കാ. നമ്മളൊക്കെ ശുദ്ധോള്ളോരാ.... പോണേന്റെ തലേദൂസെങ്ങാനും മാലേട്ടാമതി" അമ്മ കട്ടായം പറഞ്ഞു.

ശരിക്കും സങ്കടം വന്നു. എന്തൊക്കെയാ അമ്മ ഈ പറയണത്? ഒന്നും മനസ്സിലാവണില്ല....ബാക്കീള്ളോരൊക്കെ കണ്ണീക്കണ്ടോണം നടക്കണോരാ? ക്ലാസിൽ ചെന്നിനി കുട്ടികളോടൊക്കെ എന്താ പറയാ?

"പാവം, അതിന്റെ ഒരാശയല്ലേ...എന്തെങ്കിലുമാവട്ടെ....ഒരെണ്ണം മേടിച്ചുകൊടുക്ക്..." ആന്റി സപ്പോർട്ടുമായെത്തി.

കറുപ്പിൽ വെളുത്ത പുള്ളിയുള്ള തുണിയാണ് അമ്മ വാങ്ങിയത്. പാവടയ്ക്കും ജാക്കറ്റിനും ഒരേ തുണി തന്നെ. തീരെ ഇഷ്ടായില്ല....മലയ്ക്ക് പോണോര് ഇങ്ങനെ പുള്ളിയുള്ളത് ഇടാറില്ല....

"പുള്ളിയുള്ളതാവുമ്പൊ മലയ്ക്ക് പോയി വന്നാലുമിടാം" അമ്മ ന്യായം പറഞ്ഞു.

"പോവുമ്പോഴൊന്നും ഇടണ്ട, അവിടെച്ചെന്ന് കുളികഴിഞ്ഞ് പടികേറാൻ നേരത്ത് മാത്രം ഇട്ടാൽ മതി". ഉപദേശം വേറെയും!

വിചാരിച്ചപോലെ തന്നെ, മാലയിടാത്തേനും കറുത്ത ഉടുപ്പിടാത്തേനുമൊക്കെ ക്ലാസിലെ കുട്ടികളുടെ കളിയാക്കൽ കണക്കിന് കിട്ടി. അതുമാത്രമല്ല, നേരാംവണ്ണം നൊയമ്പു നോൽക്കാതെയും മാലയിടാതെയുമൊക്കെ പോയാൽ പാപം കിട്ടുമത്രേ! സ്വാമിക്ക് ദേഷ്യം വന്നാൽ പതിനെട്ടാം പടിയിൽ നിന്ന് തള്ളിയിട്ടെന്നും വരും!

"ഹ..ഹ...അതൊന്നും മോള് കാര്യാക്കണ്ട. അവറ്റങ്ങൾക്ക് വല്ല വിവരോംണ്ടെങ്കിലല്ലേ....നമ്മളേയ്, നല്ലൊന്നാന്തരം അമ്പലവാസികളാ.....അമ്പലവാസികള്...!" കൊച്ചമ്മമ്മ പറഞ്ഞു.

ഹും! നന്നായിപ്പോയ്! ഇതൊക്കെ പറഞ്ഞാലുണ്ടോ അയ്യപ്പസ്വാമിക്ക് മനസ്സിലാവണൂ? സ്വാമി ആരാന്നാ ഇവരുടെയൊക്കെ വിചാരം? ഇവടത്തെ കൃഷ്ണനേപ്പോലെ ഒരു പാവാണെന്നാ? പതിനെട്ടാമ്പടീന്ന് വീണ് എന്റെ കയ്യുങ്കാലുമൊടിഞ്ഞാലേ ഇവരൊക്കെ പഠിക്കൂ...

അമ്മാവനാണ് മാല മേടിച്ചത്. പോണേന്റെ തലേദൂസം കാട്ടോലത്തെ ശാസ്താവിന്റെ മുമ്പിൽ നിന്നാ മാലേട്ടത്. "നല്ലോണം പ്രാർത്ഥിച്ചോണ്ട് മാലയിട്ടോളൂ" മാല പൂജിച്ചു തരുമ്പോൾ തിരുമേനി പറഞ്ഞു....

സ്വാമീ, എന്നെ പതിനെട്ടാമ്പടീന്ന് തള്ളിയിടല്ലേ....എന്റെ കയ്യുങ്കാലുമൊടിക്കല്ലേ.......

അന്നുച്ചയ്ക്കാണ് അച്ഛൻ വന്നത്. അച്ഛനെ കാണാൻ എന്താ ഒരു രസന്നറിയ്യോ?! താടീം മീശേമൊക്കെ വളർത്തി....കറ്ത്ത മുണ്ടുടുത്ത്.... തോളത്ത് കറ്ത്ത തോർത്തിട്ട്....നെറ്റീല് മുഴുവൻ ഭസ്മം കൊണ്ട് വരച്ച്....മാലയാണെങ്കിൽ മൂന്നു മടക്കുണ്ട്! ഷർട്ട് മാത്രം വെള്ള....

"ഹ...ഹ...രാജു തനി തെലുങ്കന്മാരുടെ മട്ടിലാണല്ലോ" അമ്മാവൻ അച്ഛനെ കളിയാക്കി.

കളിയാക്കിക്കോട്ടെ, അച്ഛന് എന്തായാലും സ്വാമീടെ അനുഗ്രഹം കിട്ടുമെന്ന് ഉറപ്പാണ്.....!

തൃശ്ശൂരെ വല്യച്ഛന്റെ കൂടെയാണ് ഞങ്ങള് പോകുന്നത്. വല്യച്ഛന് എല്ലാ കാര്യങ്ങളും കാണാപാഠമാണ്. ഒരു കാക്കത്തൊള്ളായിരം പ്രാവശ്യോങ്കിലും വല്യച്ഛൻ ശബരിമലയ്ക്ക് പോയിട്ടുണ്ട്!

തൃശൂരെ ഒരു അമ്പലത്തിൽ വച്ച് രാത്രിയാണ് കെട്ടുനെറ. വൈകീട്ടത്തെ ബസിന് തൃശ്ശൂർക്ക് പോണം. ഇറങ്ങാൻ നേരം എല്ലാർക്കും ദക്ഷിണ വച്ചു. ആദ്യായിട്ട് മലയ്ക്ക് പോവുമ്പോ മുത്തോർക്കൊക്കെ ദക്ഷിണ കൊടുക്കണോത്രേ. ബിനു മുഖം വീർപ്പിച്ച് ഒരു മൂലയ്ക്കിരുപ്പാണ്. അച്ഛൻ എന്നെ മാത്രം കൊണ്ടുപോണേന്റെ അസൂയയാണ് ചെക്കന്! അച്ഛന്റെ കത്തു വന്നതുമുതൽ അമ്മേടെ അടുത്ത് വാശിപിടിച്ചു നടപ്പാണവൻ. കാര്യം സാധിക്കാൻ എന്തെല്ലാം അടവുകളാണെന്നോ എടുത്തത്! ഒന്നും ആരുമത്ര കാര്യമാക്കിയില്ല. "നിനക്കിനിയും എത്ര വേണമെങ്കിലും പോകാല്ലോ" എന്നൊക്കെ എല്ലാരും സമാധാനിപ്പിച്ചു. അത്രതന്നെ. അവന്റെ മുമ്പീക്കൂടി ഗമയിലങ്ങനെ നടക്കാൻ നല്ല രസം! എപ്പഴും അവൻ തന്ന്യല്ലെ ജയിക്കാറ്. അവൻ തമ്മിൽത്തല്ലുണ്ടാക്ക്യാലും അമ്മ പറയും ' നിന്റെ അനിയനല്ലേ, കൊച്ചല്ലേ, പോട്ടേ.." എന്ന്! ഹും! കണ്ടു കൊതിക്കട്ടെ ചെക്കൻ!

ഞങ്ങൾ തൃശ്ശൂരെ ക്വാർട്ടേഴ്സിൽ എത്ത്യപ്പോഴേക്കും അച്ഛമ്മേം എത്തീണ്ടായിരുന്നു അവടെ. കെട്ടുനിറയ്ക്കുന്ന അമ്പലത്തിന് പാറമേക്കാവ് എന്നാത്രേ പേര്. അവിടെ ചെന്നപ്പോഴേക്കും ഉറക്കം തൂങ്ങീട്ട് വയ്യാണ്ടായി. കെട്ടുനിറയ്ക്ക് വേറെയും ഒരുപാട് ആൾക്കാരുണ്ട്. അവരും ഞങ്ങടെ ബസിലാ പോണത്. കെട്ടുനിറേടെ സ്ഥലത്ത് എന്താ ഒരു ഒച്ചേം ബഹളോം! തുണീല് അരിയിടലും, തേങ്ങേല് നെയ്യൊഴിക്കലുമൊക്കെ വല്യച്ഛൻ പറഞ്ഞുതന്നതുപോലെ ഞാനും ചെയ്തു. ഇതൊക്കെ അവസാനം കെട്ടാക്കി. എല്ലാർക്കും ഓരോ കെട്ട്. അത് തലേല് വയ്ക്കണ സമേത്ത് എല്ല്ലാരും ഒറക്കെ "സ്വാമിയേയ് ശരണമയ്യപ്പാ" എന്നു പറഞ്ഞു. എന്നോടും ഒറക്കെ ശരണം വിളിക്കാൻ അച്ഛൻ പറഞ്ഞു. ഞാൻ പതുക്കെയേ വിളിച്ചുള്ളു.ഒറക്കെ ചൊല്ലാൻ നാണാവില്ലേ....?എല്ലാരുടേം ബഹളത്തിനിടയിൽ അച്ഛനത് ശ്രദ്ധിച്ചില്ല. അല്ലെങ്കിൽ ചീത്ത പറഞ്ഞേനേ.....

കെട്ടുനെറച്ച് എല്ലാരും ബസിൽ കയറി. എനിക്ക് സൈഡ് സീറ്റ് തന്നെ തന്നു അച്ഛൻ. എന്തൊരു സുഖാന്നോ ഈ സീറ്റിലിരിക്കാൻ! സീറ്റിലേക്ക് ചാഞ്ഞതും ഒറങ്ങിപ്പോയി. അച്ഛൻ അടുത്തിരുന്ന് എന്തൊക്കെയോ ചോദിച്ചൂന്ന് തോന്നി.....

നേരം വെളിച്ചായപ്പോൾ ഒരു സ്ഥലത്ത് ബസ് നിറുത്തി. എല്ലാരും അവിടെ പല്ലുതേപ്പും കുളിയും കഴിച്ചു. ഒരു ചായക്കടേന്ന് ദോശ കഴിച്ചു. പിന്നെ പോണ വഴിക്ക് ഏതൊക്കെയോ അമ്പലങ്ങളിൽ തൊഴാനിറങ്ങി. എന്തൊരു വല്യ അമ്പലങ്ങളാന്നറിയോ?! നടന്നു നടന്ന് കാലു കഴച്ചു. ഇതൊക്കെ ഇത്രേം വല്യതാണെങ്കിൽ ശബരിമലേലെ അമ്പലം എന്തായിരിക്കും! അതിന്റെ മുമ്പിൽ ഈ അമ്പലങ്ങളൊക്കെ ഉറുമ്പിന്റത്രേണ്ടാവൂ...ഏറ്റുമാനൂർ എന്നൊരു അമ്പലത്തിന്റെ മുമ്പിലുള്ള വല്യ വെളക്കിൽ നിറച്ചും എണ്ണയും കരിമഷിയും. അതീന്നെടുത്ത് കണ്ണെഴുതിക്കോളാൻ വല്യച്ഛൻ പറഞ്ഞു. കണ്ണു തെളിയാൻ നല്ലതാത്രേ! കണ്ണെഴു

തിയതും കണ്ണീന്ന് കുടുകുടാ വെള്ളം ചാടാൻ തുടങ്ങി. പാവാടത്തുമ്പ്കൊണ്ട് കണ്ണൊന്നു തൊടച്ചപ്പഴാ ആശ്വാസായത്! എന്തിനാ അത് തൊടച്ച് കളഞ്ഞേന്ന് ചോദിച്ച് അച്ഛൻ ശാസിച്ചു. ശരിയാ...തൊടച്ചു കളഞ്ഞാല്പിന്നെങ്ങനെയാ കണ്ണു തെളിയുക...? ഒന്നുങ്കൂടി എടുത്ത് കണ്ണെഴുതിയാലോന്ന് ആലോചിച്ചപ്പോഴേക്കും അച്ഛനെന്റെ കൈ പിടിച്ച് ബസ്സിന്റെ നേർക്ക് നടന്നു കഴിഞ്ഞു...

എന്തിനാണാവോ ഇവിടെയൊക്കെ ചുറ്റിക്കറങ്ങി സമയം കളയണേ...ഒന്നു വേഗം ശബരിമലേല് എത്തിക്കിട്ട്യാ മതിയായിരുന്നു...

വൈകുന്നേരമായപ്പോൾ ഭയങ്കര തിരക്കുള്ള ഒരു സ്ഥലത്തെത്തി. ആൾക്കാരൊക്കെ അവിടെ റോഡിൽക്കൂടി ഡാൻസ് ചെയ്തോണ്ട് നടക്കുന്നു. ചിലരൊക്കെ മേല് ചായം പൂശീട്ടൂണ്ട്. "അയ്യപ്പ തിന്തകത്തോം സ്വാമി തിന്തകത്തോം" എന്നു പാടിക്കൊണ്ടാണ് ഡാൻസ് ചെയ്യണത്. ഇതിന് പേട്ട തുള്ളൽ എന്നാണ് പറയുന്നതെന്ന് അച്ഛൻ പറഞ്ഞു. സ്ഥലത്തിന്റെ പേര് കേട്ടപ്പോൾ ചിരിവന്നു. എരുമേലീന്ന്! ഇവിടത്തെ സ്വമീടെ പേര് വാവരെന്നാണ്. അയ്യപ്പസ്വമീടെ കൂട്ടുകാരനാണെന്ന് വല്യച്ഛൻ പറഞ്ഞുതന്നു.

നേരം സന്ധ്യയായപ്പോഴാണ് പമ്പ എന്ന പൊഴേടെ അടുത്ത് എത്തിയിയത്. ബസ് അവിടെ നിറുത്തീട്ടു. ഇനി പോവില്ല. എന്തുമാത്രം ബസ്സുകളാണെന്നോ അവിടെ! എല്ലാരും ഇറങ്ങി. അയ്യപ്പസ്വാമീടെ അമ്പലത്തിലേക്ക് ഇനി നടക്കാനുള്ള ദൂരേള്ളൂത്രേ. വല്യൊരു പാലത്തുമ്മേക്കൂടെ നടന്ന് അക്കരെയെത്തി. എല്ലാരും പൊഴേല് കുളിക്കാനെറങ്ങി. എന്തൊരു ഒഴുക്കാണ് പൊഴേല്! ഇത്തിരിയൊന്ന് ഇറങ്ങിയപ്പോഴേക്കും മറിഞ്ഞുവീഴാമ്പോയി. ഇനി ഇറങ്ങണ്ടാന്നും പറഞ്ഞ് അച്ഛൻ തന്നെ കുളിപ്പിച്ചു തന്നു. അച്ഛനും വല്യച്ഛനും മുങ്ങിക്കുളിക്കുന്നതുനോക്കിക്കൊണ്ട് ഞാൻ കരയിൽ നിന്ന് പുതിയ കറുത്ത പുള്ളിപ്പാവാടയും ജാക്കറ്റും ഇട്ടു. കുളി കഴിഞ്ഞ് ഇരുമുടിക്കെട്ടും തലയിൽ വച്ച് എല്ലാരും കൂടി നടക്കാൻ തുടങ്ങി.

നടക്കാന്നു പറഞ്ഞാൽ ചില്ലറ കാര്യൊന്നുല്ലാട്ടോ. മുഴുവൻ കേറ്റമാണ്! അപ്പടി ഒരുതരം ഉരുളൻ കല്ലുകളും! ഞാനിതേവരെ കേറീട്ട്ള്ള കേറ്റങ്ങളിൽ ഏറ്റോംവല്യത് സ്കൂളിലേക്ക് പോകും വഴിയുള്ള മാനാഞ്ചേരിക്കുന്ന് കേറ്റമാണ്. അതൊക്കെ എത്ര എളുപ്പായിരുന്നൂന്നാ ഇപ്പോ തോന്നണേ. അതു മാത്രല്ല, ഇപ്പോ എത്തും, ഇപ്പോ എത്തുംന്ന് വിചാരിച്ചിട്ട് എത്തണൂല്യ. "അമ്പലം എത്താറായോ അച്ഛാ" എന്നു ചോദിച്ചപ്പോ അച്ഛൻ



പറഞ്ഞത് "ദേ, ആ കാണുന്ന ലൈറ്റില്ലേ, അതാണ് അമ്പലം" ന്ന്. അവിടെയത്തിയപ്പോൾ പിന്നേം അച്ഛൻ പറയ്യാ, ഈ ലൈറ്റല്ല, ആ കാണുന്ന ലൈറ്റാണെന്ന്!. അച്ഛൻ പറ്റിക്ക്യാണെന്ന് പിന്നെപ്പിന്നെ മനസ്സിലായി. അതീപ്പിന്നെ ഒന്നും ചോദിക്കാനും പോയില്ല. ഇടയ്ക്കൊരു സ്ഥലത്തുനിന്ന് എല്ലാരും കട്ടൻകാപ്പിയും ഓറഞ്ചും വാങ്ങിച്ചു. ഹൗ! കാപ്പി കുടിക്കാനായി ഇത്തിരി നേരം അവിടത്തെ ബഞ്ചിന്മേല് ഇരുന്നപ്പോഴുള്ള ഒരു സുഖേയ്! ഓറഞ്ചല്ലി നുണഞ്ഞോണ്ട് നടന്നപ്പോ ഒരു ഉഷാറ് തോന്നി...

അങ്ങനെ അവസാനം ഒരുപാട് വെളിച്ചവും ബഹളവുമൊക്കെയുള്ള ഒരു സ്ഥലത്തെത്തി. ഇതാണത്രേ സന്നിധാനം. "എന്നിട്ടെവിടെ അമ്പലം?" എന്നു ചോദിച്ചപ്പോൾ അച്ഛൻ പറഞ്ഞത്, അമ്പലം നാളെയേ ശരിക്ക് കാണാൻപറ്റൂന്നാണ്. ഇപ്പോ എല്ലാരും കിടക്കാൻ പോവാണ്. നാളെ നേരത്തേ എണീറ്റ് ഭസ്മക്കൊളത്തിൽ കുളിച്ച് അമ്പലത്തിൽ പോണം...

തുണികൊണ്ടുള്ള വലിയൊരു കൂടാരത്തിലാണ് എല്ലാരും കിടക്കുന്നത്. കിടക്കാൻ പായയുണ്ട്. കിടക്കുന്നതിനുമുമ്പ് എവിടന്നാന്നറിയില്ല, എല്ലാർക്കുമോരോ ഭക്ഷണപ്പൊതി കിട്ടി. നല്ല വാസന! തുറന്നപ്പോഴോ, കടും മഞ്ഞനിറത്തിലുള്ള ഒരുതരം ചോറ്! ആദ്യായിട്ടാണ് ഇങ്ങനെയൊരു ചോറ് കാണുന്നത്. എന്തൊരു സ്വാദാണ്! കഴിച്ചിട്ട് മതിയായില്ല.....പെട്ടെന്ന് ബിനൂനെ ഓർമ്മ വന്നു. അവനേം കൂടി കൊണ്ടരാരുന്നു.....പാവം....

രാവിലെ 4 മണിക്കെണീറ്റ് പല്ലുതേപ്പും കഴിഞ്ഞ് കുളിക്കാൻ പോയി. ഭസ്മം കലക്കീട്ടുള്ള വല്ല കൊളവുമായിരിക്കും ഭസ്മക്കൊളംന്നാ വിചാരിച്ചത്. പക്ഷെ ഇത് നല്ല തെളിഞ്ഞ വെള്ളമുള്ള ഒരു കുഞ്ഞിക്കൊളമാണ്. കരോട്ടെ അമ്പലക്കുളം ഇതിലും വല്യതാണ്. വെള്ളത്തിനെന്തൊരു തണുപ്പാന്നറിയോ! ഹൗ! ഇറങ്ങിയതും ഞെട്ടിപ്പോയി!

കുളി കഴിഞ്ഞ് നേരെ അമ്പലത്തിലേക്ക് പോയി. എന്തൊരു തിരക്കും ബഹളവുമാണ് പതിനെട്ടാമ്പടിയുടെ മുമ്പിൽ! അച്ഛൻ എന്റെ കയ്യിൽ മുറുകെ പിടിച്ചിട്ടുള്ളത് നന്നായി. എങ്ങാനും കൂട്ടം തെറ്റിയാൽ കഥ കഴിഞ്ഞതുതന്നെ!

പടി കയറുന്നിടത്തേക്ക് തിരക്കിലൂടെ നടക്കുമ്പോൾ മോളിലേക്ക് ചൂണ്ടി അച്ഛനോട് ചോദിച്ചു:

"ആ കാണണതാ അമ്പലം?".

"അതേ"

"അയ്യേ, ഇദൊരു ചെറിയ അമ്പലാണല്ലൊ...."

"അങ്ങനെയൊന്നും പറയാൻ പാടില്ല. വേണ്ടാത്തതു പറയാതെ ഉറക്കെ ശരണം വിളിച്ചോളൂ" വല്യച്ഛൻ പറഞ്ഞു.

അച്ഛന്റെ മുഖത്തും ദേഷ്യഭാവം. അങ്ങനെ പറയണ്ടായിരുന്നു...സ്വാമിക്ക് ഇഷ്ടായിട്ട്ണ്ടാവില്ല. ആകെ കൊഴപ്പായി... എനിക്കെപ്പഴും ഇങ്ങനെയാണ്. ഒട്ടും ആലോചിക്കാതെ ഓരോന്ന് എഴുന്നള്ളിക്കും. വേണ്ടായിരുന്നൂണ് പിന്നെ തോന്നീട്ടെന്താ കാര്യം? അനിച്ചേട്ടൻ "ബോധോല്ലാത്ത സാനം"ന്ന് വിളിക്കണത് വെറുതെയല്ല....

പതിനെട്ടാമ്പടി കേറാൻ തൊടങ്ങുമ്പോൾ പേടിച്ചിട്ട് മേലാകെ വിറയ്ക്കാൻ തുടങ്ങി. കേറണേന് മുമ്പ് പടീല് തേങ്ങ ഒടയ്ക്കണം. എല്ലാരും ഒടച്ചത് കൃത്യായിട്ടും രണ്ടായി ഒടഞ്ഞു. എന്റെ തേങ്ങ മാത്രം ഒട്ടും ഒടയാതെ താഴേക്ക് ഉരുണ്ടുപോയി! ദേ, പിന്നേം അടുത്ത കൊഴപ്പം! ഒറക്കെ ശരണം വിളിക്ക്യന്നേ രക്ഷേള്ളു. സ്വാമിക്ക് ദയവ് തോന്ന്യാലായി. പിന്നെ ഒന്നും നോക്കീല്ല. എല്ലാരോടുമൊപ്പം ഉറക്കെ ശരണം വിളിച്ചോണ്ട് പടി കേറാൻ തൊടങ്ങി.. എന്തൊരു വഴുക്കലാണ് പടിയിലൊക്കെ. അച്ഛന്റെ കയ്യിൽ മുറുകെ പിടിച്ചു. അയ്യപ്പസ്വാമി ഇപ്പോ തള്ളിയിടും, ഇപ്പോ തള്ളിയിടുംന്ന് ഓരോ പടി കേറുമ്പോഴും പേടിച്ചു. ഭാഗ്യംന്നല്ലേ പറയേണ്ടൂ, ഒരു കൊഴപ്പോല്യാതെ മുകളിലെത്തി. ഹാവൂ, രക്ഷപ്പെട്ടു! സ്വാമിക്കെന്നോട് ദേഷ്യോന്നൂല്ലെന്ന് ഒറപ്പായി! അനുഗ്രഹം കിട്ട്വോന്ന് കണ്ടറിയണം!

അമ്പലത്തിന്റെ നടയ്ക്കലെത്തിയപ്പോൾ അച്ഛനെന്നെ എടുത്തു പൊക്കി. അതോണ്ടും കാര്യോന്നുണ്ടായില്ല. ഒന്നും കാണാൻ പറ്റീല്ല...ആകെയൊരു പൊക പോലെ...അയ്യപ്പസ്വാമിയെ നേരിൽ കാണാൻ എങ്ങിനെയുണ്ടാവോ..കലണ്ടറിൽ കാണണപോലെ ആയിരുന്നോ ആവോ...

"ശരിക്ക് തൊഴുത് പ്രാർത്ഥിച്ചില്ലേ?" വല്യച്ഛൻ ചോദിച്ചു.

ഉവ്വെന്നു മറുപടി പറഞ്ഞു. വെറുതെയിനി അതു പ്രശ്നമാക്കണ്ട..

തിരക്കിലൂടെ ഞെരുങ്ങി പുറത്തേക്ക് പോരുമ്പോൾ വല്യച്ഛന്റെ കാലിലെന്തോ തടഞ്ഞു. എടുത്തു നോക്കുമ്പോൾ ഒരു പേഴ്സ്! ഒരു ഭാഗത്തേക്ക് മാറിനിന്ന് വല്യച്ഛനത് തുറന്നുനോക്കിയപ്പോൾ അതില് നെറച്ചും കാശും കൊറേ കടലാസുകളും! ഇത്രേം കാശ് ഞാൻ ആദ്യായിട്ടാ കാണണേ! (രാമമ്മാവന്റെ പേഴ്സിലു പോലും ഇത്രേം കാശ്ണ്ടാവില്ല!). അച്ഛനും വല്യച്ഛനും കൂടി എന്തോ കുശുകുത്തു. എന്നിട്ട് മൈക്കൊക്കെയായി കൊറേ ആൾക്കാർ ഇരിക്കുന്ന ഒരു പന്തലിൽ ചെന്ന് എന്തോ പറഞ്ഞു. കുറേ നേരം കഴിഞ്ഞപ്പോൾ പേഴ്സിന്റെ ആള് ദാ മുന്നില്! അയാള് പേഴ്സ് തിരിച്ചുകിട്ടിയ സന്തോഷത്തിൽ വല്യച്ഛന്റേം അച്ഛന്റേം കൈയ്യുമ്മേ പിടിച്ച് എന്തൊക്കെയോ പറയുകയും പിന്നെ കരയുകയുമൊക്കെ ചെയ്തു. പിന്നെ എനിക്ക് കുറച്ച് കാശ് നീട്ടി. അച്ഛനത് മേടിക്കാൻ സമ്മതിച്ചില്ല....


"മനസ്സ് നിറഞ്ഞു. നമുക്കൊന്നുകൂടി പോയി തൊഴുതിട്ടുവരാം" വല്യച്ഛൻ പറഞ്ഞു.

അങ്ങനെ പിന്നേം ഞങ്ങൾ അമ്പലത്തിലേക്ക് പോയി. തിരിച്ചു പോരുന്ന വഴി ഞാൻ ചുറ്റുമൊന്ന് നോക്കി...ഇത്ര ഗംഭീര അമ്പലാന്നൊക്കെ പറഞ്ഞിട്ട് ഒരു പെട്ടിക്കടക്കാരൻ പോലുമില്ല! അച്ഛനോട് പറഞ്ഞ് രണ്ടു സെറ്റ് സ്പ്രിങ് വള മേടിക്കണമെന്ന് വിചാരിച്ചതായിരുന്നു. ശ്ശോ, കഷ്ടായി....സത്യം പറയാലോ, ശബരിമലാന്നൊക്കെ പറഞ്ഞാൽ ഞാനിങ്ങനെയൊന്നല്ല വിചാരിച്ചത്.....ഭാഗ്യത്തിന് ഒരു മോതിരക്കാരനെ കണ്ടു. അയ്യപ്പസ്വാമീടെ രൂപമുള്ള ഒരു മോതിരം എനിക്കും ഒരെണ്ണം ബിനൂനും വാങ്ങി.

വേറൊരു രസോള്ളത് ഒരാള് മൈക്കിക്കൂടെ സദാ സമയോം ഇത്ര വല്യ വെടി; ഇത്ര ചെറിയ വെടി എന്നിങ്ങനെ വിളിച്ചുപറയണതാണ്. വായ കഴയ്ക്കില്ലേ ആവോ...രണ്ടു വല്യ വെടീന്ന് പറഞ്ഞാൽ രണ്ടു പ്രാവശ്യം വല്യ വെടി പൊട്ടും. ചെറിയ വെടീന്ന് പറഞ്ഞാലുടനെ ചെറിയ വെടി പൊട്ടും. നല്ല രസം തന്നെ. എന്തിനാ അങ്ങനെ പറയണേന്ന് ചോദിച്ചപ്പോ അച്ഛൻ പറഞ്ഞത് അത്

മിനി നർമ്മകഥ

# പേരിലെന്തുള്ളൂ (പേരിലെല്ലാമുണ്ട്)



മോഹൻദാസ് ശ്രീതിലകം

**ഒ**രാൾ ഒരു ജ്വല്ലറി തുടങ്ങി. ആധുനികരീതിയിൽ നാടാകെ ശാഖകളുള്ള ഫൈവ് സ്റ്റാർ മോഡൽ ജ്വല്ലറിയൊന്നുമല്ല കേട്ടോ. സാധാരണക്കാരെയും സാമ്പത്തികമായി താഴേക്കിടയിലുള്ളവരേയും ഉദ്ദേശിച്ചുള്ള ഒരു ചെറിയ സ്വർണ്ണക്കട. ജ്വല്ലറികൾക്കിടയിലെ തട്ടുകട എന്നു വേണമെങ്കിൽ പറയാം. അവിടെ ആനയ്ക്ക് നെറ്റിപ്പട്ടം കെട്ടിയതുപോലുള്ള, പത്തും പതിനഞ്ചും പവൻ തൂക്കം വരുന്ന ആഭരണങ്ങളൊന്നും ലഭിക്കുകയില്ല. ചോറൂണ്, പേരിടൽ, നൂലുകെട്ട്, കാതുകുത്ത് തുടങ്ങി ചെറിയ ആഘോഷങ്ങൾക്കുള്ള ഒന്നോ രണ്ടോ പരമാവധി മൂന്നു പവനിൽ കൂടുതൽ തൂക്കം വരാത്ത ആഭരണങ്ങളേ ലഭിക്കുകയുള്ളൂ.

കടയുടെ പണി പൂർത്തിയായി ഷോക്കേസുകളിൽ ആഭരണങ്ങളും നിറച്ചു. ഉദ്ഘാടനദിവസം വന്നെത്തിയെങ്കിലും കടയ്ക്കു അനുയോജ്യമായ ഒരു പേര് കണ്ടെത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. സ്വന്തം പേരും വീട്ടുപേരുമൊന്നും കടയ്ക്കു നൽകാൻ അദ്ദേഹത്തിനു താല്പര്യമില്ല.

ഏതായാലും കട തുടങ്ങാം. പുറമെ നിന്നു നോക്കിയാൽ ജ്വല്ലറിയാണെന്നു മനസ്സിലാക്കാൻ പേര് ഒരു വിഷയമല്ലല്ലോ. എങ്കിലും ഒരു സ്ഥാപനമാകുമ്പോൾ അതിനൊരു പേരും മേൽവിലാസവും അത്യാവശ്യമാണല്ലോ. ഉചിതമായ പേര് കിട്ടുമ്പോൾ ഇടാമെന്നുള്ള ധാരണയിൽ കച്ചവടം തുടങ്ങി.

ഒരു ദിവസം ഒരാൾ കടയിൽ വന്നു ചോദിച്ചു. “നാഗപടത്താലിയുണ്ടോ?”

കടയുടമ: “അതില്ല.”

“പാലയ്ക്കാമോതിരം?”

“അതുല്ല്യ.”

വന്നയാൾ പോയി.

കടയുടമയുടെ തലയിൽ ബൾബു മിന്നി.

“അതുല്ല്യ ജ്വല്ലേഴ്സ്”

കച്ചവടമൊന്നും നടന്നില്ലെങ്കിലും കടയ്ക്കു നല്ലൊരു പേരു കിട്ടി. ●

---

ഓരോരുത്തരുടേയും വെടിവഴിപാടിന്റെ എണ്ണമാണെന്നാണ്.

“അപ്പോ നമ്മള് വെടിവഴിപാട് കഴിക്കണില്ലേ?”

“ഉം.. നമ്മളും ശീട്ടാക്കീട്ട്ണ്ട്” അച്ഛൻ പറഞ്ഞു.

ആ പൊട്ടണതില് ഏതാണാവോ ഞങ്ങടെ....

മാളികപ്പുറംന്ന് പേരുള്ള ഒരു കുഞ്ഞി അമ്പലം വേറേണ്ട്. മഞ്ഞപ്പൊടീടെ അഞ്ചുകളിയാണവിടെ! ആകെ മഞ്ഞനെറം! അവടത്തെ പ്രദക്ഷിണത്തിനൂണ്ടൊരു രസം. തേങ്ങയുരുട്ടിക്കൊണ്ടാ അവിടെ പ്രദക്ഷിണം വയ്ക്കുക!

അരവണയും അപ്പവുമൊക്കെ വാങ്ങണേന്റെടേല് അച്ഛൻ പുതിയൊരു കീർത്തനപുസ്തകം വാങ്ങിത്തന്നു. അതിലെ ആദ്യത്തെ പേജിലെ വരികൾ വായിച്ചുനോക്കി:

“ഒരേയൊരു ലക്ഷ്യം ശബരിമാമല
ഒരേയൊരു മോഹം ദിവ്യദർശനം
ഒരേയൊരു  മാർഗ്ഗം പതിനെട്ടാം പടി
ഒരേയൊരു മന്ത്രം ശരണമയ്യപ്പാ”

വായിക്കാൻ നല്ല രസോണ്ട്. ഇനി മുതൽ സന്ധ്യയ്ക്ക് നാമം ചൊല്ലുമ്പോൾ ഇതു ചൊല്ലാം. “നരനായിങ്ങനെ”യും, “കരിമുകിൽ വർണ്ണന്റെ”യും ’ അഞ്ജനശ്രീധര”യുമൊക്കെ ചൊല്ലി മടുത്തു!

തിരിച്ചെറങ്ങുമ്പോളാ കണ്ടത്, വഴിനീളെ നല്ല ഭംഗീള്ള വെള്ളാരങ്കല്ലുകള്! നല്ലതു നോക്കി കുറച്ചു പെറുക്കിയെടുത്ത് സഞ്ചീലിട്ടു. ആശാത്തീടോടെ പോവുമ്പോ കല്ലുകളിക്കാനെടുക്കാം. ഇത്രേം ഭംഗീള്ള കല്ല് ആശാത്തി പോലും കണ്ടിട്ടുണ്ടാവില്ല...ശബരിമലേന്ന് കൊണ്ടന്നതാന്ന് ഗമ പറയാല്ലോ.... ●



ഓർമ്മക്കുറിപ്പ്

# മഴയോർമ്മകൾ

മുകുന്ദൻ എം.പി., പാലക്കാട്

**ഞാ**റ്റുവേലകളെക്കുറിച്ച് വീട്ടിൽ നിന്നും പറഞ്ഞു കേട്ടിട്ടുണ്ട്. മകയിരം, തിരുവാതിര, പുണർതം എന്നീ മൂന്നു ഞാറ്റുവേലകളിലാണത്രെ ഏറ്റവും മഴ പെയ്യുക. മകയിരത്തിൽ മതിമറന്നും തിരുവാതിരയിൽ മുറിയാതെയും, പുണർതത്തിൽ പുഴപോലെയും മഴ ശൗര്യം കാണിക്കുക പതിവായിരുന്നു. തോടും പാടവും ഒരുപോലെ മൂടി പുഴപോലെയാവും. ശീലക്കുട വിരളമെന്നുപറയാൻ വയ്യ, പക്ഷെ സുലഭമായിരുന്നില്ല. പണിക്കാരൊക്കെ ഭൂരിഭാഗം പേരും തൊപ്പിക്കുടയായിരുന്നു ഉപയോഗിച്ചിരുന്നത്. ഒരു കണക്കിൽ സൗകര്യവുമായിരുന്നു. ഞാറുനടുന്ന പാടത്തു പണിക്കാർ കുണ്ടൻ കുടയായിരുന്നു ഉപയോഗിച്ചിരുന്നത്. ഓലക്കുട ധാരാളമായി വലുതും ചെറുതും ലഭിച്ചിരുന്നു. അവയുണ്ടാക്കുന്ന സമുദായക്കാർ ഓണത്തിനും വിഷുവിനും വീടുകളിൽ വരും. അവർക്ക് അതിന് അവകാശവും ഉണ്ടായിരുന്നു. നെല്ല്, തുണി, എണ്ണ, അരി, ചെറിയതോതിൽ കാശും.

പൂളക്കിഴങ്ങാണ് സർവ്വസാധാരണമായ മഴക്കാല സുലഭ ഭക്ഷണം, ഒരുപരിധഇവരെ. കട്ടൻ കാപ്പിയിലും മറ്റും ശർക്കരപ്പൊടിയിട്ടാണ് കുടിച്ചിരുന്നത്. അരിയും മത്തൻ വിത്തും കൂടി വറുത്ത് കാപ്പിയിലിട്ട് കഴിക്കുക ഒരു പ്രത്യേക രുചിക്കായിട്ടാണ്. കൃഷിയിടങ്ങളിൽ തകൃതിയായി കന്നുപൂട്ടൽ, നടീൽ, വളം ചേർക്കൽ എന്നിങ്ങനെ പണിയൊരുഭാഗത്ത്.

കർക്കിടകസംക്രാന്തിക്ക് ഒരുക്കങ്ങൾ വേറെ. ദശപുഷ്പങ്ങൾകൊണ്ട് ഒരു വലിയ മൺ ഉരുളയുണ്ടാക്കി അതിലൊരു പച്ചമഞ്ഞൾച്ചെടി കുത്തിനിർത്തി പുരയുടെ മുകളിൽ ഇടും. തൊഴുത്തിലും പടിപ്പുരയിലുമൊക്കെയും ഇടാറുണ്ട്. ചേട്ടാഭഗവതിയെ തുരത്തുകയും പതിവാണ്. ശ്രീഭഗവതിവെക്കൽ, പത്തിലക്കറിവെക്കൽ, കയ്യിൽ മൈലാഞ്ചി ഇടൽ, തവിട്ടപ്പം ഉണ്ടാക്കൽ, ദശപുഷ്പം അരച്ച് കയ്യിലിടൽ ഇവയും കണ്ടുവന്നിരുന്നു. കൃഷിയുള്ളവരും കന്നുകാലികളുള്ളവരും അവരുടെ മൃഗങ്ങൾക്ക് ഔഷധസേവപതിവുണ്ട്. പോത്തുകൾക്ക് മുക്കുടിയിൽ അല്പം ഇറച്ചി ചേർത്ത് ഇളക്കി വേവിച്ചുകൊടുക്കും. ക്ഷീണം തട്ടാതിരിക്കാനും പുഷ്ടിയുണ്ടാവാനും വേണ്ടിയാണത്രെ.

മഴയത്തു നനഞ്ഞുവന്നാൽ തോർത്തിയ ശേഷം രാസ്നാദിചൂർണ്ണം തിരുമ്മുകയോ, നിറുകയിൽ ഭസ്മം ഇടുകയോ ചെയ്യും. ജലദോഷത്തിന് ഒരു കുരുമുളകുചാർ കൂട്ടി ഊണ്. കർക്കിടകത്തിലെ തിരവോണം വന്നാൽ പൂക്കളം ഇട്ടുതുടങ്ങും. അത് ചിങ്ങത്തിലെ അത്തം വരെ. പിന്നീടങ്ങോട്ട് ആഘോഷങ്ങളെ എതിരേൽക്കൽ.... അങ്ങനെ കനത്ത മഴക്കൊരു പരിസമാപ്തിയായാൽ... ഓർമ്മകളങ്ങിനെത്തന്നെ നിൽക്കട്ടെ! ●

# വിവാഹ മംഗളാശംസകൾ





## ദർശൻ ❤ അമൃത

തൃശൂർ ചെമ്പൂക്കാവ് ജ്യോതിസ്സിൽ ശ്രീമതി ജ്യോതി ലക്ഷ്മിയുടെയും പരേതനായ ബാബു നാരായണന്റെയും മകൻ **ദർശനും** ബാംഗളൂരു അക്ഷയനഗർ ഫസ്റ്റ് ബ്ലോക്ക്, 11th ക്രോസ്സ്, 37, ഗോകുലത്തിൽ ശ്രീമതി ശോഭ മോളുടെയും ശ്രീ. കെ.പി. ജയരാജന്റെയും മകൾ **അമൃതയും** തമ്മിലുള്ള വിവാഹം 2025 സെപ്റ്റംബർ 6 ശനിയാഴ്ച്ച പരമ്പരാഗത രീതിയിൽ ആറാട്ടുപുഴ നീലാംബരി എക്കോ ടൂറിസം ഹാളിൽ വെച്ച് വൈകീട്ട് 6.15നും 6.45നും ഇടയിൽ ഉള്ള ശുഭമുഹൂർത്തത്തിൽ സമംഗളം നടന്നു.

*ആശംസകളോടെ...... ശ്രവണ, അശ്വതി രാംമോഹൻ, ആര്യ*

# വിവാഹമംഗളാശംസകൾ



## പ്രവീൺ ❤ ആതിര

പല്ലാവൂർ പിഷാരത്ത് ശ്രീ. ശശിധരന്റെയും, പെരുവെമ്പ് കാവിൽവാര്യത്തു ശ്രീമതി സരസ്വതിയുടെയും മകൻ **പ്രവീണും** എരനെല്ലൂർ പിഷാരത്ത് ശ്രീ. മധുസൂദനന്റെയും, തൃത്താമര പിഷാരത്ത് ശ്രീമതി സിന്ധുവിന്റെയും മകൾ **ആതിരയും** തമ്മിലുള്ള വിവാഹം 24/08/2025 നു കേച്ചേരി La Maria Castle ഹാളിൽ വെച്ചു സമംഗളം നടന്നു.

# വിവാഹമംഗളാശംസകൾ





## ഗിരിഷ് ❤ അശ്വതി

പെരുവനം തെക്കേപിഷാരത്ത് ശ്രീ. കൃഷ്ണകുമാറിന്റെയും ആറേശ്വരം പിഷാരത്ത് ശ്രീമതി അംബിക കൃഷ്ണകുമാറിന്റെയും മകൾ **അശ്വതിയും** മുടവന്നൂർ പിഷാരത്ത് ശ്രീ. രവീന്ദ്രന്റെയും വല്ലപ്പുഴ മേലീട്ടിൽ പിഷാരത്ത് ശ്രീമതി ഗായത്രി ദേവിയുടെയും മകൻ **ഗിരിഷും** തമ്മിലുള്ള വിവാഹം 2025 ഓഗസ്റ്റ് 31 ഞായറാഴ്ച്ച രാവിലെ 9നും നും 9.30നും ഇടയിലുള്ള ശുഭ മുഹൂർത്തത്തിൽ പെരുവനം മഹാദേവ ക്ഷേത്രത്തിൽ വെച്ച് താലികെട്ടും തുടർച്ചടങ്ങുകൾ ചേർപ്പ് മുത്തുള്ളിയാൽ സാം പാലസ് ഓഡിറ്റോറിയത്തിൽ വെച്ചും സമംഗളം നടന്നു.

# 80-ാം പിറന്നാൾ ആശംസകൾ

(20.10.2025)

## കുണ്ടൂർ പിഷാരത്ത്
## എ. ആർ. കുട്ടി പിഷാരോടി



ആശംസകളോടെ....

ഭാര്യ : കനകം

മകൾ : രശ്മി

സഹോദരീസഹോദരങ്ങൾ

& ബന്ധുമിത്രാദികൾ.



# സ്മരണാഞ്ജലികൾ

## 6 – ാം ചരമവാർഷികം

(15.10.2025)

## സി.കെ. രാധ പിഷാരസ്യാർ

ചെങ്ങാനിക്കാട്ട് പിഷാരം

W/o. Late ബി.പി. ഗോവിന്ദപിഷാരോടി

(ഭീമനാട് പിഷാരം)

ദുഃഖപൂർവ്വം....

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

കഥ

# പരോപകാരാർത്ഥ മിദം ശരീരം



**കെ.പി. മോഹനൻ, വരന്തരപ്പിള്ളി**
**ഫോൺ: 9495575726**

**അ**യൽ സംസ്ഥാനത്തെ, സ്വകാര്യ, കമ്പനിയിലെ ജോലി നിർത്തി നാട്ടിലെത്തുമ്പോൾ അയാൾക്ക് വിശ്രമജീവിതം ആഘോഷിക്കുവാൻ കഴിയുമായിരുന്നില്ല. കാരണം, അയാളുടെ ഭാര്യ അസുഖമായി കിടപ്പിലായിരുന്നു. ഭാര്യ ശാരദയുടെ തറവാട് വീട്ടിലാണ് താമസിച്ചിരുന്നത്. ശാരദയുടെ അമ്മ മരിച്ചതിൽപ്പിന്നെ അവിടെത്തന്നെ മകൾക്കൊപ്പം താമസിച്ചു വരികയാണ്. മറ്റൊരു മകൾ ഭർത്താവുമൊന്നിച്ചു മുംബയിൽ താമസിക്കുന്നു. കൂടെയുള്ള മകൾക്കും അവളുടെ ഭർത്താവിനും ജോലിയുള്ളതിനാൽ, പകൽ സമയത്തു വീട്ടിൽ മറ്റുള്ളവർ ആരും ഉണ്ടാകാറില്ല. അതുകൊണ്ടു ഭാര്യയെ നോക്കുന്നത് പൂർണ്ണമായും അയാളാണ്. ഇതിനിടയിൽ വീട് പണികൾ കൂടി ചെയ്യേണ്ടതുള്ളതുകൊണ്ടു വിശ്രമവും കുറവായി. പ്രായം എഴുപത് കടന്നെങ്കിലും, അത് അയാളുടെ ഊർജ്ജസ്വലതയെ തെല്ലും ബാധിച്ചിരുന്നില്ല. വണ്ണം കുറഞ്ഞ പ്രകൃതമായതിനാൽ എല്ലാം അനായസേന ചെയ്യുവാനും സാധിക്കും. ജോലിസ്ഥലത്തെ, വാടക റൂമിൽ ഒറ്റയ്ക്ക് എല്ലാം ചെയ്തു ശീലിച്ചതിനാൽ, ആദ്യമൊക്കെ ലീവെടുത്തു നാട്ടിൽ വരുമ്പോൾ, അയാൾ വീട്ടുപണികൾ ഏറ്റെടുത്തു ചെയ്യുന്നത് വീട്ടുകാർക്ക് അല്പം സഹായവുമായിരുന്നു. വീടൊക്കെ അടിച്ചു വാരി വൃത്തിയാക്കി, നിലമെല്ലാം തുടച്ചിടുമായിരുന്നു. അടുക്കളയിലും സ്വന്തം അപ്രമാദിത്തം തെളിയിച്ചു എല്ലാവരെയും സന്തോഷിപ്പിച്ചു. ഒരു തരത്തിൽ പറഞ്ഞാൽ അയാൾക്ക് വെറുതെയിരിക്കുവാനും ഇഷ്ടമല്ല. അയാൾ ഓരോന്നും ചെയ്യുന്നതുകൊണ്ട് വീട്ടുകാര്യങ്ങളിലും അയാളുടെ മകൾ ശ്രദ്ധിക്കാതെയായി. ആരെങ്കിലും ഉത്തരവാദിത്തം ഏറ്റെടുത്തു തുടങ്ങിയാൽ പിന്നെ എല്ലാം അവരുടെ തലയിൽ വന്നു ചേരും.

“അച്ഛാ..., ഞങ്ങളൊന്നു പുറത്തുപോയിട്ട് വരാം... ഒരു സിനിമ കാണണം. ഭക്ഷണം കഴിച്ചിട്ടേ വരൂ... ട്ടോ’ എന്ന് പറഞ്ഞു വൈകുന്നേരം മകൾ, ഭർത്താവും കുട്ടിയും കൂടി പുറത്തുപോയി. കുട്ടിയുടെ സന്തോഷം കരുതിയാണ് പുറത്തുപോകുന്നതെന്നാണ് വെപ്പ്. കുട്ടികളുടെ സുഖത്തിനു മാതാപിതാക്കൾ പ്രാധാന്യം കൊടുക്കണം. അയാളും തന്റെ കുട്ടികളുടെ സുഖത്തിനു മുൻഗണന കൊടുത്തു. “ങ്ങാ... പോയി വാ...” തന്റെ അനുവാദം ഇല്ലെങ്കിലും അവർ പോയേക്കാം എന്നുള്ളതുകൊണ്ട് അയാൾ അനുവാദം കൊടുത്തു. അതല്ലെങ്കിലും ഒരു പ്രായം കഴിഞ്ഞാൽ മക്കളെ അവരുടെ ലോകത്തു ജീവിക്കുവാൻ അനുവദിയ്ക്കേണ്ടത് തന്നെ. സന്ധ്യ ആകാറായി. അധികം പൊടിയൊന്നുമില്ലെങ്കിലും, വീടാകെ അടിച്ചു വൃത്തിയാക്കി.

അല്പം വെള്ളം ചൂടാക്കി ഭാര്യയെ, മേലാസകലം, തോർത്ത് കൊണ്ട് മുക്കി തുടച്ചു. ഭാര്യ ശാരദയുടെ കിടക്കവിരി മാറ്റി പുതിയത് വിരിച്ചു. പിന്നീട് കൈകാലുകൾ ശുദ്ധിയാക്കി നിലവിളക്ക് കൊളുത്തിയശേഷം ഉമ്മറത്തെ തൂക്കു വിളക്കും തിരിയിട്ട് കത്തിച്ചു. ഇതെല്ലാം ശാരദ ചെയ്തിരുന്നു. ഇപ്പോൾ കിടപ്പിലായപ്പോൾ അതിനു മുടക്കവും വരരുതല്ലോ.

ഭാര്യ അല്പം മയക്കത്തിലായപ്പോൾ അയാൾ പുറത്തുവന്നിരുന്നു. ചെറിയതോതിൽ മഴ പെയ്യുവാൻ ആരംഭിച്ചിരുന്നു. മഴയുടെ അടന്ത താളത്തിൽ ലയിച്ചുചേർന്ന് അയാൾ ചിന്തകളിലേക്ക് മലക്കം മറിഞ്ഞു. അയാളുടെ ജീവിതത്തിലെ ആസ്വാദന കാലഘട്ടം ക്രമേണ ഓർമ്മകളിൽ കുളിരുകോരിയിട്ടു. കല്യാണം കഴിഞ്ഞു ഭാര്യയെ കൂട്ടി ജോലി സ്ഥലത്തിനടുത്തു വാടകക്ക് താമസിച്ച ആ നാലഞ്ച് കൊല്ലകാലം. തഞ്ചാവൂരും തിരിച്ചെന്തൂരും പോണ്ടിച്ചേരിയിലുമെല്ലാം സമയം കിട്ടുമ്പോഴൊക്കെ രണ്ടുപേരും കൂടി സന്ദർശിച്ചിരുന്നു. കുട്ടികളായപ്പോൾ അവരെയും കൂട്ടിയായിരുന്നു യാത്ര. ഓരോന്നും ആസ്വദിച്ചു നടന്ന ആ കാലത്തു ഭാര്യയുടെ അമ്മ അസുഖം മൂലം കിടപ്പിലായപ്പോൾ, ശാരദയെ, അമ്മയെ ശുശ്രൂഷിക്കുവാൻ,

വീട്ടിൽ കൊണ്ട് ചെന്നാക്കേണ്ടിയും വന്നു നിർഭാഗ്യവശാൽ, പിന്നീട് തിരിച്ചു കൊണ്ട് പോകാനും കഴിഞ്ഞില്ല. ഭാര്യമാതാവിന് അല്പകാലം കിടപ്പിൽ കഴിയേണ്ടി വന്നപ്പോൾ അതിനു തരമായിരുന്നില്ല. അതിനുശേഷം, കുട്ടികളെ സ്കൂളിൽ ചേർത്തപ്പോൾ, ശാരദ നാട്ടിലും അയാൾ അന്യ നാട്ടിലുമായി മാറി. കിട്ടുന്ന വരുമാനം കൊണ്ട് തൃപ്തിപ്പെട്ടു ജീവിതം കൊണ്ടുപോയപ്പോൾ ആർഭാടങ്ങൾക്ക് സ്ഥാനവുമില്ലാതെയായി. നാട്ടിൽ ഇടയ്ക്ക് വന്നുപോകുന്നതൊഴിച്ചാൽ വീടുമായി ബന്ധമൊന്നുമില്ലെന്നു പറയേണ്ടിവരും. സ്വന്തം മോഹങ്ങളെ മനസ്സിലെ ഏതോ കോണിലെ ഇരുട്ട്മുറിയിൽ പൂട്ടിയിട്ടു ജീവിതത്തെ നേരിട്ടു. ഇതൊക്കെത്തന്നെയാകും ജീവിതം. ഒരുപക്ഷെ ചിലർക്കെല്ലാം ജീവിതം അങ്ങനെയായിരിക്കും. ഇണങ്ങി വരുമ്പോഴേക്കും പിണങ്ങി മാറുന്ന സ്വഭാവം. സ്വന്തം ദീർഘനിശ്വാസങ്ങളിൽ അയാൾ മോഹങ്ങളെ ശാസിച്ചു നിർത്തി.

പെട്ടന്ന് അകത്തുനിന്ന് എന്തോ ഒച്ച കേട്ടപ്പോൾ അയാൾ എഴുന്നേറ്റു ചെന്ന് നോക്കി. ഭാര്യ ഉണർന്ന് അയാളെ അന്വേഷിക്കുകയാണ്. ഭാര്യക്ക് ഓട്സ് തയ്യാറാക്കി വെച്ചത് കൊടുത്തു, വൈകീട്ട് കഴിക്കുവാനുള്ള ഗുളികകളും കൊടുത്തു കഴിഞ്ഞു അയാളും അല്പം ഭക്ഷണം കഴിച്ചു. അടുക്കളപ്പണികഴിഞ്ഞു പുറത്തു വന്നപ്പോൾ മണി പത്തു ആയി. ഏതോ സിനിമ കണ്ടു കഴിഞ്ഞു മകളും ഭർത്താവും കുട്ടിയും ഭക്ഷണവും കഴിഞ്ഞു അപ്പോഴാണ് തിരിച്ചെത്തിയത്. വന്നപാടെ അവർ അവരുടെ മുറിയിലേക്കു പോകുകയും ചെയ്തു. ഉമ്മറവാതിൽ ഭദ്രമായി അടച്ചു അയാൾ ഉറങ്ങാൻ കിടന്നു. കിടന്നപാടെ കൂർക്കം വലിച്ചു ഉറങ്ങുവാനും തുടങ്ങി. ഉറക്കത്തിനിടയിൽ ശാരദ വിളിയ്ക്കുന്നതുകേട്ട്, തൊട്ടടുത്ത കട്ടിലിൽ കിടന്നിരുന്ന അയാൾ എഴുന്നേറ്റ് ചെന്നു. ശാരദ അയാളുടെ കയ്യിൽ പിടിച്ചു. 'ഉറക്കം വരുന്നില്ല... ചേട്ടൻ ഉറങ്ങുന്നപോലെ ഒന്ന് ഉറങ്ങാൻ... എനിയ്ക്കു ഉറക്കത്തിനുള്ള ഗുളിക തരൂ...'

'എന്തിനാ ശാരദേ ആവശ്യല്ല്യാണ്ട് ഗുളിക കഴിക്കണേ.. അത് ശരീരത്തിന് നന്നല്ല.'

അപ്പോൾ പതിഞ്ഞ സ്വരത്തിൽ ശാരദ പറഞ്ഞു. 'ഇനി എന്തിനാ...നന്നാകണത്...' കുറച്ചു കഴിഞ്ഞു ശാരദ ചോദിച്ചു. 'എന്തിനാ വെറുതെ ഇങ്ങനെ ഒരു ജീവിതം തന്നത് അല്ലേ..., കഷ്ടപ്പെടാനാ വിധി.'

'അങ്ങനെ വിചാരിക്കേണ്ട ശാരദേ..നമ്മളെക്കൊണ്ട് മറ്റുള്ളോർക്കു ഉപകാരം ഉണ്ടായില്ല്യേ... ശാരദ അമ്മയെ നന്നായി നോക്കി. അതോണ്ട് ശാരദയെ നോക്കാൻ ഞാനും... പരോപകാരർത്ഥ മിദം ശരീരം..' അയാൾ അല്പം തത്വം പറഞ്ഞു.

'ങ്ഹാ അങ്ങനെ ആശ്വസിയ്ക്കാ... അല്ലാതെ എന്താ....ഇനി... ഇനിയിപ്പോ... ചേട്ടനെന്തെങ്കിലും വന്നാൽ ആരാ... പിള്ളേരെ അതിനു കിട്ടോ..." ഭാര്യയുടെ കഫത്തിൽ തടഞ്ഞുള്ള പതിഞ്ഞ സ്വരം കേട്ടപ്പോൾ അയാൾ വീണ്ടും ദീർഘനിശ്വാസത്തിൽ ആ ചോദ്യത്തെ പിടിച്ചു തള്ളച്ചു... 'ടോ... അങ്ങനൊന്നും ഉണ്ടാവില്ല്യ...' ആ നിസ്സഹായതയിൽ അലിഞ്ഞ് ചേരാനെ അയാൾക്ക് കഴിയൂ... ഉത്തരം കിട്ടാത്ത ചോദ്യങ്ങളുടെ പിറകിൽ പോകുവാൻ അയാൾ ഒരുക്കവുമല്ല. പ്രശ്നങ്ങളുടെ ചക്രവ്യൂഹത്തിൽപ്പെടുമ്പോൾ അതിൽ നിന്നും കരകയറുവാനുള്ള വിദ്യ അറിയുകയാണ് അതിലും ഭേദം എന്ന് അയാൾ മനസ്സിലാക്കി. ശാരദയുടെ പുതപ്പെല്ലാം ശരിയാക്കി, അയാൾ, തലയിൽ തലോടിക്കൊണ്ടിരുന്നു. ജീവിതത്തിൽ അധികം കാലം കിട്ടാതിരുന്ന ആ സുഖകരമായ കരസ്പർശം ഒരായുസ്സ് മുഴുവനും അനുഭവിച്ച പ്രതീതിയിൽ സമാധാനത്തോടെ ശാരദ ക്രമേണ മയക്കത്തിലാണ്ടു. ഒരു സുഖ നിദ്ര.


*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

# GK GROUP

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

നാടകം

# സ്വപ്നത്തിന്റെ വിളി

ഇ.പി. ദേവേശ പിഷാരോടി

വിഷയം: സംരംഭകത്വം.

പ്രമേയം: തോൽവിയിൽ നിന്ന് വിജയത്തിലേക്ക്.

സന്ദേശം: തളരാതെ മുന്നോട്ട് പോവുക; ലക്ഷ്യബോധവും കഠിനാധ്വാനവും വിജയത്തിലേക്ക് നയിക്കും.

### അങ്കം ഒന്ന്

ദൃശ്യം 1: അനീഷിന്റെ മുറി.

(വേദി ഇരുട്ടിൽ. ഒരു ചെറിയ കമ്പ്യൂട്ടർ സ്ക്രീനിന്റെ വെളിച്ചം മാത്രം. അനീഷ് മേശയ്ക്കരികിൽ തലകുനിച്ച് ഇരിക്കുന്നു. മുന്നിൽ ചിതറിയ ഫയലുകൾ.)

അനീഷ് (സ്വയം):

(വേദനയോടെ)

"എന്റെ സ്വപ്നം ഇവിടെ അവസാനിക്കുമോ? എന്നോട് ലോകം എന്തിന് ഇങ്ങനെ വിരോധം കാണിക്കുന്നു? കടങ്ങളും പരിഹാസവും... എല്ലാം എനിക്ക് എതിർ."

(അനീഷ് തല പിടിച്ച് കരയുന്നു. ഇടവേളയിൽ അമ്മ എത്തുന്നു. കൈയിൽ ചെറിയൊരു പെട്ടി.)

അമ്മ:

"മോനെ... (ശാന്തമായ ശബ്ദത്തിൽ)

ഞാൻ നിന്റെ കണ്ണുകളിൽ തീ കൊളുത്താൻ വന്നതാണ്."

(അമ്മ പെട്ടി തുറന്ന് കാണിക്കുന്നു.)

അമ്മ: "ഇത് എന്റെ സ്വർണ്ണമാണ്. ഒരു വാതിൽ അടച്ചാൽ മറ്റൊരു വാതിൽ തുറക്കും. നിന്റെ സ്വപ്നം നിന്റെ വാശിയാണെങ്കിൽ, ലോകം നിന്നെ തടയാൻ കഴിയില്ല."

(അനീഷ് കരഞ്ഞുകൊണ്ട് സ്വർണ്ണം കൈയിൽ എടുക്കുന്നു. അവന്റെ കണ്ണുകളിൽ പുതു വെളിച്ചം.)

അനീഷ് (ഉത്സാഹത്തോടെ): "അമ്മേ... ഞാൻ തോറ്റിട്ടില്ല. ഇനി എന്റെ വഴി ഞാൻ കണ്ടെത്തും."

(വേദി പ്രകാശം മങ്ങിയിട്ട് അടുത്ത ദൃശ്യത്തിലേക്ക് മാറുന്നു.)

### അങ്കം രണ്ട്

ദൃശ്യം 1: ഗ്രാമത്തിലെ കൂട്ടുകാർ

(ഗ്രാമത്തിൽ. ചന്തവീഥി പോലൊരു സെറ്റിംഗ്. കുറച്ച് യുവാക്കൾ ഒരുമിച്ച് ചിരിക്കുകയാണ്.)

യുവാവ് 1: "നമ്മുടെ അനീഷ് സിനിമാ കമ്പനി തുടങ്ങുമെന്ന് കേട്ടോ?"

യുവാവ് 2 (പരിഹസിച്ച്): "ഗ്രാമക്കാരൻ സിനിമാ കമ്പനിയോ? അത് വലിയവരുടെ കളി!"

(എല്ലാവരും ചിരിക്കുന്നു. അനീഷ് എത്തുന്നു.)

അനീഷ് (ദൃഢമായി): "അതെ! ഞാൻ തുടങ്ങും. വിവാഹ വീഡിയോയായാലും, യൂട്യൂബ് കണ്ടന്റായാലും, എന്റെ സ്വപ്നം മുന്നോട്ട് പോകും."

(വേദി ലൈറ്റുകൾ മാറുന്നു. ചെറിയ കാമറ, ലൈറ്റുകൾ, കൂട്ടുകാർ പ്രവർത്തിക്കുന്നതായി കാണിക്കുന്നു. പിൻഭാഗത്ത് പ്രൊജക്ഷൻ വഴി ചെറിയ വീഡിയോ ചിത്രീകരണങ്ങൾ പ്രദർശിപ്പിക്കാം.)

### അങ്കം മൂന്ന്

ദൃശ്യം 1: സ്റ്റാർട്ടപ്പ് ഓഫീസ്

(വേദി: ചെറിയ ഓഫീസ്, "സ്റ്റുഡിയോ" എന്ന ബോർഡ്. അനീഷും കൂട്ടരും ആവേശത്തോടെ.)

അനീഷ്: "നല്ല കഥകൾക്കും, നല്ല കലാകാരന്മാർക്കും ഒരു വേദി അതാണ് നമ്മുടെ ലക്ഷ്യം."

(നിക്ഷേപകർ രംഗത്ത് കടന്നു വരുന്നു.)

നിക്ഷേപകൻ: "ബിസിനസിന് ഉറപ്പ് ഇല്ല. ഞ

ങ്ങൾ പണം ഇടില്ല.”

(അവർ പുറത്ത് പോകുന്നു. അനീഷ് കുറച്ചു നേരം നിലവിളിക്കുന്നു, പിന്നെ സമാധാനത്തോടെ.)

അനീഷ്: “എന്റെ കൈവശമുള്ള ചെറിയ സമ്പാദ്യവും സുഹൃത്തുക്കളുടെ കൂട്ടായ്മയും... അതുകൊണ്ട് ഒരു സിനിമ ഞാൻ തീർക്കും.”

(ലൈറ്റുകൾ മാറി. സിനിമാ ഷൂട്ടിംഗ് രംഗം പ്രൊജക്ഷൻ വഴി. പിന്നെ “ചിത്രം റിലീസ്” എന്ന് ബാനർ.)

**അങ്കം നാല്**

ദൃശ്യം 1: വിജയത്തിന്റെ ആഘോഷം.

(ഗ്രാമത്തിന്റെ ഒരു വലിയ തുറസ്സായ വേദി. ജനക്കൂട്ടം ആവേശത്തോടെ സിനിമയെ പ്രശംസിക്കുന്നു. സോഷ്യൽ മീഡിയ പ്രതികരണങ്ങൾ സ്ക്രീനിൽ പ്രൊജക്ട് ചെയ്യാം.)

ഗ്രാമവാസി: “അനീഷിന്റെ സിനിമ ഹിറ്റ് ആയി! നമ്മുടെ ഗ്രാമത്തിന് അഭിമാനം.”

(അനീഷ് വേദിയിൽ വരുന്നു. അമ്മയും കൂട്ടുകാരും അദ്ദേഹത്തെ ചേർന്ന് പിടിക്കുന്നു.)

അനീഷ് (പ്രേക്ഷകരോട്): “പലർക്കും ഇത് എന്റെ കഥ മാത്രമായിരിക്കും. പക്ഷേ, ഇത് സ്വപ്നങ്ങളുടെ കഥയാണ്. ചെറിയ ഗ്രാമത്തിൽ നിന്നാലും, വലിയ കഥകൾ ലോകത്തെ സ്വാധീനിക്കും.”

(വേദിയിൽ സൂര്യോദയം പോലെ ലൈറ്റിംഗ്. പിന്നണി സംഗീതം ഉയരുന്നു. എല്ലാം ചേർന്ന് കൈയ്യടിക്കുന്നു.)

തിരശ്ശീല പതിക്കുന്നു. ●

## പഞ്ചാരി മേളത്തിൽ ഒരു കുടുംബത്തിൽ നിന്നും 5 പേർ ഒരുമിച്ച്

**ഇ**ക്കഴിഞ്ഞ സെപ്റ്റംബർ 28ന് പാമ്പാമ്പോട്ട് ശിവക്ഷേത്രത്തിൽ നടന്ന പഞ്ചാരി അരങ്ങേറ്റത്തിൽ അപൂർവ്വമായ സംഗമമുണ്ടായി.

പോട്ടയിൽ നിന്നും പോട്ട പിഷാരത്തെ അഞ്ചു പിഷാരോടി പ്രതിഭകൾ പഞ്ചാരിയിൽ ഗുരുശ്രീ. കൊടകര ഉണ്ണിയുടെ ശിക്ഷണത്തിൽ അരങ്ങേറി.

ഗിരീഷ്, കാർത്തിക & ദേവർഷ് (സകുടുംബം) ലക്ഷ്മി & കൃഷ്ണ (സഹോദരിമാർ – കൊടകര ശാഖ സെക്രട്ടറി രമ്യ രാധാകൃഷ്ണന്റെ മക്കൾ) എന്നിവർ.

പിഷാരോടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും അഭിനന്ദനങ്ങൾ. ആശംസകൾ.




*With best compliments from :*

**P. KARUNAKARAN**

**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

# തുളസീദളം സാഹിത്യ പുരസ്കാരം, വിദ്യാഭ്യാസ പുരസ്കാരങ്ങൾ

**തു**ളസീദളത്തിന്റെ രണ്ടാമത് സാഹിത്യ പുരസ്കാരം പ്രശസ്ത എഴുത്തുകാരനും പ്രഭാഷകനും ബഹുമുഖ വിഷയങ്ങളിൽ അഗാധ പണ്ഡിതനുമായ ശ്രീ. പി.ആർ. നാഥന് സമർപ്പിച്ചു. തൃശൂർ കൗസ്തുഭം ഹാളിൽ സെപ്റ്റംബർ 21ന് നടന്ന പുരസ്കാര സമ്മേളനത്തിൽ വെച്ച് ബഹു. ഹൈക്കോടതി ജഡ്ജ് ശ്രീ. പി.വി. കുഞ്ഞികൃഷ്ണൻ ശ്രീ നാഥന് പുരസ്ക്കാരം കൈമാറി. സമാജം പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്രപിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ശ്രീമതി ശ്രീലക്ഷ്മി പ്രസാദിന്റെ പ്രാർഥനയോടെ ആരംഭിച്ചു. അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ. രാമചന്ദ്ര പിഷാരോടി സമാജം പ്രവർത്തനങ്ങളെ പറ്റി പൊതുവായി സംസാരിച്ചു. സാഹിത്യ പുരസ്കാരം, വിദ്യാഭ്യാസ പുരസ്കാരങ്ങൾ എന്നിവയുടെ യോഗം ഉദ്ഘാടനം ചെയ്യാനും പുരസ്ക്കാര സമർപ്പണത്തിനും വേണ്ടി ബഹു ഹൈക്കോടതി ജഡ്ജ് ശ്രീ. പി.വി. കുഞ്ഞികൃഷ്ണനെ ക്ഷണിക്കാൻ പോയതും അദ്ദേഹം വളരെ സന്തോഷത്തോടു കൂടി സമ്മതിച്ചതുമെല്ലാം നന്ദിയോടെ സ്മരിച്ചു. സ്വാഗത പ്രസംഗത്തിൽ ശ്രീ. കെ.പി. ഹരികൃഷ്ണൻ ഇന്ന് നമ്മൾ പുരസ്കാരം നൽകി ആദരിക്കുന്ന ശ്രീ. പി.ആർ. നാഥൻ എഴുത്തുകാരൻ എന്നതിനപ്പുറം വിവിധ മേഖലകളിൽ നിറഞ്ഞു നിൽക്കുന്ന മഹാപ്രതിഭയാണ് എന്ന് ചൂണ്ടിക്കാട്ടി. സർഗ്ഗ പ്രതിഭാ പുരസ്കാരം നേടിയ രാജഗോപാലൻ ആനായത്ത് വിവര സാങ്കേതിക രംഗത്ത് ഒഴിച്ച് കൂടാനാകാത്ത മറ്റൊരു പ്രതിഭ. സമാജത്തിന്റെ ഏറ്റവും ശ്രദ്ധേയവും അഭിമാനകരവുമായ വിദ്യാഭ്യാസ പുരസ്കാര വിതരണവും ഇതോടൊപ്പം നടക്കുന്നു എന്നതും ഇവയെല്ലാം നൽകാൻ സന്മനസ്സ് കാണിച്ച ബഹു ഹൈക്കോടതി ജഡ്ജ് ശ്രീ. പി.വി. കുഞ്ഞികൃഷ്ണൻ നമ്മുടെ ഭാഗ്യമാണ്.

തുടർന്ന് ബഹു ഹൈക്കോടതി ജഡ്ജ് ശ്രീ. പി.വി. കുഞ്ഞികൃഷ്ണൻ യോഗം ഉദ്ഘാടനം ചെയ്തു. സാഹിത്യ പുരസ്കാര ജേതാവായ ശ്രീ. പി. ആർ. നാഥന്റെ ആർട്ടിക്കിളുകൾ വായിച്ച അനുഭവവും അഭിപ്രായവും അദ്ദേഹം സദസ്സുമായി പങ്ക് വെച്ചു. പിഷാരോടി സമാജത്തിന്റെ ഈ പുരസ്കാര പ്രോഗ്രാം ഉദ്ഘാടനം ചെയ്യാൻ സാധിച്ചതിൽ വലിയ സന്തോഷമുണ്ട്.

അദ്ദേഹത്തിന്റെ പ്രസംഗത്തിന് ശേഷം തുളസീദളം പത്രാധിപർ ശ്രീ. ഗോപൻ പഴുവിൽ പുരസ്കാര ജേതാക്കളെ സദസ്സിന് പരിചയപ്പെടുത്തി. തുടർന്ന് തുളസീദളം സാഹിത്യ പുരസ്ക്കാരം 2025 ശ്രീ. പി.ആർ. നാഥന് ശ്രീ. പി.വി. കുഞ്ഞി കൃഷ്ണൻ സമർപ്പിച്ചു. തുടർന്ന് ശ്രീ. രാജഗോപാലൻ ആനായത്തിന് സർഗ്ഗ പ്രതിഭാപുരസ്കാരവും സമർപ്പിച്ചു. ശ്രീ. പി.വി. കുഞ്ഞികൃഷ്ണനെ പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്ര പിഷാരോടി പൊന്നാടയണിയിച്ച് ആദരിച്ചു.

നമ്മുടെയെല്ലാം ജീവിതം നിലവിളക്കിലെ കത്തുന്ന തിരി പോലെയാണെന്ന് മറുപടി ഭാഷണത്തിൽ ശ്രീ. പി.ആർ. നാഥൻ പറഞ്ഞു. ചെറിയൊരു കാറ്റ് പോലും തിരിനാളത്തെ കെടുത്തും എന്ന് നമ്മൾ ഭയപ്പെടുന്നു. എന്നാൽ തിരി നന്നായി കത്തിത്തുടങ്ങിയാൽ കാറ്റ് അതിനെ കെടുത്താതെ കൂടുതൽ ശക്തമായി കത്താൻ സഹായിക്കു


















കയേ ഉള്ളൂ. ഇന്ന് ഏറ്റവും കൂടുതൽ നിങ്ങളോട് ചോദിക്കുന്ന ചോദ്യം എന്താണ് പേര്? എന്താണ് ജോലി? എന്നാണ്. ജോലി എന്നാൽ ഉപജീവനം എന്താണ് എന്ന് അർത്ഥം? സത്യത്തിൽ ഉപജീവനം എന്ന് പറഞ്ഞത് ഉപപ്രധാനമന്ത്രി എന്ന് പറയുന്നത് പോലെ വെറും അഡീഷണൽ മാത്രമാണ്. ജീവനമാണ് ഒന്നാമത് വരേണ്ടത്. അത് കഴിഞ്ഞേ ഉപജീവനം വരൂ. ശ്രീ. പി.ആർ. നാഥന്റെ വാക്കുകൾ യഥാർത്ഥത്തിൽ വിജ്ഞാനവും ചിന്തയും പകർന്ന മൂല്യമേറിയ പ്രഭാഷണം തന്നെയായിരുന്നു. തുടർന്ന് നടന്ന ശ്രീ. രാജഗോപാൽ ആനായത്തിന്റെ പ്രസംഗവും വളരെയേറെ ശ്രദ്ധിക്കപ്പെട്ടു. ശ്രീ. രാജഗോപാലൻ തനിക്ക് കിട്ടിയ പുരസ്കാര തുക 5001 രൂപ വിദ്യാർത്ഥികളുടെ ഉന്നമനാർത്ഥം അവിടെ വെച്ചു തന്നെ സമാജത്തിന് സമ്മാനിച്ചു.

തുടർന്ന് പിഷാരോടി സമാജത്തിന്റെ എക്കാലത്തെയും ഏറ്റവും പ്രധാനപ്പെട്ടതും പ്രിയപ്പെട്ടതുമായ വിദ്യാഭ്യാസ പുരസ്കാര വിതരണം.

പിഷാരോടി എഡ്യൂക്കേഷണൽ ആൻഡ് വെൽഫയർ സൊസൈറ്റി സെക്രട്ടറി ശ്രീ. എ. അജയകുമാർ പുരസ്കാരജേതാക്കളെ പരിചയപ്പെടുത്തി. സാഹിത്യ പുരസ്കാര ജേതാക്കളായ ശ്രീ. പി.ആർ. നാഥൻ, ശ്രീ. രാജഗോപാലൻ ആനായത്ത് എന്നിവർക്കൊപ്പം സമാജം ഭാരവാഹികളും സ്പോൺസർമാരും ചേർന്ന് പുരസ്കാരങ്ങൾ വിതരണം ചെയ്തു. പിഷാരോടി സമാജം വൈസ് പ്രസിഡണ്ട് ശ്രീ. കെ.പി. മുരളി, പിഷാരോടി സമാജം എഡ്യൂക്കേഷണൽ ആൻഡ് വെൽഫയർ സൊസൈറ്റി വൈസ് പ്രസിഡന്റ് ശ്രീ. വി.പി. മധു എന്നിവർ ആശംസകൾ നേർന്നു. പുരസ്കാര ജേതാക്കളായ കുട്ടികൾ സമുചിതമായി മറുപടി പറഞ്ഞു. എല്ലാ പുരസ്കാര ജേതാക്കൾക്കും പി പി & ടി ഡി ടി യുടെ പ്രത്യേക സമ്മാനങ്ങൾ വിതരണം ചെയ്തു. എഡ്യൂക്കേഷനൽ ആൻഡ് വെൽഫെയർ സൊസൈറ്റി ട്രഷറർ ശ്രീ. രാജൻ എ. പിഷാരോടി യോഗത്തിന് നന്ദി പറഞ്ഞതോടെ യോഗം 1.30ന് അവസാനിച്ചു. ●

# വൈവാഹികം

| | | | |
|---|---|---|---|
| | ശി | | ച |
| മ | ഗ്രഹനില | | ക |
| ല | | | |
| | മാ | ബുഗു ശുസ | ര |

Seeking alliance from parents of Pisharody/ Ambalavasi working girls for a 30 year old Pisharody Boy (B.Tech, MBA, 178 cm). Currenly working as Consulting Manager in a reputed IT MNC in Bangalore.

**Contact: 91 9322670584**

കൊല്ലം 1170 കന്നി 13 (29-09-1994), വ്യാഴാഴ്ച 2:30 PM നു, അന്ന് സൂര്യോദയാദി 20 നാഴിക 32 വിനാഴിക ചെന്നസമയം പുണർതം നക്ഷത്രം മൂന്നാം പാദം തൃശൂർ എരുമപ്പെട്ടിയിൽ പുരുഷജനനം. ലഗ്നാൽ 7 ൽ കർക്കടകത്തിൽ വർഗ്ഗോത്തമാംശത്തിൽ കുജൻ.

**RE-MARRIAGE**

Legally divorced Pisharody 38, Star Uthram, 180 cms working in a reputed company in Mumbai seeks allience from Ambalavasi girls. Please -

**Contact: 8806876979**

| | | | | | |
|---|---|---|---|---|---|
| | ഭൃ | | ബു | ച | |
| | രകു മശി | ബു | ഭൃ | | |
| ര | | ഗ്രഹനില അകത്ത് | | | ല സ മാ |
| ശി | | അംശകം പുറത്ത് | | | മ |
| | ഗുമാ | ല | ച | സ | |
| | | കു | ഗു | | |

Proposals are invited from parents of Pisharody Girls for a Pisharody boy 29, working in Dubai as Freelance Personal Trainer. Interested Parents may please -

**Contact: 9495708557**

1171 മീനമാസം 24, 1996 ഏപ്രിൽ 6 ശനിയാഴ്ച വിശാഖം നക്ഷത്രത്തിൽ ജനനം. ശിഷ്ടദശ: 05-05-15-36 ഗുരുദശ.

| | | | | | |
|---|---|---|---|---|---|
| | | | ബുമ | ഗു | |
| | ഭൃ | കുബു മ | ര | ല മാ | |
| | ഗുശി | ഗ്രഹനില അകത്ത് | | | ച സ |
| രശി | | അംശകം പുറത്ത് | | സ | |
| | ച | | | | |
| | ല കുഭൃ | മാ | | | |

Proposals are invited from parents of Pisharody girls for a pisharody boy aged 27 years, height 186 cm with BS-MS Dual degree from IISER Pune and currently working in a private company in Bangalore. Interested parents may please -

**Contact 9496168260 & 9497179446**

| | | | | | |
|---|---|---|---|---|---|
| | | ബുമ | | ശി | |
| | ച | | രബു | ലശി മാ | |
| | | ഗ്രഹനില അകത്ത് അംശകം പുറത്ത് | | കുഗു ശു | ര |
| ല ച | മ | | | | |
| സ | സ | | | | ശു |
| | | കുഗു മാ | | | |

Proposals are invited from Parents of Pisharody / Ambalavasi / Moosad Girls for a Brahmin Boy (Moosad), Aged 34 yearsm Height 175 cms, PG - MBA, working as HR Professional, Dubai. Interested parents may please -

**Contact: +91 8848172384**

കൊല്ലവർഷം 1166–ാമാണ്ട് ഇടവമാസം 25–ാം തിയ്യതി, 1991 ജൂൺ 8 ശനിയാഴ്ച രാവിലെ 7 മണി 29 മിനുട്ടിന് രേവതി നക്ഷത്രം പുരുഷജനനം.

| | | | |
|---|---|---|---|
| ച | | ഗുമ | സ |
| | ഗ്രഹനില | | |
| | | | കു |
| ശി ല | മാ | ശു ബു | ര |

Proposals are invited from parents of Pisharody boys for a Pisharody girl, aged 25 years, MA, B.Ed, working as Teacher in Delhi. Interested parents may please -

**Contact: 9958627197**

കൊല്ലവർഷം 1176 കന്നി 27, ക്രിസ്തുവർഷം 2000 ഒക്ടോബർ 13, വെള്ളിയാഴ്ച, രേവതി നക്ഷത്രം 12:47:10 PM

# ഡോ. എ. രഘുവിന് അഭിനന്ദനങ്ങൾ



**അ**റക്കൽ പിഷാരത്ത് ഡോ. എ. രഘു, കേന്ദ്ര ആയുഷ് മന്ത്രാലയത്തിലെ അഡ്വൈസർ (ആയുർവേദം) ആയി ചുമതലയേറ്റു.

1987–ൽ ഒല്ലൂർ ആയുർവേദ കോളേജിൽ നിന്ന് ബിഎഎംഎസ് പൂർത്തിയാക്കി. തുടർന്ന് തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിൽ നിന്ന് ബേസിക് പ്രിൻസിപ്പിൾസിൽ പി.ജി. നേടി. Jamnagar IPGT & RA-യിൽ രണ്ട് വർഷം അധ്യാപകനായും സേവനം അനുഷ്ഠിച്ചു. കഴിഞ്ഞ 25 വർഷമായി കേന്ദ്രസർക്കാർ സർവീസിൽ ഇദ്ദേഹം പ്രവർത്തിക്കുന്നു. ആയുഷ് മന്ത്രാലയത്തിൽ ആറു വർഷം ജോയിന്റ് അഡ്വൈസർ ആയും, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിലെ DGHS വിഭാഗത്തിൽ മൂന്ന് വർഷം ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (Ayush) ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ആയുഷ് മന്ത്രാലയത്തിലെ അഡ്വൈസർ (ആയുർവേദം), എന്ന പദവിയോടൊപ്പം, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (ആയുഷ്) - DGHS, Ministry of Health & Family Welfare - എന്ന സ്ഥാനത്തും അദ്ദേഹം തുടരും.

കഥകളി ആചാര്യനായിരുന്ന കലാമണ്ഡലം വാസുപിഷാരോടിയുടെ മകൾ ശ്രീകലയാണ് പത്നി. മക്കൾ: ഗൗതം, അഭിനീത്.

ഡോ. രഘുവിന് പിഷാരടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും അഭിനന്ദനങ്ങൾ!



# ശതാഭിഷേകം

09.10.2025

## കെ.ബി. മാലതി പിഷാരസ്യാർ

W/o. Late കെ.പി. ചക്രപാണി പിഷാരടി

ശ്രീനിലയം, കൊല്ലിയാനി, കടമ്പഴിപ്പുറം, പാലക്കാട്

ആയുരാരോഗ്യസൗഖ്യം നേർന്നുകൊണ്ട്...

മക്കൾ : സുധാകരൻ, സുമതി, സുനിത

മരുമക്കൾ : പ്രസന്ന, ഹരിദാസൻ, ദാസ്

പേരമക്കൾ : മൃദുല & രാമൻ, ഹേമ & പ്രമോദ്

സച്ചിൻ & സൂര്യ, സൗരവ്

കൊച്ചുമക്കൾ : രുദ്ര, ആര്യൻ, അർജുൻ



# സ്മരണാഞ്ജലികൾ

## 6-ാം ചരമവാർഷികം

(09.10.2025)

കുനിശ്ശേരി പൂക്കുളങ്ങര പിഷാരത്ത്

## ചക്രപാണി പിഷാരടി

ശ്രീനിലയം, കൊല്ലിയാനി,
കടമ്പഴിപ്പുറം, പാലക്കാട്

ദുഃഖപൂർവ്വം....

പത്നി, മക്കൾ, മരുമക്കൾ,
പേരമക്കൾ, കൊച്ചുമക്കൾ

# 12-ാം ചരമവാർഷികം



## കുറുവട്ടൂർ പിഷാരത്ത്
# ഡോ. രാമപിഷാരോടി

മരണം: 30.09.2013

സ്നേഹസ്മരണകളോടെ

| | | |
|---|---|---|
| പത്നി | : | ജി.പി. ലക്ഷ്മിക്കുട്ടി പിഷാരസ്യാർ |
| മക്കൾ | : | ഡോ. അശോക്കുമാർ, ശ്രീമതി ഗീത |
| മരുമക്കൾ | : | ഡോ. സേതുലക്ഷ്മി, ടി.വി. വേണുഗോപാൽ |
| പേരക്കുട്ടികൾ | : | ധന്യ, സൗമ്യ, ഡോ. അർജുൻ |
| സഹോദരങ്ങൾ | : | നാണിക്കുട്ടി പിഷാരസ്യാർ (Late) |
| | | പരേതനായ ഗോപാലൻകുട്ടി പിഷാരോടി, |
| | | കെ.പി. കൃഷ്ണൻകുട്ടി പിഷാരോടി |

# ആദരാഞ്ജലികൾ



## ചേന്ദമംഗലം ചേന്ദതൃക്കോവിൽ പിഷാരത്ത്

# സി. സരസ്വതി (80)

(റിട്ട. പ്രൊഫസർ, ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്)

മരണം: 05.09.2025

സ്നേഹസ്മരണകളോടെ....

| | | |
|---|---|---|
| ഭർത്താവ് | : | എൻ. അച്യുതപിഷാരടി, ആവണംകോട് പിഷാരം (റിട്ട. പ്രൊഫസർ, ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്) |
| മക്കൾ | : | നാരായണൻകുട്ടി സി., ഗീത സി. |
| മരുമക്കൾ | : | രാധാകൃഷ്ണൻ പി.പി. (മോഹൻ), സിന്ധു എം.ആർ. |
| പേരക്കുട്ടികൾ | : | രേഷ്മ, അർജ്ജുൻ, നന്ദകിഷോർ എം.എൻ., നവനീത്കൃഷ്ണ എം.എൻ. |
| സഹോദരങ്ങൾ | : | സി.പി. വിജയലക്ഷ്മി, സി.പി. നാരായണൻ, സി.പി. പദ്മിനി, സി.പി. ഗോപി, സി.പി. ഉണ്ണികൃഷ്ണൻ, സി.പി. രാമചന്ദ്രൻ |

# In Loving Remembrance



## *Akathiyur Puthumanasseri Pisharath Janaky Pisharody*

W/o Late Kutamasseri Rama Pisharody

DOB 30-6-1931 - DOE 19-8-2025

Though you are no longer with us, your spirit lives on in the love you gave and the memories we cherish.

With Love,
Madhu & Narayanan, Rama Krishnan & Asha,
Anand & Savita, Grandchildren & Great-Grandchildren.

# ശാഖാവാർത്തകൾ

## കോട്ടയം ശാഖ
## വാർഷിക പൊതുയോഗവും ഓണാഘോഷവും

കോട്ടയം ശാഖയുടെ വാർഷിക പൊതുയോഗവും ഓണാഘോഷവും 2025 ഓഗസ്റ്റ് 31നു ഏറ്റുമാനൂർ എൻ.എസ്.എസ്. കരയോഗ മന്ദിരത്തിൽ (എം. രാധാമണി പിഷാരസ്യാർ നഗർ) നടന്നു.

ശാഖ രക്ഷാധികാരി ശ്രീ. മധുസൂധനപിഷാരടി പതാക ഉയർത്തി. ശാഖയുടെ വനിത വിംഗ് പ്രവർത്തകരായ സാവിത്രി പിഷാരസ്യാർ, വത്സല പിഷാരസ്യാർ, ഗീത രാമ പിഷാരോടി, നിർമല ചക്രപാണി, സുമംഗല നാരായണൻ, ജയശ്രീ അശോക് കുമാർ എന്നിവർ നാരായണീയ പാരായണം നടത്തി.

കൃഷ്ണ ദിയയുടെ ഈശ്വര പ്രാർത്ഥനക്ക് ശേഷം ശാഖ ജോയിന്റ് സെക്രട്ടറി എ.ആർ. പ്രവീണ്കുമാർ വാർഷിക യോഗം ഉദ്ഘാടനം ചെയ്യുവാൻ എത്തിയ കേന്ദ്ര പ്രസിഡന്റ് ശ്രീ. രാമചന്ദ്ര പിഷാരോടിയെയും എല്ലാ ശാഖാഗങ്ങളെയും ഹൃദയപൂർവം സ്വാഗതം ചെയ്തു.

കഴിഞ്ഞ ഒരു വർഷ കാലയളവിൽ നമ്മെ വിട്ടു പോയ ശാഖ അംഗങ്ങളുടെയും പിഷാരോടി സമാജ മുൻ ഭാരവാഹികളുടെയും വിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

എ.പി. അശോക് കുമാറിന്റെ അധ്യക്ഷ പ്രസംഗത്തിനു ശേഷം വിശിഷ്ടാതിഥിയായി എത്തിയ സമാജത്തിന്റെ കേന്ദ്ര പ്രസിഡന്റ് ശ്രീ. രാമചന്ദ്ര പിഷാരോടി നിലവിളക്കു തെളിയിച്ചു വാർഷികാഘോഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

മുഖ്യ പ്രഭാഷണം നടത്തിയ ശ്രീ. രാമചന്ദ്ര പിഷാരോടി സമാജ പ്രവർത്തനങ്ങളിൽ കോട്ടയം ശാഖയുടെ പങ്കിനെ വളരെയധികം പ്രകീർത്തിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. പിഷാരോടി സമാജത്തിന്റെ പ്രാരംഭ കാല പ്രസിഡന്റാവുകയും സമാജത്തിന്റെ ഇന്നത്തെ വളർച്ചയിൽ മുഖ്യ പങ്ക് വഹിച്ചവരുമായ കോട്ടയം ശാഖയിലെ ശ്രീ. കെ.പി.കെ. പിഷാരോടി (മലയാള മനോരമയിലെ മുൻ ന്യൂസ് എഡിറ്റർ), ശ്രീ. ടി.പി. ഭരത പിഷാരോടി, ശ്രീ. എ.പി.കെ. പിഷാരോടി എന്നിവരുടെ പങ്കാളിത്തത്തെ അനുസ്മരിക്കുകയും ചെയ്തു. ഇപ്പോഴത്തെ കേന്ദ്ര ഭരണ സമിതിയുടെ രൂപികരണത്തിലും കോട്ടയം ശാഖ വഹിച്ച മുഖ്യ പങ്കിനെ ശ്ലാഘിക്കുകയും ചെയ്തു. കോട്ടയം ശാഖയുടെ വാർഷികത്തിനു 15ൽ കൂടുതൽ ശാഖകൾ ആശംസകൾ അറിയിച്ചിട്ടുള്ളതായും പറഞ്ഞു.



ശാഖയുടെ മുതിർണ പ്രവർത്തകരായ ശ്രീ. മധുസൂധനപിഷാരടി, ശ്രീ. സി.കെ. കൃഷ്ണപിഷാരോടി, ശ്രീ. എൻ.എ. കേശവപിഷാരോടി, ശ്രീ. ടി.ജി. സുദേവപിഷാരോടി, ശ്രീമതി വത്സല പിഷാരസ്യാർ, ശ്രീമതി കമലമ്മ സുരേന്ദ്രൻ എന്നിവരെ പൊന്നാട അണിയിച്ചു ആദരിക്കുകയും ചെയ്തു.

വാർഷിക യോഗത്തിൽ ഓണസ്സദ്യ സ്പോൺസർ ചെയ്ത സുരേഷ് ബി. പിഷാരോടി & കലാ സുരേഷ് കുടമാളൂർ, ഹാൾ വാടക സ്പോൺസർ ചെയ്ത ശ്രീമതി സാവിത്രി പിഷാരസ്യാർ വെന്നിമല, രണ്ടു കുട്ടികളുടെ വിദ്യാഭ്യാസ അവാർഡ് സ്പോൺസർ ചെയ്ത ശ്രീമതി കെ.പി. ഗീത മറിയപ്പിള്ളി എന്നിവർക്കു ശാഖ നന്ദി അറിയിക്കുകയും അവരെ പൊന്നാട അണിയിച്ചു ആദരിക്കുകയും ചെയ്തു.

തിരക്കേറിയ ഓണാഘോഷ വേളയിൽ മറ്റു എല്ലാ പ്രധാന പരിപാടികളും മാറ്റി വെച്ചു കോട്ടയം ശാഖാ വാർഷികത്തിനു എത്തിയ കേന്ദ്ര പ്രസഡന്റിനെ ശാഖാ പ്രസിഡന്റ് അശോക് കുമാർ പൊന്നാട അണിയിച്ചു ആദരിച്ചു.

2025ൽ 10ലും +2വിലും ഉന്നത വിജയം നേടിയവർക്ക് ശാഖയുടെ സ്കോളർഷിപ്പ്, കെ.പി.കെ. പിഷാരസ്യാർ മെമ്മോറിയൽ സ്കോളർഷിപ്പ്, കെ.പി. അശോക് കുമാർ മെമ്മോറിയൽ സ്കോളർഷിപ്പ് എന്നിവ മൊമെന്റോയും സ്ക്കോളർഷിപ്പ് തുകയും സഹിതം ശ്രീ. രാമചന്ദ്രപിഷാരോടി നൽകി.

ശ്രീമതി കെ.പി. ഗീത, നളന്ദ, മറിയപ്പിള്ളി സ്പോൺസർ ചെയ്യുന്ന രണ്ടു സ്കോളർഷിപ്പുകൾക്ക് തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ:

ശ്രീമതി കെ.പി.കെ. പിഷാരസ്യാർ മെമ്മോറിയൽ സ്ക്കോളർഷിപ്പ് - ഭരത് കെ.പിഷാരടി, രാമപുരം (X Std)

ശ്രീ. കെ.പി. അശോക് കുമാർ മെമ്മോറിയൽ സ്ക്കോളർഷിപ്പ് - ശ്രിയ ആർ., മേമ്മുറി (+2)

ശാഖ നൽകുന്ന സ്കോളർഷിപ്പുകൾക്ക് തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ: പല്ലവി ഹരി, ഏറ്റുമാനൂർ (X Std), അനന്തകൃഷ്ണൻ പി. പിഷാരോടി, പയ്യപ്പാടി (X Std), നവനീത് എസ്. ദേവ്, പയ്യപ്പാടി (+2). എം.കോമിനു കോളേജ് ടോപ്പർ ആയി ഉന്നത വിജയം കരസ്ഥമാക്കിയ നന്ദിത ഗോകുലിനെ പൊന്നാട അണിയിച്ചു ആദരിക്കുകയും ചെയ്തു.

മുകളിൽ പറഞ്ഞിട്ടുള്ള 6 കുട്ടികളുടെയും അപേക്ഷകൾ PE&WS നൽകുന്ന വിവിധ സ്കോളർഷിപ്പുകൾക്കു തിരഞ്ഞെടുക്കപ്പെട്ട വിവരം ശാഖ സെക്രട്ടറി ഗോകുലകൃഷ്ണൻ യോഗത്തെ അറിയിക്കുകയും ഏവരും ആറു കുട്ടികളെ അഭിനന്ദിക്കുകയും ചെയ്തു. അവാർഡ് നേടിയ എല്ലാ കുട്ടികളും സെപ്റ്റംബർ 21നു തൃശൂർ കൗസ്തുഭം ഓഡിറ്റോറിയത്തിൽ നടക്കുന്ന അവാർഡ് വിതരണ വേദിയിലേക്ക് നേരിട്ടെത്തി ഈ അവാർഡ് കൈപ്പറ്റണമെന്നും യോഗം കുട്ടികളോട് ആവശ്യപ്പെട്ടു.

കുട്ടികൾക്ക് പ്രോത്സാഹനജനകമായ ഈ സ്കോളർഷിപ്പിനു അപേക്ഷിക്കുവാൻ വരും വർഷങ്ങളിൽ കൂടുതൽ കുട്ടികൾ തയ്യാറാവണമെന്നും യോഗം അഭ്യർഥിച്ചു.

ശാഖ വൈസ് പ്രസിഡന്റ് ശ്രീ. സി.കെ. കൃഷ്ണ പിഷാരടി, ശ്രീ. എൻ.എ. കേശവ പിഷാരോടി, ശ്രീ. എ.ആർ. ദേവകുമാർ, ശ്രീമതി കലാ സുരേഷ്, ശ്രീമതി കെ.പി. ഗീത എന്നിവർ ആശംസ പ്രസംഗം നടത്തി.

2024-25ലെ വാർഷിക റിപ്പോർട്ട് സെക്രട്ടറി ശ്രീ. ഗോകുലകൃഷ്ണൻ അവതരിപ്പിച്ചു. വാർഷിക കണക്കു ട്രഷറർ ശ്രീ. എം.എസ്. അജിത്കുമാർ അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കും യോഗം അംഗീകരിച്ചു.

ശാഖയുടെ പുതിയ ക്ഷേമനിധിക്കു തുടക്കം കുറിക്കുകയും 24 ശാഖ അംഗങ്ങൾ അതിൽ പങ്കെടുക്കുകയും ചെയ്തു.

ക്ഷേമനിധിയുടെയും തമ്പോലയുടെയും നറുക്കെടുപ്പ് നടന്നു.

കുട്ടികളും വനിതകളും സജീവമായി പങ്കെടുത്ത കലാപരിപാടികളിൽ വനിതകൾ അവതരിപ്പിച്ച തിരുവാതിരക്കളി, കുട്ടികളുടെ വിവിധയിനം നൃത്തങ്ങൾ, ഗാനാലാപനങ്ങൾ എന്നിവ അരങ്ങേറി.

പിഷാരോടി സമാജവും തുളസീദളവും കുറിച്ചുള്ള വിവരങ്ങൾ ബന്ധപ്പെടുത്തി ഗോകുലകൃഷ്ണൻ നടത്തിയ ക്വിസ് മത്സരത്തിൽ എല്ലാ അംഗങ്ങളും സജീവമായി പങ്കെടുക്കുകയും സമ്മാനം നേടുകയും ചെയ്തു.

മേഘ ദേവകുമാർ നടത്തിയ വ്യത്യസ്തമായ കായിക മത്സരങ്ങളിലും കുസൃതി ചോദ്യ മത്സരത്തിലും അംഗങ്ങൾ ആവേശപൂർവം പങ്കെടുക്കുകയായിരുന്നു. ഇതിൽ വിജയിച്ചവർക്കു ശ്രീ ദേവകുമാർ പ്രത്യേക സമ്മാനങ്ങൾ നൽകി.

കലാ പരിപാടികളിൽ പങ്കെടുത്ത ഏവർക്കും ശാഖയുടെ സമ്മാനം ശാഖ പ്രസിഡന്റ് അശോക് കുമാർ വിതരണം ചെയ്തു.

ആർ.ഹരി കുമാരിന്റെ കൃതജ്ഞതയോടെ വാർഷിക യോഗത്തിനു തിരശ്ശീല വീണു.

## ഇരിങ്ങാലക്കുട ശാഖ ഓണാഘോഷം

പിഷാരോടി സമാജം ഇരിങ്ങാലക്കുട ശാഖയുടെ ആഗസ്റ്റ് മാസത്തെ കുടുംബസംഗമം 28-08-2025 വ്യാഴാഴ്ച നമ്പൂതിരിസ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ ഓഡിറ്റോറിയത്തിൽ വെച്ച് രാവിലെ 10.30 മണിക്ക് ശാഖാ പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ശ്രീമതി ഗിരിജാ മോഹൻദാസിന്റെ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. യോഗത്തിന് എത്തിയ എല്ലാവരെയും PP& TDT ജോ. സെക്രട്ടറി പി. മോഹനൻ സ്വാഗതം ചെയ്തു.

കഴിഞ്ഞ മാസക്കാലയളവിൽ മൺമറഞ്ഞ സമുദായ അംഗങ്ങൾക്കും അന്തരിച്ച മുൻ മുഖ്യമന്ത്രി ശ്രീ. അച്ചുതാനന്ദൻ അവർകൾക്കും മൗന പ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിച്ചു.

അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രിമതി മായാ സുന്ദരേശ്വരൻ ശാഖയിലെ കഴക പ്രവർത്തി ചെയ്യുന്നവരെ ആദരിക്കൽ ചടങ്ങിനെ പറ്റി വിശദമായി സംസാരിച്ചു.

സെക്രട്ടറി സി.ജി. മോഹനൻ അവതരിപ്പിച്ച കഴിഞ്ഞ മാസത്തെ മീറ്റിങ്ങിന്റെ മിനിട്ട്സ് യോഗം പാസ്സാക്കി. ശാഖാ ട്രഷറർ കെ.പി. മോഹൻദാസ് തയ്യാറാക്കിയ വരവ്, ചിലവ് കണക്കുകൾ യോഗം അംഗീകരിച്ചു.

ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ നടത്തിയ PP & TDT യുടെ AGM ന്റെ വിശദ വിവരങ്ങളും, കേന്ദ്ര കമ്മിറ്റി മീറ്റിങ്ങിന്റെ വിവരങ്ങളും പി. മോഹനൻ യോഗത്തിൽ വിശദീകരിച്ചു.

ഓണാഘോഷത്തിന്റെ ഭാഗമായി മാപ്രാണത്ത് പുത്തൻ പിഷാരത്ത് ശ്രീഹരികുമാറിന്റെ നേതൃത്വത്തിൽ ശാഖയിലെ ലേഡീസ് വിങ്ങ് മെമ്പർമാരും, കമ്മിറ്റി ഭാരവാഹികളും മറ്റുള്ളവരും ചേർന്ന് അതിമനോഹരമായ ഓണപ്പൂക്കളം ഒരുക്കി. തുടർന്ന് ലേഡീസ് വിങ്ങ് മെമ്പർമാരുടെ കൈ കൊട്ടിക്കളിയും നടന്നു. തുടർന്ന് ശാഖാ മെംബർമാരുടെ സിനിമാ ഗാനാലാപനവും സ്റ്റേജിൽ അരങ്ങേറി.

11.30 മണിക്ക് ശ്രീമതി റാണി രാധാകൃഷ്ണന്റെ ഈശ്വര പ്രാർത്ഥനയോടെ കഴകക്കാരെ ആദരിക്കുന്ന ചടങ്ങിന് തുടക്കമായി. ശ്രീമതി മായാ സുന്ദരേശ്വരൻ അദ്ധ്യക്ഷത വഹിച്ചു.

ശാഖയുടെ ക്ഷണം സ്വീകരിച്ച് എത്തിയ വിശിഷ്ട വ്യക്തികളായ ശ്രീ. കെ.ഡി. ദാമോദരൻ നമ്പൂതിരിയെയും (കേരള സംസ്ഥാന യോഗക്ഷേമ സഭയുടെ ജോ: സെക്രട്ടറി), കിടങ്ങശ്ശേരി ശ്രീ.



ഇരിങ്ങാലക്കുട ശാഖയുടെ ഓണാഘോഷം

ജാതവേദൻ നമ്പൂതിരിയെയും (മാനേജിങ്ങ് ഡയറക്ടർ, നമ്പൂതിരിസ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ ഇരിങ്ങാലക്കുട), സമാജം കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഹരികൃഷ്ണൻ, ശാഖാ പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരൻ, ശ്രീ. ഭാസ്ക്കര വാര്യർ (ഐ.ടി. വിഭാഗം കൺവീനർ ശ്രീ. ഭാസിരാജിൻെറ പിതാവ്) എല്ലാത്തിനുമുപരി ശാഖാ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകി വരുന്ന സദസ്സിൽ ഇരിക്കുന്ന പ്രിയപ്പെട്ട ശാഖാ മെമ്പർമാരെയും സെക്രട്ടറി സി.ജി. മോഹനൻ സ്വാഗതം ചെയ്തു.

ശ്രീ. കെ.ഡി. ദാമോദരൻ നമ്പൂതിരി, ശ്രീ. കിടങ്ങശ്ശേരി ജാതവേദൻ നമ്പൂതിരി, ശ്രീ. ഭാസ്ക്കരവാര്യർ, ശാഖാ പ്രസിഡണ്ട്, സെക്രട്ടറി ട്രഷറർ എന്നിവർ ചേർന്ന് ദീപം തെളിയിച്ചു.

കെ.ഡി. ദാമോദരൻ നമ്പൂതിരി തൻെറ ഉദ്ഘാടന പ്രസംഗത്തിൽ, പിഷാരോടി സമാജം പോലെയുള്ള അമ്പലവാസി സമുദായ സംഘടനകൾ ഒന്നിച്ച് പ്രവർത്തിക്കേണ്ട കാലം അതിക്രമികരിച്ചിരിക്കുന്നു എന്നും നമ്മൾ നേരിടുന്ന പ്രശ്നങ്ങളെ ഒറ്റകെട്ടായി കൂട്ടായ്മയോടെ നേരിടണമെന്നും പറഞ്ഞു.

ശ്രീ. കിടങ്ങാശ്ശേരി ജാതവേദൻ നമ്പൂതിരി, പിഷാരോടി സമാജം ഇരിങ്ങാലക്കുട ശാഖ ക്രിയാത്മകമായ പ്രവർത്തനമാണ് കാഴ്ചവക്കുന്നതെന്നും ക്ഷേത്രങ്ങളിലെ നിത്യനിദാന കാര്യങ്ങളിൽ പകലും രാത്രിയും ജോലി ചെയ്യുന്ന കഴകക്കാരെ ബഹുമാനിക്കുക, അവർക്ക് വേണ്ട സഹായങ്ങളും മറ്റും യഥാസമയത്ത് ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തുന്നതിന് എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നതായി പറഞ്ഞു.

വിശിഷ്ടാതിഥികളും ജനറൽ സെക്രട്ടറിയും ശാഖയിലെ 25 കഴകപ്രവർത്തകരെ പൊന്നാട അണിയിച്ച് സ്നേഹോപഹാരം നല്കി ആദരിച്ചു.

ശ്രീ. കെ.ഡി. ദാമോദരൻ നമ്പൂതിരിയെ ശാഖാ വൈസ് പ്രസിഡണ്ട് വി.പി. രാധാകൃഷ്ണൻ പൊന്നാടയണിയിച്ചു. പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശൻ ശാഖയുടെ സ്നേഹോപഹാരമയി മെമോന്റോ നൽകി ആദരിക്കുകയും ചെയ്തു.

ശ്രീ. കിടങ്ങശ്ശേരി ജാതവേദൻ നമ്പൂതിരിയെ ഭാസ്ക്കരവാര്യർ പൊന്നാട അണിയിച്ചു. സെക്രട്ടറി സി.ജി. മോഹനൻ ശാഖയുടെ സ്നേഹോപഹാരം നൽകി.

ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഹരികൃഷ്ണൻ തന്റെ ഭാഷണത്തിൽ പ്രൈവറ്റ് ക്ഷേത്രങ്ങളിൽ കഴക പ്രവർത്തി ചെയ്യുന്നവർക്ക് അദ്ധ്വാനം കൂടുതലും വരുമാനം കുറവും ആണെന്നും അതുകൊണ്ട് മാറിയ സാഹചര്യത്തിൽ ശാഖകൾ അവർക്ക് കഴിയുന്ന സഹായങ്ങൾ ചെയ്യുന്നത് ഉചിതമായിരിക്കും എന്നും കൂടാതെ ഇരിങ്ങാലക്കുട ശാഖാ മെംബർ ഭാസിരാജ് ഐ.ടി. കൺവിനറായി തിരഞ്ഞെടുത്ത കാര്യവും വെബ്സൈറ്റിന്റെ ഭാവി പ്രവർത്തനങ്ങളെപ്പറ്റിയും കഴിഞ്ഞ 24-08-2025 ന് നടന്ന കേന്ദ്ര കമ്മിറ്റിയുടെ തീരുമാനങ്ങളെപ്പറ്റിയും യോഗത്തിൽ വിശദീകരിച്ചു.

കഴക പ്രവർത്തി ചെയ്യുന്നവരെ ആദരിക്കുന്നത് മഹത്തായ കാര്യമാണെന്നും, ഇരിങ്ങാലക്കുട ശാഖയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്നതിനുള്ള ഏറ്റവും നല്ല ഉദാഹാരണമാണ് ആദരിക്കൻ ചടങ്ങ് എന്നും ജനറൽ സെക്രട്ടറി പറഞ്ഞു.

ശാഖയിലെ എൽ.പി. ക്ലാസ്സ് മുതൽ +2 വരെയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തു.

കഴകപ്രവർത്തകരെ ആദരിക്കുമ്പോൾ നല്കുന്ന സ്നേഹോപഹാരം സ്പോൺസർചെയ്ത ശ്രീ. ഭാസ്ക്കരവാര്യർ, ഇരിങ്ങാലക്കുട ശാഖയുടെ മികച്ച പ്രവർത്തനം കഴിഞ്ഞ മെയ് മാസത്തിൽ നടന്ന കേന്ദ്ര വാർഷികം ഭംഗിയായി നടത്തിയതിലൂടെ നേരിൽ കണ്ടതാണെന്നും ശാഖയുടെ മുന്നോട്ട് ഉള്ള പ്രവർത്തനങ്ങൾക്ക് കഴിയുന്ന എല്ലാ സഹായ സഹകരണവും ഉണ്ടാകുമെന്നും ഉറപ്പ് നൽകി.

* * * * * * * * * * * * * * * *

പിഷാരോടി സമാജം ഇരിങ്ങാലക്കുട ശാഖയുടെ സെപ്തംബർ മാസത്തെ കുടുംബയോഗം 19-09-2025ന് രാത്രി 8.00 മണിക്ക് ഗൂഗിൾ മീറ്റിലൂടെ നടന്നു. പ്രാർത്ഥനയ്ക്ക് ശേഷം യോഗത്തിലേക്ക് എല്ലാവരെയും സെക്രട്ടറി സ്വാഗതം ചെയ്തു.

കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങൾക്കും, മറ്റുള്ളവർക്കും മൗനപ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിച്ചു. തന്റെ അദ്ധ്യക്ഷ ഭാഷണത്തിൽ കഴിഞ്ഞ മാസത്തിൽ സമുദായ അംഗങ്ങൾക്ക് കിട്ടിയ പുരസ്കാരങ്ങൾക്കും അവാർഡുകൾക്കും ശാഖയുടെ പേരിൽ പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരൻ അഭിനന്ദന

ങ്ങളും ആശംസകളും അറിയിച്ചു.

സെക്രട്ടറി അവതരിപ്പിച്ച കഴിഞ്ഞ മാസ യോഗത്തിന്റെ മിനിട്സ് യോഗം പാസ്സാക്കി.

ട്രഷറർ തയ്യാറാക്കിയ വരവ്-ചെലവ് കണക്കുകൾ യോഗം അംഗീകരിച്ചു. 2025-26 വർഷത്തേക്കുള്ള വരിസംഖ്യ പിരിവ് ഉർജ്ജിതമായി നടക്കുന്നുണ്ടെന്നും, പകുതിയലധികം മെമ്പർമാരുടെ വരിസംഖ്യ കിട്ടിയതായും സെക്രട്ടറി യോഗത്തെ അറിയിച്ചു.

അതുപോലെ PET-2000 പെൻഷൻ ഫണ്ടിലേക്ക് സഹായഹസ്തം നീട്ടിയ ശാഖയുടെ മെമ്പർമാർക്ക് സെക്രട്ടറി പ്രത്യേകം നന്ദി അറിയിച്ചു. 21-09-2025ന് തൃശൂർ കൗസ്തുഭം ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്ന തുളസിദളം അവാർഡ്, PE & WS സ്കോളർഷിപ്പ് അവാർഡ് എന്നീ ചടങ്ങിൽ ശാഖയിൽ നിന്നും പരമാവധി ഭാരവാഹികളും, മെമ്പർമാരും, അവാർഡ് ജേതാക്കളും പങ്കെടുക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

ലെജന്റ്സ് ഓഫ് ഇരിങ്ങാലക്കുടയുടെ സേവൻ മിത്ര് പുരസ്കാരം നേടിയ ശാഖാ മെമ്പർ ശ്രീ. ഭാസിരാജിന് യോഗം പ്രത്യേകം അഭിനന്ദനങ്ങൾ അറിയിച്ചു. മനുഷ്യ സ്നേഹത്തിലൂന്നിയ അദ്ദേഹത്തിന്റെ വലിയ സാമൂഹിക സേവനങ്ങളാണ് ശ്രീ. ഭാസിരാജിനെ സേവൻ മിത്ര് പുരസ്ക്കാരത്തിന് അർഹനാക്കിയത്.

ശാഖയിലെ മെമ്പർമാരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി ഒരു ദിവസത്തെ ഉല്ലാസയാത്ര സംഘടിപ്പിക്കുവാൻ സ്ഥലവും, മറ്റു കാര്യങ്ങളും നോക്കി വേണ്ട നടപടികൾ ചെയ്യുവാൻ ശ്രീ. സി.ജി. മോഹനൻ, ശ്രീ. മുരളി ബാലാ, ശ്രീമതി റാണി രാധാകൃഷ്ണൻ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

ക്ഷേമ നിധി നടത്തി.

ഗുഗിൾ മീറ്റിൽ പങ്കെടുത്ത എല്ലാവർക്കും ശ്രീമതി രാധാകൃഷ്ണൻ നന്ദി രേഖപ്പെടുത്തിയതോടെ യോഗം 9.30 മണിക്ക് പര്യവസാനിച്ചു.

## കോങ്ങാട് ശാഖയുടെ ഓണാഘോഷവും 39-ാം വർഷികവും

07-09-2025നു രാവിലെ 9 മണിക്ക് ആചാര്യരത്നം ശ്രീ. കെ.പി. ഗോപാലപിഷാരോടി (അനിയമ്മാൻ) സമാജ അങ്കണത്തിൽ പതാക ഉയർത്തി തുടക്കം കുറിച്ചു.

ശേഷം സർവ്വശ്രീ അനിൽ കൃഷ്ണൻ, വത്സൻ, ജയകൃഷ്ണൻ എന്നിവർ അതിഗംഭീരമായ കേളി അവതരിപ്പിച്ചു.

കുമാരിമാർ ആര്യ, അമേയ എന്നിവർ അതി മനോഹരമായ പൂക്കളം ഒരുക്കി.

ശ്രീമതി ഉഷ, ശ്രീ. പി.പി. നാരായണൻകുട്ടി, ശ്രീ. കെ.പി. പ്രഭാകരൻ എന്നിവർ പങ്കെടുത്ത മാല കെട്ട് മത്സരം നടന്നു.

തുടർന്ന് വാർഷികത്തിന് എത്തിച്ചേർന്നവരുടെ രജിസ്ട്രേഷൻ ആരംഭിച്ചു.

പ്രഭാതഭക്ഷണത്തിന് ശേഷം വിശിഷ്ട അതിഥികളായ കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ. ഹരികൃഷ്ണൻ, മുൻ കേന്ദ്ര പ്രസിഡന്റും രക്ഷാധികാരിയുമായിരുന്ന ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി, തുളസീദളം എഡിറ്റർ ശ്രീ. ഗോപൻ പഴുവിൽ എന്നിവരെ പ്രസിഡന്റ് ശ്രീ. പ്രഭാകര പിഷാരോടി വേദിയിലേക്ക് ആനയിച്ചു.

ശ്രീ. കെ.പി. ഗോപാലപിഷാരോടി, ശ്രീ. പ്രഭാകര പിഷാരോടി എന്നിവർ ചേർന്ന് ദീപം തെളിയിച്ചു. കുമാരിമാർ ആര്യ, അമേയ എന്നിവരുടെ പ്രാർത്ഥനക്ക് ശേഷം ശ്രീമതിമാർ ശ്രീദേവി പ്രഭാകരൻ, രാധാ ലോഹിതൻ, ശോഭാ സുകുമാരൻ, ശാന്ത ഹരിദാസൻ എന്നിവർ പുരാണ പാരായണം ചെയ്തു.

തുടർന്ന് മുൻ പ്രസിഡന്റ് ശ്രീ. കെ.പി. രാമചന്ദ്ര പിഷാരോടി വിശിഷ്ട അതിഥികളായ കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ. ഹരികൃഷ്ണൻ, മുൻ കേന്ദ്ര കമ്മിറ്റി പ്രസിഡന്റും രക്ഷാധികാരിയുമായിരുന്ന ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി, തുളസീദളം എഡിറ്റർ ശ്രീ. ഗോപൻ പഴുവിൽ എന്നിവരേയും വാർഷിക ആഘോഷത്തിൽ പങ്കെടുക്കാനെത്തിയ നമ്മുടെ സമുദായ അംഗങ്ങളായ മുഴുവൻ സദസ്യരെയും സ്വാഗതം ചെയ്ത് സംസാരിച്ചു.

കഴിഞ്ഞ ഒരു വർഷം നമ്മെ വീട്ടു പിരിഞ്ഞ നമ്മുടെ സമുദായ അംഗങ്ങൾക്കും മറ്റു പ്രമുഖ വ്യക്തികൾക്കും ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഒരു മിനിറ്റ് നേരം മൗനാചരണം നടത്തി.

അദ്ധ്യക്ഷൻ തന്റെ ആമുഖ പ്രസംഗത്തിൽ കോങ്ങാട് ശാഖയിൽ ഒരു വർഷ കാലയളവിൽ നടന്ന കാര്യങ്ങളുടെ ഒരു അവലോകനം നടത്തി. സമാജ മന്ദിരത്തിൽ ചെയ്ത നവരീകരണ പ്രവർത്തനത്തെ പറ്റി വിശദീകരിച്ചു. ആ പ്രവർത്തികൾ സ്പോൺസർ ചെയ്ത വ്യക്തികൾക്ക് നന്ദി രേഖപ്പെടുത്തി. സമുദായ അംഗങ്ങളുടെ സഹകരണം




തുടർന്നും ഉണ്ടാവുമെന്ന പ്രത്യാശ പ്രകടിപ്പിച്ചു.

കേന്ദ്ര പ്രസിഡന്റ് ശ്രീ. രാമചന്ദ്ര പിഷരോടി വാർഷികം ഉദ്ഘാടനത്തിന് എത്താമെന്ന് ഏറ്റിരുന്നെങ്കിലും അപ്രതീക്ഷിതമായ കാരണങ്ങൾ കൊണ്ട് യാത്ര തരപ്പെട്ടില്ല. ആയതിനാൽ ജനറൽ സെക്രട്ടറിയെ വാർഷികം ഉദ്ഘാടനം നടത്താൻ ചുമതലപ്പെടുത്തിയതായി അറിയിച്ചു. അപ്രകാരം ജനറൽ സെക്രട്ടറി ശ്രീ. ഹരികൃഷ്ണൻ കോങ്ങാട് ശാഖയുടെ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് വാർഷികം ഔപചാരികമായി ഉദ്ഘാടനം നിർവഹിച്ചു.

രണ്ടു ദശകത്തിലധികം സമാജത്തിന്റെ വിവിധ തലങ്ങളിൽ സ്തുത്യർഹമായ സേവനം നടത്തി പിഷാരോടി സമാജത്തെ ഇന്നത്തെ നിലയിൽ എത്തിക്കാൻ അക്ഷീണ പ്രവർത്തനം നടത്തിയ മുൻ കേന്ദ്ര പ്രസിഡന്റും രക്ഷാധികാരിയുമായിരുന്ന ശ്രീ. ബാലകൃഷ്ണപിഷാരോടിയെ കോങ്ങാട് ശാഖക്കു വേണ്ടി ശ്രീ. കെ.പി. ഗോപാലപിഷാരോടി പൊന്നാട അണിയിച്ചും പ്രസിഡന്റ്ശ്രീ. കെ.പി. പ്രഭാകര പിഷാരോടി ശാഖയുടെ ഉപഹാരം നൽകിയും ആദരിച്ചു. അതേപോലെ സമാജം മാസികയായ തുളസീദളം എഡിറ്റർ ശ്രീ. ഗോപൻ പഴുവിലിനെയും പൊന്നാടയും ശാഖയുടെ ഉപഹാരവും നൽകി ആദരിച്ചു. ശ്രീ. ഗോപൻ പഴുവിൽ സബ് എഡിറ്റർ, എഡിറ്റർ എന്നീ നിലകളിൽ കഴിഞ്ഞ ഒരു ദശകത്തിലധികമായി നമ്മുടെ തുളസീദളം മാസിക നല്ല നിലയിൽ എത്തിക്കാൻ അശ്രാന്തം പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. തുടർന്നും അദ്ദേഹത്തിന്റെ നിസ്തുല്യ സേവനം നമുക്ക് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

പാരമ്പര്യമായി കഴക പ്രവർത്തി ചെയ്ത് കൊണ്ടിരിക്കുന്ന ഒരു വ്യക്തിക്ക് തന്റെ മൺമറഞ്ഞ പിതാവ് സ്വർഗീയനായ കരുണാകര പിഷാരോടിയുടെ ഓർമ്മക്കായി ശാഖയുടെ വൈസ് പ്രസിഡന്റ് ശ്രീ. ടി.പി. അച്യുതാനന്ദൻ നൽകി വരാറുള്ള ക്യാഷ് അവാർഡും, മൊമെന്റോയും കല്ലുവഴി അയ്യപ്പൻകാവിൽ പിഷാരത്ത്  നാരായണ പിഷാരോടിക്ക് നൽകി അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആദരിച്ചു. വാർഷികത്തിന് എത്തുന്ന ഏറ്റവും മുതിർന്ന രണ്ട് അംഗങ്ങൾക്ക് നൽകി വരാറുള്ള ഓണപ്പുടവ ഇത്തവണ തൃപ്പറ്റ പിഷാരത്ത് ശ്രീമാൻ അച്യുത പിഷാരോടിക്കും പത്നി ശ്രീമതി രാജ ലക്ഷ്മിക്കും നൽകി അവരെ ആദരിച്ചു. യുവ കലാകാരൻ ശ്രീ. ജിഷ്ണു മനോജിനെ അനുമോദിക്കാൻ തീരുമാനിച്ചിരുന്നു, പക്ഷെ മുൻകൂട്ടി നിശ്ചയിച്ച പരിപാടി ഉണ്ടായിരുന്നതിനാൽ അദ്ധേഹത്തിനു വാർഷികത്തിന് എത്താൻ കഴിയില്ല എന്ന് അറിയിക്കുകയുണ്ടായി.

ശ്രീ. ബാലകൃഷ്ണ പിഷാരോടിയും, ശ്രീ. ഗോപൻ പഴുവിലും കോങ്ങാട് ശാഖ നൽകിയ

അംഗീകാരത്തിന് വികാര നിർഭരമായ മറുപടി നൽകി. സമാജത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ശാഖ സമാജത്തിനു വേണ്ടി പ്രവർത്തിച്ച ഒരു മുൻ പ്രസിഡന്റിനെയും, തുളസീദളം എഡിറ്ററെയും ആദരിക്കുന്നതെന്നും അറിയിച്ചു. ശ്രീ. ഗോപൻ പഴുവിലിനും സമാനമായ അഭിപ്രായമായിരുന്നു.

ശേഷം തുളസീദളം ഓണപ്പതിപ്പിന്റെ ഔപചാരികമായ പ്രകാശനം നിർവഹിക്കലായിരുന്നു. അതിന്റെ ഒരു കോപ്പി കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ. ഹരികൃഷ്ണൻ ശാഖാ പ്രസിഡണ്ട് പ്രഭാകര പിഷാരോടിക്ക് നൽകിക്കൊണ്ട് നിർവഹിച്ചു.

സെക്രട്ടറി ശ്രീ. കെ.പി. ഗോവിന്ദൻ വാർഷിക റിപ്പോർട്ടും ട്രഷറർ ശ്രീ. കെ.പി. ചന്ദ്രശേഖരന് വേണ്ടി ശ്രീ. എം.പി. ഹരിദാസൻ വാർഷിക കണക്കും ശ്രീ. അനിൽ കൃഷ്ണൻ സമാജ മന്ദിരത്തിന്റെ കണക്കും അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു പാസ്സാക്കി.

നമ്മുടെ ശാഖയുടെ പേരിൽ അംഗീകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങണമെന്ന കേന്ദ്ര കമ്മിറ്റിയുടെ നിർദേശപ്രകാരം സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കോങ്ങാട് ശാഖയിൽ അക്കൗണ്ട് തുടങ്ങാൻ ഈ ജനറൽ ബോഡിയുടെ അനുമതി തേടിയത് സർവ്വ സമ്മതിയോടെ അംഗീകരിച്ചു. പിഷാരോടി സമാജത്തിന്റെ ബൈലോ പ്രകാരം തിരഞ്ഞെടുക്കുന്ന ഭാരവാഹികളുടെ കാലാവധി രണ്ട് വർഷം ആയതിനാൽ 2024-26 വർഷത്തേക്ക് തിരഞ്ഞെടുത്ത കമ്മിറ്റിയിലെ ഭാരവാഹികൾ തന്നെ അക്കൗണ്ട് കൈകാര്യം ചെയ്യും.

**ഭരണ സമിതി**

രക്ഷാധികാരികൾ: ശ്രീ. കെ.പി. അച്ചുണ്ണി പിഷാരോടി, ശ്രീ. കെ.പി. ഗോപാല പിഷാരോടി

പ്രസിഡന്റ്: ശ്രീ. കെ.പി. പ്രഭാകര പിഷാരോടി

വൈസ് പ്രസിഡന്റുമാർ: ശ്രീ. ടിയപിയ അച്യുതാനന്ദൻ, ശ്രീ. സുരേഷ് കുമാർ

സെക്രട്ടറി: ശ്രീ. കെ.പി. ഗോവിന്ദൻ

ജോയിന്റ് സെക്രട്ടറിമാർ: ശ്രീമതി കെ.പി. ഗീത, ശ്രീമതി മായാ ബാബു

ട്രഷറർ: ശ്രീ. കെ.പി. ചന്ദ്രശേഖരൻ

സമാജം മാനേജർ: ശ്രീ. അനിൽ കൃഷ്ണൻ

കമ്മിറ്റി മെമ്പർമാർ: ശ്രീ. കെ.പി. രാമചന്ദ്രൻ പിഷാരോടി, ശ്രീ. എം.പി. ഹരിദാസൻ, ശ്രീ. പി.പി. നാരായണൻകുട്ടി, ശ്രീമതി ഉഷാദേവി, ശ്രീ. വി.പി. ഹരീഷ്, ശ്രീ. കെ.ബി. മുരളീധരൻ, ശ്രീമതി രാധിക, ശ്രീമതി സംഗീത, ശ്രീമതി രാധാ ലോഹിതൻ, ശ്രീ. സി.പി. ജയകൃഷ്ണൻ.

ഇന്റേണൽ ഓഡിറ്റർ: ശ്രീ. എം.പി. ഹരിദാസൻ

ആയതിനാൽ പ്രസിഡന്റ് ശ്രീ. കെ.പി. പ്രഭാകര പിഷാരോടിയും, ട്രഷറർ ശ്രീ. കെ.പി. ചന്ദ്രശേഖരനും ഇനി ഒരറിയിപ്പുവരെ സൗത്ത് ഇന്ത്യൻ ബാങ്കിൽ ശാഖയുടെ സിഗ്നേറ്ററിസ് ആയിരിക്കും.

ശാഖയുടെ വിദ്യാഭ്യാസ അവാർഡ്/ സ്കോളർഷിപ്പ് കേന്ദ്ര ജനറൽ സെക്രട്ടറി വിതരണം ചെയ്തു കുട്ടികളെ അനുമോദിച്ചു. വിദ്യാഭ്യാസ അവാർഡ്/സ്കോളർഷിപ് നേടിയവരുടെ വിവരങ്ങൾ:

കുമാരി ദേവിക (ശ്രീമതി എ.പി. മാലിനി, കരുമ്പുഴയുടെ മകൾ) - സത്യാനന്ദൻ മെമ്മോറിയൽ പ്ലസ് ടു അവാർഡ്.

കുമാരി പാർവതി (ശ്രീ ബാബു കല്ലുവഴിയുടെ മകൾ) - പാർവതി പിഷാരസ്യാർ സ്പോൺസർ ചെയ്ത പ്ലസ് ടു അവാർഡ്.

മാസ്റ്റർ അരവിന്ദ് കെ.പി. (ശ്രീ. ജിനേഷ് പിഷാരോടി, കല്ലുവഴിയുടെ മകൻ) - എം.പി. നാരായണപിഷാരടി (കോങ്ങാട് കുട്ടേട്ടൻ) മെമ്മോറിയൽ അവാർഡ്.

കുമാരി സൗമ്യ വി.പി. (ശ്രീ. കെ.ബി. മുരളീധരൻ, പുഞ്ചപ്പാടം, മകൾ) - ഡോക്ടർ രാമപിഷാരോടി സ്പോൺസർ ചെയ്ത ഡിഗ്രി അവാർഡ്.

യോഗം ഉച്ചഭക്ഷണത്തിന് പിരിയും മുമ്പേ ശ്രീമതി ശ്രീദേവി പ്രഭാകരൻ പിഷാരോടി രചിച്ച്, സംഗീതം നൽകി ശ്രീമതി സുധാ സുരേഷ്, കുമാരി വരദ എന്നിവർ ചേർന്ന് ശ്രീ. ജയകൃഷ്ണന്റെ പശ്ചാത്തല സംഗീതത്തോടെ പാടിയ കൈകൊട്ടിക്കളി അവതരിപ്പിച്ചത് കാണികൾ ആവേശത്തോടെ സ്വീകരിച്ചു. പങ്കെടുത്തവർ ശ്രീമതിമാർ ശ്രീദേവി പ്രഭാകരൻ, ഗീത കെ.പി., മായാ ബാബു, സുധാ സുരേഷ്, സൗമ്യാ സുനിൽ, ഗീതാ കണ്ണൻ, സംഗീത അനിൽ, കൃഷ്ണാ രവി, കുമാരി വരദ.

ഉച്ചഭക്ഷണതിന് ശേഷം ക്വിസ്സ് മാസ്റ്റർ ശ്രീ. രാജൻ പിഷാരോടി കുട്ടികൾക്ക് വേണ്ടി ക്വിസ് മത്സരം സംഘടിപ്പിച്ചു. തുടർന്ന് ശരണ്യ, മുകുന്ദ് എന്നിവരുടെ ഡാൻസ് വരദ, വേദ, അമേയ, ആര്യ എന്നിവരുടെ സിനിമാഗാനം, അമേയ, ആര്യ, ശരണ്യ, വേദ തുടങ്ങിയവരുടെ ഡാൻസ്, ശ്രീമ

തി ശ്രീദേവി പ്രഭാകരൻ സ്വന്തമായി രചിച്ച് ഈണം നൽകിയ ഓണപ്പാട്ട് എന്നിവയും സദസ്യർ ആസ്വദിച്ചു ഹർഷാരവത്തോടെ പങ്കെടുത്തവരെ അഭിനന്ദിച്ചു.

അവസാനമായി ശ്രീ. എം.പി. ഹരിദാസൻ രചനയും സംവിധാനവും നിർവഹിച്ച "എന്തും ആകാം" എന്ന കാലിക പ്രാധാന്യമുള്ള നാടകം കാണികളുടെ മുക്തകണ്ഠ പ്രശംസ നേടി. ഈ നാടകത്തിൽ അഭിനയിച്ചവർ ശ്രീ. എം.പി. ഹരിദാസൻ പുലാപ്പറ്റ, ശ്രീ. രാജഗോപാലൻ നഗരിപുരം, ശ്രീ. പ്രസാദ് കാരാകുറിശ്ശി, ശ്രീദിവ്യ കല്ലുവഴി, ശ്രീമതി സംഗീത അനിൽ, മാസ്റ്റർ മുകുന്ദ്. എല്ലാവരും ഒന്നിനൊന്നു മികച്ച പ്രകടനം കാഴ്ചവെച്ചു.

ശ്രീമതിമാർ പുഷ്പലത പുലാപ്പറ്റ, രാധാ ലോഹിതൻ കോങ്ങാട്, സൗമ്യ സുനിൽ പുലാപ്പറ്റ എന്നിവർ നാടകത്തിന്റെ രംഗ സജ്ജീകരണം നിർവഹിച്ചു.

ഉപാദ്ധ്യക്ഷൻ ശ്രീ. ടി.പി. അച്യുതാനന്ദൻ വിവിധ പരിപാടികളിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനദാനം നിർവഹിച്ചു. ശേഷം കസേര കളി, സമാപന നൃത്തം എന്നിവ ഉണ്ടായി. തുടർന്ന് നന്ദി പ്രകടനവും നടത്തി, ദേശീയ ഗാനത്തോടെ വാർഷികം ഏകദേശം 4 മണിയോടെ അവസാനിച്ചു.

**പാലക്കാട്**

പാലക്കാട് ശാഖയുടെ ഓഗസ്റ്റ് മാസ യോഗം 28-08-2025ന് ഓൺലൈനായി നടത്തി.

സെക്രട്ടറിയുടെ ഈശ്വര പ്രാർത്ഥനയോടെ യോഗം 10 മണിക്ക് ആരംഭിച്ചു. യോഗത്തിൽ എത്തിച്ചേർന്ന ഏവരെയും സെക്രട്ടറി സ്വാഗതം ചെയ്തു. നമ്മെ വിട്ടുപിരിഞ്ഞു പോയവർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് മൗനപ്രാർത്ഥന നടത്തി.

പ്രസിഡണ്ട് എ.പി. സതീഷ്കുമാർ അടുത്ത മീറ്റിംഗ് സെക്രട്ടറിയുടെ ഭവനത്തിൽ വച്ച് നടത്താമെന്ന് അറിയിച്ചു. ഓണാഘോഷത്തെക്കുറിച്ച് വിശദമായ ചർച്ച നടത്തി.

ഒക്ടോബർ മാസത്തിൽ ഒരു ഓണസദ്യ സംഘടിപ്പിക്കാൻ തീരുമാനിച്ചു. കൂടുതൽ വിവരങ്ങൾ സെപ്റ്റംബർ മാസ യോഗത്തിൽ തീരുമാനിക്കാം എന്നും നിശ്ചയിച്ചു.

സെക്രട്ടറി ശാഖയിലെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ശാഖയിൽ നിന്നും 10, 12 ക്ലാസുകളിൽ ഉന്നത വിജയം നേടിയ അഞ്ചു കുട്ടികളുടെ വിവരങ്ങൾ കേന്ദ്രത്തിന് അയച്ചിരുന്നതായും അവർക്ക് എല്ലാം സ്കോളർഷിപ്പ് ലഭിച്ചിരിക്കുന്നതായും അറിയിച്ചു. നല്ല മാർക്കോടെ പാസ്സായ എല്ലാ കുട്ടികളെയും അഭിനന്ദിക്കുകയും അവർക്ക് ശാഖയുടെ വകയായും അനുമോദനങ്ങളും കാഷ് അവാർഡുകളും നൽകണമെന്നും തീരുമാനിച്ചു.

പാലക്കാട് ശാഖയിലെ എല്ലാ കുട്ടികൾക്കും അർഹിക്കുന്ന അവാർഡുകൾ കൊടുത്തതിൽ കേന്ദ്രത്തിനെ അഭിനന്ദിച്ചു.

അടുത്തമാസം നടത്താനിരിക്കുന്ന അവാർഡ് ദാന ചടങ്ങിൽ ശാഖയിൽ നിന്നും സജീവ പങ്കാളിത്തം ഉറപ്പുവരുത്തണമെന്നും തീരുമാനിച്ചു.

ട്രഷറർ ശ്രീ. ടി.പി. ബാലകൃഷ്ണൻ, മെമ്പർമാരുടെ വാർഷിക വരി സംഖ്യ പിരിച്ചു കിട്ടേണ്ടത്തിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞു.

ക്ഷേമനിധി നടത്തി.

സെക്രട്ടറിയുടെ നന്ദി പ്രകടനത്തോടെ യോഗം 11 മണിക്ക് അവസാനിച്ചു.



## 24-ാം ശ്രാദ്ധദിനം

(08-11-2025)

## കെ.പി. രാമൻ

**(Retd. Dy. Sales Manager,
Indian Oil Corporation Ltd., Cochin-16)**

**Sreyas, 37/3614, Ponoth Road
Kaloor, Ernakulam-682017**

സ്നേഹസ്മരണകളോടെ.... കുടുംബാംഗങ്ങൾ

# സ്മരണാഞ്ജലികൾ

## 9 – ാം ചരമവാർഷികം



# മഹാദേവമംഗലം പിഷാരത്ത്
# രാമചന്ദ്രൻ (മണി)

ചരമം : 12 – 10 – 2016

**സ്നേഹസ്മരണകളോടെ:**

പത്നി : മുടക്കാരി പിഷാരത്ത് നിർമല രാമചന്ദ്രൻ
മക്കൾ : പ്രേമ ഉണ്ണികൃഷ്ണൻ, മോഹൻദാസ് രാമചന്ദ്രൻ
മരുമക്കൾ : എ. ഉണ്ണികൃഷ്ണൻ, ഭാരതി മോഹൻദാസ്
പേരക്കുട്ടികൾ : പൂർണ്ണിമ ഉണ്ണികൃഷ്ണൻ, മാന്യ മോഹൻദാസ്, മയങ്ക് മോഹൻദാസ്
സഹോദരീ സഹോദരങ്ങൾ, ബന്ധുമിത്രാദികൾ

# സ്മരണാഞ്ജലി

## 1-ാം ചരമവാർഷികം (15.10.2025)



# ടി.വി. രുഗ്മിണി പിഷാരസ്യാർ

**നടുവിൽ തെക്കേ വീട് പിഷാരം, ചെറുകുന്ന്, കണ്ണൂർ.**

01.08.1933 – 15.10.2024

| | | |
|---|---|---|
| ഭർത്താവ് | : | പരേതനായ കെ.വി. കൃഷ്ണപിഷാരടി |
| മക്കൾ | : | ടി.വി. ഹരിദാസ്, ടി.വി മണിപ്രസാദ്. |
| മരുമക്കൾ | : | കെ.പി. സുധാ ദേവി, ആശ മണിപ്രസാദ് |
| സഹോദരങ്ങൾ | : | ടി.വി. പദ്മനാഭൻ (Late), ടി.പി. ശ്രീദേവി പിഷാരസ്യാർ (Late) ടി.പി. പത്മാവതി പിഷാരസ്യാർ (Late), ടി.വി ബാലകൃഷ്ണ പിഷാരടി, ടി.വി. ഗംഗാധരൻ, ടി.വി. ചന്ദ്രശേഖരൻ, എൻ.വി. കേശവൻ |

# 21-ാം ചരമവാർഷികം

(28-10-2025)



# എ. കൃഷ്ണപിഷാരോടി

ആനായത്ത് പിഷാരം

വിയ്യൂർ, തൃശ്ശൂർ

ദുഃഖസ്മരണകളോടെ:

സന്തപ്ത കുടുംബാംഗങ്ങൾ


# സ്മരണാഞ്ജലികൾ

**ഒന്നാം ചരമവാർഷികം**
19.10.2025



## വി.പി. സത്യഭാമപിഷാരസ്യാർ
പുത്തൻപിഷാരം, കോടർമണ്ണ, പുഞ്ചപ്പാടം

**മുപ്പത്തൊന്നാം ചരമവാർഷികം**
31.10.2025



## സി.പി. ഗോപാലപിഷാരോടി
ചിറ്റാരിപിഷാരം, കോഴിക്കോട്

**സ്നേഹസ്മരണകളോടെ: മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ**

# സ്മരണാഞ്ജലികൾ

**23–ാം ചരമവാർഷികം**
04/10/2025



## കെ. ആർ. കൃഷ്ണപിഷാരടി
കുറുമുള്ളൂർ പിഷാരം, കോട്ടയം
മരണം: 04/10/2002

**8–ാം ചരമവാർഷികം**
02/11/2025



## പി. കെ. കൊച്ചുകുട്ടി പിഷാരസ്യാർ
പാറക്കടവ് പിഷാരം, എറണാകുളം
മരണം: 02/11/2017

ശ്യാമളാലയം, പിരപ്പൻകോട് പി. ഒ., തിരുവനന്തപുരം – 695607

**സ്നേഹസ്മരണകളോടെ : മക്കൾ, മരുമക്കൾ, പേരമക്കൾ & ചെറുമക്കൾ**

## തിരുവനന്തപുരം ശാഖ ഓണാഘോഷം

പിഷാരടി സമാജം തിരുവനന്തപുരം ശാഖയുടെ 2025 ലെ ഓണാഘോഷം സെപ്റ്റംബർ 21 ഞായറാഴ്ച സ്റ്റാച്യുവിന് സമീപം പദ്മ കഫേയിൽ മന്നം ഹാളിൽ നടന്നു.

ശ്രീമതി പത്മാവതി പിഷാരസ്യാർ, ശ്രീദേവി പിഷാരസ്യാർ, ശ്രീ. ടി.പി. രാമൻകുട്ടി, ശ്രീ. കെ.കെ. പിഷാരടി, പ്രസിഡന്റ് ശ്രീ. ജഗദീഷ് പിഷാരടി എന്നിവർ ചേർന്ന് ദീപം തെളിച്ചതോടെ ആഘോഷങ്ങൾക്ക് തുടക്കമായി. ശ്രീ. ജഗദീഷ് പിഷാരടി ഏവരേയും സ്വാഗതം ചെയ്തു.

തിരുവനന്തപുരം ശാഖയിലെ വനിതാ അംഗങ്ങൾ കൈകൊട്ടിക്കളി അവതരിപ്പിച്ചു.

ശ്രീമതി സത്യഭാമ, ശ്രീമതി ഹേമ എൻ.എസ്, ശ്രീമതി സീത പി., ശ്രീമതി അശ്വതി, ഡോ. കീർത്തി സി.പി., ശ്രീമതി വിജയ ലക്ഷ്മി കെ., ശ്രീമതി സംഗീത എം., ശ്രീമതി ഗായത്രി ഗിരീഷ് എന്നിവർ പങ്കെടുത്തു.

മയൂഖയും മാളവികയും ഒരു ഹിന്ദി ചലച്ചിത്രഗാനത്തിന് നൃത്തം ചെയ്തു, ഹർഷിത് തന്റെ കീബോർഡിൽ മലയാളം ചലച്ചിത്രഗാനങ്ങളുടെ ഒരു മെഡ്‌ലി പ്ലേ ചെയ്തു.

തുടർന്ന് ശ്രീമതി ഹേമ, ശ്രീ. സുധി, ശ്രീ. ശ്രീകാന്ത് എന്നിവരുടെ മലയാള ചലച്ചിത്ര ഗാനങ്ങൾ അരങ്ങേറി. അവസാനമായി അംഗങ്ങൾ ഒരു ഗ്രൂപ്പ് ഓണപ്പാട്ട് അവതരിപ്പിച്ചു.

കുട്ടികൾക്കായി സൂചി നൂൽക്കൽ, മ്യൂസിക്കൽ ചെയറുകൾ എന്നിങ്ങനെ രണ്ട് പരിപാടികൾ നടത്തി. സൂചി നൂൽക്കൽ മത്സരത്തിൽ മാളവിക ഒന്നാം സ്ഥാനത്തും, ഹർഷിത് രണ്ടാം സ്ഥാനത്തും, മയൂഖ മൂന്നാം സ്ഥാനത്തും എത്തി.

മ്യൂസിക്കൽ ചെയർ മത്സരത്തിൽ ഹർഷിത് ഒന്നാം സ്ഥാനത്തും, മാളവികയും മയൂഖയും രണ്ടും മൂന്നാം സ്ഥാനങ്ങളിലും എത്തി.

ശ്രീ. ജഗദീഷ് പിഷാരടി എല്ലാ അംഗങ്ങളുടെയും പങ്കാളിത്തത്തിന് നന്ദി പറയുകയും തുടർന്ന് നടന്ന ഓണസദ്യ സ്പോൺസർ ചെയ്തതിന് ശ്രീ. മംഗളനാഥയ്ക്ക് പ്രത്യേക അഭിനന്ദനം അറിയിക്കുകയും ചെയ്തുകൊണ്ട് ഓണാഘോഷം അവസാനിച്ചു.

## തൃശൂർ ശാഖ ഓണാഘോഷം

തൃശൂർ ശാഖയുടെ ഓണാഘോഷം സെപ്റ്റംബർ 13ന് സമാജം ആസ്ഥാന മന്ദിരത്തിൽ പ്രസിഡന്റ് ശ്രീ. വിനോദ്കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തോടെ ആരംഭിച്ചു.

കുമാരിമാർ ശ്രീബാല, ശ്രീഭദ്ര എന്നിവർ പ്രാർത്ഥന ചൊല്ലി.



സമാജം ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഹരികൃഷ്ണൻ ഏവർക്കും സ്വാഗതമാശംസിച്ചു. സമാജത്തിന്റെയും ശാഖയുടെയും പ്രവർത്തനങ്ങളെ പറ്റിയും സമുദായം നേരിടുന്ന പ്രശ്നങ്ങളെ പറ്റിയും ശ്രീ. ഹരികൃഷ്ണൻ വിശദീകരിച്ചു.

അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ. വിനോദ് കൃഷ്ണൻ ഈ ഓണക്കാലത്തു ശാഖ നടത്തിയ ചാരിറ്റി പ്രവർത്തനങ്ങളെ പറ്റിയും മറ്റു പ്രവർത്തനങ്ങളെ പറ്റിയും സംസാരിച്ചു.

വൈസ് പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്ര പിഷാരോടി ഈ വർഷവും ഓണം വളരെ ഗംഭീരമായി തന്നെ ആഘോഷിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടെന്നും പ്രശസ്ത കലാകാരനായ ശ്രീ. നന്ദകിഷോർ നമ്മുടെ ആഘോഷം ഉദ്ഘാടനം ചെയ്യാൻ എത്തിയത് ഏറെ സന്തോഷം പകരുന്നുണ്ട് എന്നും പറഞ്ഞു.

തുടർന്ന് പ്രശസ്ത സിനിമാ, ടി വി താരവും നർമ്മ പ്രഭാഷകനുമായ ശ്രീ. നന്ദകിഷോർ ഓണാഘോഷം ഉദ്ഘാടനം ചെയ്തു.

സമകാലീകമായ വിഷയങ്ങളെയും സംഭവങ്ങളെയും സരസമായി പരിഹസിച്ചു കൊണ്ടും അതോടൊപ്പം രാമായണത്തിലെ സുന്ദരകാണ്ഡം, കല്യാണ സൗഗന്ധികം ഓട്ടൻതുള്ളലിലെ വനവർണന എന്നിവയെല്ലാം സമർത്ഥമായി ഉൾക്കൊള്ളിച്ചുകൊണ്ടും ഏകദേശം ഒരു മണിക്കൂറോളം അദ്ദേഹം നടത്തിയ ഉദ്ഘാടന ഭാഷണം അക്ഷരാർത്ഥത്തിൽ എല്ലാവരും പൂർണ്ണമായും ആസ്വദിച്ച നർമ്മ പ്രഭാഷണം തന്നെയായിരുന്നു.

പിഷാരോടി എഡ്യുക്കേഷണൽ & വെൽഫെയർ സൊസൈറ്റി സെക്രട്ടറി ശ്രീ. അജയകുമാർ ആശംസനേർന്ന് സംസാരിക്കുകയും 21ന് തൃശൂരിൽ നടക്കുന്ന തുളസീദളം, PE&WS അവാർഡ് വിതരണയോഗത്തിലേക്ക് ഏവരേയും ക്ഷണിക്കുകയും ചെയ്തു. തുടർന്ന് ശാഖയുടെ ഈ വർഷത്തെ വിദ്യാഭ്യാസ പുരസ്ക്കാര വിതരണം നടന്നു.

പത്താംക്ലാസിൽ ഉന്നതവിജയം നേടിയ ഗോവിന്ദ് ഹരികൃഷ്ണൻ, നീരജ് പിഷാരോടി, കൈലാസ് കൃഷ്ണ, അദ്വൈത് പിഷാരോടി എന്നിവർക്കും, പ്ലസ്ടുവിൽ ഉന്നതവിജയം നേടിയ ഗായത്രി, അമൃത എന്നിവർക്കും ശാഖയുടെ അവാർഡ് നല്കി.

കർക്കിടകത്തിൽ രാമായണ മാസത്തോടനുബന്ധിച്ച് നടന്ന രാമായണ പാരായണത്തിൽ തൃശൂർ ശാഖയിൽ നിന്നും പങ്കെടുത്തവർക്കുള്ള പ്രോത്സാഹന സമ്മാന വിതരണവും നടന്നു.

ഓണാഘോഷത്തിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും നറുക്കെടുപ്പിലൂടെ ഒരു ഭാഗ്യവാനെയും ഒരു ഭാഗ്യവതിയേയും കണ്ടെത്തിയതിൽ ശ്രീറാം ജയചന്ദ്രന് ഓണസമ്മാനമായി ഡബിൾമുണ്ടും



ശ്രീമതി ശൈലജ രാധാകൃഷ്ണന് സെറ്റ്മുണ്ടും സമ്മാനിച്ചു.

തുടർന്ന് കലാ പരിപാടികൾ അരങ്ങേറി.

ദീപിക എസ്. പിഷാരോടി ഭഗവദ്ഗീതയിലെ പതിനഞ്ചാമദ്ധ്യായം ഭംഗിയായി ചൊല്ലി. ശ്രീബാല ശ്രീഭദ്ര എന്നിവർ ഓണപ്പാട്ട് അവതരിപ്പിച്ചു. ശ്രീമതിമാർ ഉഷ ചന്ദ്രൻ, മിനി രവികുമാർ, അനിത ഹരികൃഷ്ണൻ, രഞ്ജിനി ഗോപി, അഞ്ജു സുരേഷ്, പ്രഭ ഗോപി, രാധിക ശ്രീകുമാർ, ലക്ഷ്മിദേവി വിനോദ് എന്നിവർ ചേർന്ന് കൈകൊട്ടിക്കളി അവതരിപ്പിച്ചു. കാർത്തിക്ക് സുരേഷ് സിനിമാറ്റിക് ഡാൻസ് അവതരിപ്പിച്ചു. ശ്രീ സുരേഷ് പിഷാരോടി (പൂത്തോൾ), ശ്രീമതി മാലതി സോമൻ (മുളകുന്നത്ത്കാവ്) എന്നിവർ ഗാനമാലപിച്ചു. ശ്രീമതി അനിത ഹരികൃഷ്ണൻ ഡിസൈൻ ചെയ്ത് കുട്ടികളും മുതിർന്നവരും ചേർന്ന് ഒരുക്കിയ പൂക്കളം വളരെ മനോഹരമായിരുന്നു.

ശാഖാ സെക്രട്ടറി ശ്രീ. എ.പി. ജയദേവൻ ഏവർക്കും നന്ദി പറഞ്ഞു.

വിഭവസമൃദ്ധമായ ഓണസ്സദ്യയോടെ ഉച്ചക്ക് 2 മണിക്ക് ആഘോഷങ്ങൾക്ക് പരിസമാപ്തിയായി.

ശാഖയുടെ അടുത്ത മാസത്തെ യോഗം 2025 ഒക്ടോബർ 19 ഞായറാഴ്ച്ച രാവിലെ 11 ന് വില്ലടത്ത് ശ്രീ. കെ.ജി. ജയചന്ദ്രന്റെ വസതിയിൽ വെച്ച് നടത്തുന്നതാണ്.

വിലാസം:- ജയചന്ദ്രൻ കെ.ജി., 925/4,അദ്വൈതം, നവ തൃക്കോവ്ക്ഷേത്രം, പടിഞ്ഞാറെ നട റോഡ്, വില്ലടം, രാമവർമ്മപുരം. ഫോൺ 9746459114.

## പട്ടാമ്പി

പിഷാരടി സമാജം പട്ടാമ്പി ശാഖയുടെ ഒരു ജനറൽ ബോഡി യോഗം 28-09-2025 ഞായറാഴ്ച വാടാനാംകുറുശ്ശി സമാജം ഹാളിൽ വെച്ച് ശ്രീ. കെ.പി. ഉണ്ണികൃഷ്ണ പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ നടത്തി. ശ്രീമതി എൻ.പി. ബിന്ദു പ്രാർത്ഥന ചൊല്ലി. ശ്രീ. വി.എം. ഉണ്ണികൃഷ്ണൻ സ്വാഗതം ആശംസിച്ചു. സ്വാഗത പ്രസംഗത്തിൽ പിഷാരടി സമാജത്തിന്റെ തുടക്കം മുതലുള്ള ചരിത്രവും കഴിഞ്ഞ കുറേക്കാലമായി പട്ടാമ്പി ശാഖ നടത്തിയ പ്രവർത്തനങ്ങളെ പറ്റിയും പറഞ്ഞു.

കോവിഡ് 19 ന് ശേഷം പ്രവർത്തനം താരതമ്യേന കുറയുകയും കഴിഞ്ഞ ഒരു കൊല്ലമായി സെക്രട്ടറിയായിരുന്ന ശ്രീ. എം.പി. സുരേന്ദ്രൻ അസുഖബാധിതനായതോടെ പ്രവർത്തനത്തെ വളരെയധികം ബാധിക്കുകയും ചെയ്തു.

ശാഖയുടെ പ്രവർത്തനം പൂർവ്വസ്ഥിതിയിലാക്കാനും തുളസീദളം സർഗ്ഗപ്രതിഭ അവാർഡ് നേടിയ ശ്രീ. രാജഗോപാലൻ ആനായത്ത്, കേന്ദ്രത്തിന്റെ വിദ്യാഭ്യാസ അവാർഡ് നേടിയ നാല് കുട്ടികൾക്ക് ശാഖയുടെ അവാർഡ് നൽകുന്നതിനുമായിട്ടാണ് പ്രധാനമായും ഈ യോഗം സംഘടിപ്പിച്ചത് എന്ന് അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ കാലങ്ങളിൽ നമ്മെ വിട്ടുപോയ സമുദായ അംഗങ്ങളെയും സമൂഹത്തിലെ മറ്റു പ്രതിഭകളെയും കഴിഞ്ഞ ദിവസം തമിഴ്നാട്ടിൽ മരിച്ച ജനങ്ങളെയും ആദരിച്ച് ഒരു മിനിറ്റ് അനുശോചനം രേഖപ്പെടുത്തി.

അദ്ധ്യക്ഷ പ്രസംഗത്തിൽ സമാജത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ പ്രാധാന്യം ശ്രീ. കെ.പി. ഉണ്ണികൃഷ്ണൻ പറഞ്ഞു.

അവാർഡ് നേടിയ ശ്രീ. രാജഗോപാലനെയും, കുട്ടികളെയും അദ്ദേഹം അഭിനന്ദിച്ചു.

മുഖ്യ പ്രഭാഷണം നടത്തിയ കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഹരികൃഷ്ണൻ സമാജത്തിനുണ്ടായ ഉയർച്ചയെ പറ്റി വിശദീകരിച്ചു.

വിവിധ ശാഖകളുടെ മന്ദിരങ്ങൾ, ആസ്ഥാനമന്ദിരം, ഗുരുവായൂർ ഗസ്റ്റ് ഹൗസ് എന്നിവയെപ്പറ്റി അദ്ദേഹം വിശദീകരിച്ചു.

മേൽ ജാതിക്കാർക്ക് വിദ്യാഭ്യാസ അഡ്മിഷൻ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകളും, കഴകക്കാരുടെ കാരായ്മ തുടങ്ങിയ പ്രശ്നങ്ങളും അദ്ദേഹം വിശദീകരിച്ചു. ക്ഷേത്രഭൂമി തിരികെ നൽകേണ്ടി വരുന്നതിന്റെ അമ്പലവാസികളുടെ പ്രശ്നത്തിനും ആശങ്ക പ്രകടിപ്പിച്ചു. ഏക മനസ്സോടെ പ്രവർത്തിക്കുകയും, പ്രതികരിക്കുകയും, ചെയ്യേണ്ടതിന്റ പ്രാധാന്യം അദ്ദേഹം ഓർമ്മിപ്പിച്ചു.

PET 2000 സ്കീമിൽ 20 പേർക്ക് പെൻഷൻ നൽകുന്ന കാര്യവും ഓണപ്പുടവ നൽകിയതിനെ പറ്റിയും സൂചിപ്പിച്ചു. തുളസീദളം കലാസാംസ്കാരിക സമിതിയുടെ പ്രവർത്തനത്തെപ്പറ്റിയും അദ്ദേഹം വിശദീകരിച്ചു.

ഓൺലൈനായി രാമായണമാസാചരണത്തിൽ 107 പേർ പങ്കെടുത്തെന്നും, ഉദ്ഘാടനം ഗുരുവായൂർ ഗസ്റ്റ്ഹൗസിൽ വെച്ച് നടത്തിയ സമയത്ത് പട്ടാമ്പി ശാഖയുടെ സഹകരത്തെ വിശിഷ്യാ ശ്രീ. കെ.പി. ഉണ്ണികൃഷ്ണ പിഷാരോടിയുടെ സജീവ സാന്നിദ്ധ്യത്തെക്കുറിച്ചും ജനറൽ സെക്രട്ടറി പറഞ്ഞു.

ശ്രീ. രാജഗോപാലിനെ ശ്രീ. വി.എം. ഉണ്ണികൃഷ്ണൻ സദസ്സിന് പരിചയപ്പെടുത്തി. അദ്ദേഹത്തിന് ശ്രീ. കെ.പി. ഹരികൃഷ്ണൻ പൊന്നാട അണിയിച്ച് ആദരിച്ചു.

ശ്രീ. എ.പി. രാമകൃഷ്ണൻ ഉപഹാരം നൽകി. മറുപടി പ്രസംഗത്തിൽ ഗണിതശാസ്ത്രത്തിന്റെ പ്രാധാന്യത്തെ പറ്റിയും ഈ രംഗത്ത് പിഷാരടിമാരുടെ സംഭാവനയും ശ്രീ. രാജഗോപാലൻ വിശദീകരിച്ചു.

പിഷാരടി സമാജം പട്ടാമ്പി ശാഖയുടെ പ്രവർത്തനത്തെ പറ്റിയും ഏതു വിഷയവും ജോലി കിട്ടുന്നതിന് മാത്രം പഠിക്കാതെ അതിൽ വളരെ ആഴത്തിൽ ഇടപെടേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം പറഞ്ഞു.

+2 പരീക്ഷയിൽ മികച്ച വിജയം നേടിയ ദിയ, ആർദ്ര, ആര്യ എന്നിവർക്കും, പത്താം ക്ലാസ് ഉയർന്ന മാർക്ക് നേടിയ അഭിഷേക് എന്ന കുട്ടിക്കും ശാഖയുടെ അവാർഡ് നൽകി.

അവാർഡ് വാങ്ങാൻ എത്തിയ മൂന്നു കുട്ടികൾ മറുപടി പറഞ്ഞു.

ശ്രീ. വി.പി. ഉണ്ണികൃഷ്ണൻ www.Keralasaree.com ന്റെ പേരിൽ സ്പോൺസർ ചെയ്ത ഓണപ്പുടവ ശാഖാ മന്ദിരത്തിൽ പ്രവർത്തിക്കുന്ന മൂന്നു പേർക്ക് നൽകി. PET 2000 സ്കീമിൽ പെൻഷൻ കിട്ടുന്ന ശാഖയിലെ രണ്ടുപേർക്ക് ഓണപ്പുടവ തപാലിൽ അയച്ചുവെന്നും ശ്രീ. വി.പി. ഉണ്ണികൃഷ്ണൻ പറഞ്ഞു.

ശാഖാ കൺവീനറായ ശ്രീ. എ.പി. രാമകൃഷ്ണൻ, പ്രവർത്തനങ്ങൾ ഊർജ്ജ്വസ്വലമാക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു.

തുടർന്ന് നടന്ന ചർച്ചയിൽ മെമ്പർഷിപ്പ് ഫെസ്റ്റ്, ഡയറക്ടറി എന്നിവ അപ്ഡേറ്റ് ചെയ്യേണ്ടതിന്റെ ആവശ്യങ്ങൾ ചർച്ച ചെയ്തു.

ശ്രീ. എം.പി. സുരേന്ദ്രൻ മാഷിൻെറ നിര്യാണത്തെ തുടർന്ന് ഒഴിവു വന്ന ശാഖാ സെക്രട്ടറി സ്ഥാനത്തേക്ക് അടുത്ത വാർഷിക പൊതുയോഗം വരെ ശ്രീ. വി.എം. ഉണ്ണികൃഷ്ണനെ ചുമതലയേൽപ്പിക്കാൻ തീരുമാനിച്ചു.

ശ്രീ. പ്രസാദ്, ശ്രീ. രാധാകൃഷ്ണൻ, ശ്രീ. മുരളി മാന്നനൂർ ശ്രീമതി രാഗിണി, ശ്രീമതി ബിന്ദു എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

കലാപരിപാടികളിൽ ശ്രീമതി ബിന്ദു, മാസ്റ്റർ ആദർശ്, ശ്രീ. ഋഷികേശൻ, ശ്രീമതി നിർമല എന്നിവർ പാട്ടു പാടി.

ശ്രീ. വി.പി. ഉണ്ണികൃഷ്ണന്റെ നന്ദി പ്രകടനത്തിനു ശേഷം ഉച്ച ഭക്ഷണത്തോടെ യോഗം അവസാനിച്ചു.

### കൊടകര ശാഖ ഓണാഘോഷം

പിഷാരടി സമാജം കൊടകര ശാഖയുടെ 2025 സെപ്റ്റംബർ മാസത്തെ യോഗവും സൗഹൃദോണം 2025 ഓണാഘോഷവും 21-09-2025 ഞായറാഴ്ച രാവിലെ 9.00 മുതൽ കാരൂർ ശ്രീ ശങ്കരനാരായണ ക്ഷേത്ര ഹാളിൽ വെച്ച് ആഘോഷപൂർവ്വം നടന്നു.

കൂട്ടായ്മയുടെ പ്രതീകമായ ഓണപ്പൂക്കളം ഒരുക്കി ആഘോഷങ്ങൾക്ക് തുടക്കമായി. പുഷ്പഗിരിജൻ, അനിത സന്തോഷ് എന്നിവരുടെ നേതൃത്വത്തിൽ ശാഖാംഗങ്ങൾ എല്ലാവരും ചേർന്ന് നാരായണീയ പാരായണം നടത്തി.

10.30 ന് സെപ്റ്റംബർ മാസത്തെ യോഗം ആരംഭിച്ചു. ശ്രീമതി അങ്കിതാ രാജുവിന്റെ ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം നമ്മെ വിട്ടു പിരിഞ്ഞ പ്രൊഫസർ സി.പി. സരസ്വതി പിഷാരസ്യാരുടേയും (കേന്ദ്ര വൈസ് പ്രസിഡൻറ് സി.പി. രാമചന്ദ്ര പിഷാരടിയുടെ സഹോദരി) മറ്റു സമുദായ അംഗങ്ങളുടെയും ആത്മശാന്തിക്കായി മൗന പ്രാർത്ഥന നടത്തി. ശ്രീ. കെ.പി. വിശ്വനാഥൻ യോഗത്തിൽ എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും ശാഖയുടെ കൂട്ടായ്മ പ്രത്യേകം എടുത്തുപറയുകയും ചെയ്തു.

ശാഖയിലെ മുതിർന്ന അംഗങ്ങളായ കമല പിഷാരസ്യാർ, ഇന്ദിര പിഷാരസ്യാർ, സുഭദ്ര പിഷാരസ്യാർ, രാമ പിഷാരോടി എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി. പ്രസിഡന്റ് ഉഷശ്രീധരൻ അദ്ധ്യക്ഷ പ്രഭാഷണം നടത്തി.

നമ്മുടെ ഓണാഘോഷത്തിന് എത്തിച്ചേർന്ന ശാഖയിലെ മുതിർന്ന അംഗവും പിഷാരോടി സമാജം സ്ഥാപക ജനറൽ സെക്രട്ടറിയും മുൻ കേന്ദ്ര പ്രസിഡണ്ടുമായ ശ്രീ കെ.എ. പിഷാരോടിയെ ഓണാഘോഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യാൻ പ്രസിഡണ്ട് സന്തോഷത്തോടു കൂടി ക്ഷണിച്ചു.

ശ്രീ. കെ.എ. പിഷാരോടി, ഈ വർഷത്തെ ഓണാഘോഷം കാരൂരിൽ വച്ച് നടത്തിയതിന് പ്രത്യേകം അഭിനന്ദിക്കുകയും 1975 ൽ പിഷാരോടി സമാജത്തിന്റെ ആദ്യ യോഗത്തിന് കാരൂർ വേദി ആയതിന്റെയും 1976 ൽ സമാജത്തിന്റെ ഔദോഗിക ഉദ്ഘാടനം നടന്നതും ആദ്യകാല സമാജ



കൊടകര ശാഖയുടെ ഓണാഘോഷം

പ്രവർത്തനാനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. പിഷാരടി സമാജം കൊടകര ശാഖയുടെ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട് ഓണാഘോഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

സെക്രട്ടറി ശ്രീമതി രമ്യ രാധാകൃഷ്ണൻ അവതരിപ്പിച്ച ഓഗസ്റ്റ് മാസത്തെ റിപ്പോർട്ടും ട്രഷറർ ശ്രീ. എം.പി. വിജയൻ അവതരിപ്പിച്ച കണക്കുകളും യോഗം അംഗീകരിച്ചു.

പാഞ്ചജന്യ ഭാരതവും കേരളസമന്വയ സമിതിയും കഴകക്കാർക്ക് നൽകുന്ന അവാർഡ് ലഭിച്ച പുഷ്പ ഗിരിജൻ ഒമ്പതുങ്ങൽ, കുമാരി കൃഷ്ണൻ മാങ്കുറ്റിപ്പാടം എന്നിവരെ പ്രസിഡണ്ട് പൊന്നാടയണിയിച്ച് അനുമോദിച്ചു.

അതിനുശേഷം കർക്കടക മാസത്തിൽ ഗൂഗിൾ മീറ്റിലൂടെ രാമായണ പാരായണത്തിൽ പങ്കെടുത്ത ശാഖയിലെ അംഗങ്ങൾക്കെല്ലാം പ്രസിഡണ്ട് പാരിതോഷികങ്ങൾ നൽകി.

ശ്രീമതി രമ രാംകുമാറും കുടുംബവും കൊടകര ശാഖയിൽ നിന്ന് മനോഹരമായി രാമായണം വായിച്ച ഒരംഗത്തിന് നൽകുന്ന ഉപഹാരത്തിന് ജയശ്രീ രാജൻ അർഹയായി.

ജയശ്രീ രാജൻ യോഗത്തിന് എത്തിച്ചേരാത്തതിനാൽ ഉപഹാരം അടുത്തമാസത്തെ മീറ്റിങ്ങിന് നൽകാമെന്ന് തീരുമാനിച്ചു. ശ്രീമതി രമ രാംകുമാർ സ്വന്തം കൈകൊണ്ട് തുന്നിയെടുത്ത വളരെ മനോഹരമായ ഉപഹാരം സമ്മാനമായി നൽകാൻ തീരുമാനിച്ചതിന് രമ രാംകുമാറിനും കുടുംബത്തിനും പ്രത്യേകം നന്ദി പറഞ്ഞു.

ജയൻ വരന്തരപ്പിള്ളിയുടെ നന്ദിയോടെ 11:30 നു യോഗനടപടികൾ അവസാനിച്ചു.

തുടർന്ന് സൗഹൃദോണം 2025 ഓണാഘോഷ പരിപാടികൾക്ക് തുടക്കമായി.

ശ്രീ. രഞ്ജിത് അവതരിപ്പിച്ച മാവേലിയെ സദസ്സ് ഹർഷാരവത്തോടെ സ്വീകരിച്ചു. ശാഖയിലെ അംഗങ്ങളുടെ ക്ഷേമങ്ങളെല്ലാം മാവേലി ചോദിച്ചറിഞ്ഞു. മാവേലിയുടെ സാന്നിധ്യത്തിൽ സമാജത്തിലെ വനിതകൾ ചേർന്ന് അവതരിപ്പിച്ച തിരുവാതിരക്കളിയെ സദസ്സ് കയ്യടികളോടെ സ്വീകരിച്ചു.

സമീരസുനിൽ, സഞ്ജന സുനിൽ, ദേവതീർത്ഥ എന്നിവരുടെ നൃത്തവും രമാ രാംകുമാർ, അങ്കിതാ രാജു, സത്യഭാമ വിശ്വനാഥൻ, ശ്രീലത വിജയൻ, ശ്രീകല രാമചന്ദ്രൻ, സുനിൽ കാവല്ലൂർ, മാസ്റ്റർ ആദിദേവ്, ധനഞ്ജയ്, ഭാവയാമി, ദേവതീർത്ഥ, അഥർവ് ഉണ്ണികൃഷ്ണൻ എന്നിവരുടെ പാട്ടുകളും കെ.പി. വിശ്വനാഥന്റെ പ്രഭാഷണവും സദസ്സ് ഹർഷാരവത്തോടെ സ്വീകരിച്ചു. ശ്രീമതി പുഷ്പാ ഗിരിജൻ, ടി.പി. രാമചന്ദ്രൻ എന്നിവരു

ടെ നേതൃത്വത്തിൽ നടന്ന രാമായണത്തെയും ഓണത്തെയും ആസ്പദമാക്കി നടത്തിയ ക്വിസ് മത്സരം വേറിട്ട ഒരു അനുഭവമായി.

വിഭവസമൃദ്ധമായ ഓണസദ്യക്ക് ശേഷം കലാപരിപാടികൾ കായിക മത്സരങ്ങൾ എന്നിവ തുടർന്നു. ശ്രീ. കെ.പി. മോഹനന്റെ നേതൃത്വത്തിൽ ഓണവും, ഓണപ്പാട്ടും ഒക്കെയായി നടത്തിയ സ്കിറ്റ് സദസ്സിനെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു.

കുട്ടികളുടെ കസേരകളിയിലും മുതിർന്നവരുടെ ബിസ്ക്കറ്റ് ഗെയിമിലും പ്രായഭേദമില്ലാതെ എല്ലാവരും പങ്കെടുത്തു. ശാഖയിലെ മുതിർന്ന പുരുഷന്മാർക്കും സ്ത്രീകൾക്കുമായി നടത്തിയ സാരിമടക്കൽ മത്സരം ഏറെ കൗതുകമുള്ളതായിരുന്നു. അതിമനോഹരമായി പൂക്കളം ഒരുക്കിയ ശ്രീ വി.പി. ജയൻ & സംഘത്തെ പങ്കെടുത്ത എല്ലാവരും മുക്തകണ്ഠം പ്രശംസിച്ചു.

പിഷാരടി എഡ്യുക്കേഷണൽ വെഫെയർ സൊസൈറ്റി നൽകിവരുന്ന വിദ്യാഭ്യാസ അവാർഡ് വിതരണം ഇന്നു തന്നെ ആയിരുന്നതിനാൽ അതിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടകര ശാഖയിലെ അവാർഡ് ലഭിച്ച കുട്ടികൾ തൃശൂരിലേക്ക് അവാർഡ് സ്വീകരിക്കാൻ പോയിരുന്നു.

കൊടകര ശാഖ നൽകിവരുന്ന വിദ്യാഭ്യാസ അവാർഡ് ഉച്ചയ്ക്കു ശേഷം കേന്ദ്ര വൈസ് പ്രസിഡൻറ് രാമചന്ദ്ര പിഷാരടി നൽകി. ലക്ഷ്മി പി.ആർ. (ഡിഗ്രി), ശ്രീജിത്ത് ഹരിഹരൻ (ഡിഗ്രി) RLV ഹരിത മണികണ്ഠൻ (പിജി), അഭിഷേക് (പ്ലസ് ടു), ഭഗത് ഉണ്ണികൃഷ്ണൻ (പത്ത്) എന്നിവർ അവാർഡുകൾ സ്വീകരിച്ചു. ഇതിൽ പിജിക്ക് മോഹിനിയാട്ടത്തിൽ മൂന്നാം റാങ്ക് നേടിയ RLV ഹരിതാ മണികണ്ഠനെ പ്രത്യേകം അനുമോദിക്കുകയും ചെയ്തു. ഹരിത മണികണ്ഠൻ നന്ദി പറയുകയും നൃത്തത്തെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ വിവരിക്കുകയും ചെയ്തു.

ശ്രീ. ടി.പി. രാമചന്ദ്രൻ യോഗത്തിന് എത്തിച്ചേർന്നവർക്കും സമാജത്തിന്റെ ഓണാഘോഷത്തിനായി ക്ഷേത്രത്തിന്റെ ഹാളിൽ സൗകര്യമൊരുക്കി തന്ന ക്ഷേത്രം ഭാരവാഹികൾക്കും സൗണ്ട് സിസ്റ്റം ഒരുക്കിത്തന്നവർക്കും സ്വാദിഷ്ടമായ സദ്യ ഒരുക്കിയവർക്കും സമുചിതമായി നന്ദി പറഞ്ഞു.

കൂട്ടായ്മയുടെ പ്രതീകമായ ഫോട്ടോ സെഷനു ശേഷം കൃത്യം 4.30ന് ഓണാഘോഷം അവസാനിച്ചു.

തുടക്കം മുതൽ അവസാനം വരെ പ്രായഭേദമന്യേ യഥാർത്ഥ കൂട്ടായ്മ പ്രതിഫലിച്ച സൗഹൃദോണം 2025 മറക്കാനാവാത്ത അനുഭവമായിരുന്നു.

### മുംബൈ

മുംബൈ ശാഖയുടെ 452-ാമത് ഭരണസമിതി യോഗം 14-09-2025നു വൈകീട്ട് 5.30നു വീഡിയോ കോൺഫറൻസ് വഴി പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതിയുടെ ആദ്ധ്യക്ഷത്തിൽ കൂടി. ശ്രീ. വി.ആർ. മോഹനൻ പ്രാർത്ഥന ചൊല്ലി. കഴിഞ്ഞ യോഗശേഷം അന്തരിച്ച ശാഖാ/സമുദായ അംഗങ്ങളുടെ പേരിൽ അനുശോചനം രേഖപ്പെടുത്തി.

സെക്രട്ടറി അവതരിപ്പിച്ച മുൻ യോഗവിവരണം, ഖജാൻജി അവതരിപ്പിച്ച വരവ് ചിലവ് കണക്കുകൾ എന്നിവ യോഗം ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു. കൽവ-ഘാട്കോപ്പർ വിഭാഗത്തിൽ നിന്നുമുള്ള എല്ലാ വരിസംഖ്യയും ശേഖരിച്ചതായി ഏരിയാ അംഗം അറിയിച്ചു. മറ്റു വിഭാഗങ്ങളിലെ സമാഹരണവും ത്വരിതഗതിയിലാക്കുവാൻ ഖജാൻജി അഭ്യർത്ഥിച്ചു.

ശാഖയിൽ പുതിയതായി ആജീവനാന്ത അംഗത്വത്തിന് അപേക്ഷിച്ച പാൽഘർ നിവാസികളായ ഋഷികേശ് ഗണപതി, വിദ്യ ഋഷികേശ് എന്നിവരെ അംഗങ്ങളാക്കി.

വാർഷികാഘോഷത്തിന്റെ പരിപാടികളിലേക്കുള്ള പ്രവേശന ഫോം ഗൂഗിൾ ഫോം വഴി തയ്യാറാക്കിയതായി കലാവിഭാഗം കൺവീനർ ശ്രീ വി പി ശശിധരൻ അറിയിച്ചു. ഒക്ടോബർ 10നുള്ളിൽ അവ സ്വീകരിക്കുവാൻ തീരുമാനിച്ചു. ഈ വർഷത്തെ പ്രത്യേക ക്ഷേത്രകലാ പരിപാടിയെക്കുറിച്ച് കലാവിഭാഗത്തിൽ ചർച്ച ചെയ്ത് ഉടൻ അറിയിക്കുവാൻ കലാവിഭാഗത്തെ ചുമതലപ്പെടുത്തി.

കേന്ദ്ര അവാർഡിനർഹരായവരെ യോഗം അഭിനന്ദിച്ചു. അവരോടെല്ലാം നേരിട്ടെത്തി അവാർഡുകൾ സ്വീകരിക്കണമെന്ന് അറിയിപ്പ് നൽകിയതായും സെക്രട്ടറി അറിയിച്ചു. മുംബൈ ശാഖ കഴിഞ്ഞ വാർഷിക പൊതുയോഗത്തിൽ തീരുമാനിച്ച പ്രകാരം കേന്ദ്ര നിയമാവലിയിയുടെ തിരുത്തൽ നിർദ്ദേശങ്ങൾ കേന്ദ്രത്തിന് അയച്ചു കൊടുത്തതായും അത് ഇത് വരെയും കേന്ദ്ര സംയുക്ത ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്തതായി കണ്ടില്ലെന്നും സെക്രട്ടറി അറിയിച്ചു.

തുടർന്ന് സെക്രട്ടറിയുടെ നന്ദി പ്രകാശനത്തോടെ യോഗം 7 മണിക്ക് പര്യവസാനിച്ചു.

## ചൊവ്വര

ചൊവ്വര ശാഖയുടെ സെപ്റ്റംബർ മാസത്തെ യോഗം 28-09-2025 ഞായറാഴ്ച 3.00 മണിക്ക് ആലുവ പൊതിയിൽ പിഷാരത്ത് ഗോപാലകൃഷ്ണന്റെ വസതിയിൽ പ്രസിഡന്റ് ശ്രീ. കെ. വേണുഗോപാലിന്റെ അധ്യക്ഷതയിൽ മാസ്റ്റർ കാർത്തിക് ഉണ്ണിയുടെ ഈശ്വരപ്രാർത്ഥന, ശ്രീമതി രമ പിഷാരസ്യാരുടെ നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു. കഴിഞ്ഞ ഒരു മാസത്തിൽ നമ്മെ വിട്ടുപിരിഞ്ഞ സമുദായ അംഗങ്ങളുടെയും മറ്റുള്ളവരുടെയും സ്മരണയിൽ യോഗം അനുശോചനം രേഖപ്പെടുത്തി. കേന്ദ്ര വിദ്യാഭ്യാസ അവാർഡുകൾ കിട്ടിയ കുമാരിമാർ അനുശ്രീ പ്രകാശ്, (രാരുപുരം), ശ്രേയ രെജീഷ് (കുട്ടമശ്ശേരി), ആതിര റെനീഷ് (മേക്കാട്), മീനാക്ഷി അനിൽ (ഒക്കൽ) എന്നീ കുട്ടികളെ യോഗം അഭിനന്ദിച്ചു. ഗൃഹനാഥൻ ശ്രീ. ഗോപാലകൃഷ്ണൻ നല്ലൊരു പ്രസംഗത്തിലൂടെ സന്നിഹിതരായ എല്ലാവരെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. തുടർന്ന് അധ്യക്ഷ പ്രസംഗത്തിൽ ശാഖയുടെ 50-ാം വാർഷികം, പുതിയ ക്ഷേമനിധി എന്നിവയെ പറ്റി സംസാരിച്ചു. ചർച്ചയിൽ എല്ലാ അംഗങ്ങളും പങ്കെടുത്തു. വാർഷികത്തിനു പറ്റിയ ഓഡിറ്റോറിയം ഈ മാസം തന്നെ കണ്ടു പിടിക്കുവാനും ബുക്ക് ചെയ്യുവാനും തീരുമാനിച്ചു. കഴിഞ്ഞ മാസത്തെ റിപ്പോർട്ടും കണക്കുകളും ശ്രീ. വിജയനും മധുവും അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. പുതിയ ക്ഷേമനിധി നവംബർ മാസത്തിൽ തുടങ്ങുവാൻ തീരുമാനിച്ചു. പഴയ ക്ഷേമനിധിയുടെ അവസാന നറുക്കെടുപ്പും നടന്നു. അടുത്ത മാസത്തെ യോഗം 12-10-2025 ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചു. കെ. ഹരിയുടെ നന്ദിയോടെ യോഗം അവസാനിച്ചു.

## അപേക്ഷകൾ ക്ഷണിക്കുന്നു

നെടുവന്നൂർ പുത്തൻപിഷാരത്തെ ശാരദ പിഷാരസ്യാരുടെ സ്മരണാർത്ഥം കുടുംബാംഗങ്ങൾ എല്ലാ വർഷവും ചൊവ്വര ശാഖയിൽ നൽകി വരുന്ന മെഡിക്കൽ സഹായത്തിനായുള്ള അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. നവംബർ മാസം 12നു മുൻപ് അപേക്ഷ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**സെക്രട്ടറി**

## PP&TDT ഡെപ്പോസിറ്റുകളുടെ പലിശ വിതരണം ആരംഭിക്കുന്നു

**PP & TDT** ആദ്യ പദ്ധതിയായ ഗുരുവായൂർ ഗസ്റ്റ് ഹൗസിനുവേണ്ടി ഡെപ്പോസിറ്റ് നല്കിയവർക്ക് അതാത് തുകയ്ക്ക് അർഹതപ്പെട്ട പലിശയുടെ ആദ്യ ഗഡു നല്കിത്തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചു.

ശാഖാ ഭാരവാഹികളുടെ സഹകരണത്തോടുകൂടി പലിശവിതരണം നടത്തണം എന്ന് 05/10/2025ന് കൂടിയ PP & TDT ഭരണസമിതിയോഗം തീരുമാനിച്ചു.

തുടർന്നുള്ള നടപടിക്രമങ്ങൾ ഡെപ്പോസിറ്റു നല്കിയ അംഗങ്ങളെ ശാഖാ ഭാരവാഹികൾ മുഖേന അറിയിക്കുന്നതാണ്.

എന്ന്,
കെ.പി. രവി
സെക്രട്ടറി, PP & TDT

## പെൻഷൻ/സാന്ത്വനം ഫണ്ടിലേക്ക് സംഭാവന നൽകിയവർ

| | | |
|---|---|---|
| (1) ഫോർജിംഗ് & പ്രോസസ് എയിഡ്സ്, ചെന്നൈ | - | 25,001.00 |
| (2) കോങ്ങാട് ശാഖ (ദർശന രവീന്ദ്രൻ) | - | 24,000.00 |
| (3) കുമാരി നവിക അജയ് പിഷാരോടി, പറളി | - | 2,000.00 |

**സാന്ത്വനം ഫണ്ടിലേക്ക് സംഭാവന നൽകിയവർ**

| | | |
|---|---|---|
| (1) രാമകൃഷ്ണൻ, ഹൈദരാബാദ് | - | 5,000.00 |
| (2) രാജഗോപാൽ, ആനായത്ത് | - | 5001.00 |

എല്ലാവർക്കും നന്ദി അറിയിക്കുന്നു. **സെക്രട്ടറി, PE & WS**

# ആദരാഞ്ജലികൾ

## തുളസി പിഷാരസ്യാർ

മണമ്പൂർ ഓട്ടൂർ പിഷാരത്ത് തുളസി പിഷാരസ്യാർ (70) 29-08-2025ന് നിര്യാതയായി. ഭർത്താവ് പെരുവാരത്ത് പിഷാരത്ത് ചന്ദ്രമോഹന പിഷാരോടി. മക്കൾ: ആശ, ഇന്ദു. മരുമക്കൾ: ഉണ്ണികൃഷ്ണൻ, അനു. പേരക്കുട്ടികൾ: ഗോകുൽ പിഷാരോടി, ഗൗതം പിഷാരോടി ഗൗരി, വേദ. സഹോദരങ്ങൾ: രമണി, രാജീവ്, സുരേഷ്.

## ലക്ഷ്മിക്കുട്ടി പിഷാരസ്യാർ

കുളത്തൂർ മന്ദാരത്തിൽ പിഷാരത്ത് ലക്ഷ്മിക്കുട്ടി പിഷാരസ്യാർ (തങ്കമ്മു-88) പാലക്കാട് നിര്യാതയായി. ഭർത്താവ് ആനായത്ത് പിഷാരത്ത് പരേതനായ രാഘവപിഷാരോടി. മകൻ മുകുന്ദൻ. മരുമകൾ മീര മുകുന്ദൻ.

## പ്രൊഫ. സരസ്വതി പിഷാരസ്യാർ

ചേന്ദമംഗലം ചേന്ദതൃക്കോവിൽ പിഷാരത്ത് പ്രൊഫ. സരസ്വതി പിഷാരസ്യാർ (80) 05-09-2025ന് പാലക്കാട് നിര്യാതയായി. ഭർത്താവ് അവണംകോട് പിഷാരത്ത് പ്രൊഫ. എൻ.എ. പിഷാരോടി. മക്കൾ: നാരായണൻകുട്ടി (കുട്ടപ്പൻ), ഗീത. മരുമക്കൾ: ഡോ. സിന്ധു, രാധാകൃഷ്ണൻ. സഹോദരങ്ങൾ: സി.പി. വിജയലക്ഷ്മി, സി.പി. നാരായണൻ, സി.പി. പത്മിനി, സി.പി. ഗോപി, സി.പി. ഉണ്ണികൃഷ്ണൻ, സി.പി. രാമചന്ദ്രൻ (പിഷാരോടി സമാജം വൈസ് പ്രസിഡണ്ട്).

## നാരായണി പിഷാരസ്യാർ

പരക്കാട് പിഷാരത്ത് നാരായണി പിഷാരസ്യാർ (അമ്മിണി-90) 22-09-2025ന് കോയമ്പത്തൂർ വസതിയിൽ നിര്യാതയായി. ഭർത്താവ് തൃപ്രയാർ പടിഞ്ഞാറേ പിഷാരത്ത് പരേതനായ രാഘവപിഷാരോടി. മക്കൾ: പി.ആർ. ഗോപിനാഥൻ, പി.ആർ. നന്ദകുമാർ, പി.ആർ. ലക്ഷ്മി ദേവി, പി.ആർ. രാമചന്ദ്രൻ, പി.ആർ. രാജേശ്വരി. മരുമക്കൾ സുമ, സാവിത്രി (ലീല), എൻ.പി. ഗോപിനാഥ്, ധനലക്ഷ്മി, വി.പി. മുരളീധരൻ. സഹോദരങ്ങൾ: പരേതരായ രാമപിഷാരോടി, കൃഷ്ണപിഷാരോടി, നാരായണപിഷാരോടി, കരുണാകരപിഷാരോടി, അച്യുതപിഷാരോടി, ഗോപാലപിഷാരോടി, ഗോവിന്ദൻകുട്ടി.

## ഉണ്ണികൃഷ്ണ പിഷാരോടി

തുറവൂർ കുന്നത്ത് പിഷാരത്ത് എം.ആർ. ഉണ്ണികൃഷ്ണ പിഷാരോടി (57) നിര്യാതനായി. മാതാ പിതാക്കൾ മുക്കോട്ടിൽ കിഴക്കേ പിഷാരത്ത് രാഘവ പിഷാരോടി, തുറവൂർ പിഷാരത്ത് സരസ്വതി പിഷാരസ്യാർ. ഭാര്യ ഷീല ഉണ്ണികൃഷ്ണൻ. മകൾ ശ്രീക്കുട്ടി ഉണ്ണികൃഷ്ണൻ. മരുമകൻ സനോജ്.

## രമാദേവി പിഷാരസ്യാർ

ഇന്ത്യനൂർ പിഷാരത്ത് രമാദേവി പിഷാരസ്യാർ (അമ്മിണി-84) 22-09-2025ന് മുംബൈ താനെ വസതിയിൽ അന്തരിച്ചു. ഭർത്താവ് കുരുവമ്പ്രം പിഷാരത്ത് പരേതനായ ശേഖരപിഷാരോടി. മക്കൾ: പ്രസാദ്, പ്രസന്ന.

## കൃഷ്ണകുമാരി

പഴയന്നൂർ വടക്കൂട്ട് പിഷാരത്ത് കൃഷ്ണകുമാരി (77) 30-09-2025ന് മുംബൈയിലെ വസതിയിൽ നിര്യാതയായി. മാതാപിതാക്കൾ പരേതരായ പഴയന്നൂർ വടക്കൂട്ട് പിഷാരത്ത് ലക്ഷ്മിക്കുട്ടി പിഷാരസ്യാർ, ആനായത്ത് പിഷാരത്ത് ഭരതപിഷാരോടി. ഭർത്താവ് കാരക്കുറിശ്ശി വടക്കേപ്പാട്ട് പിഷാരത്ത് രാധാകൃഷ്ണൻ. മക്കൾ: സന്ദീപ്, സവിത.

## സുശീല പിഷാരസ്യാർ

വെളപ്പായ ആനായത്ത് പിഷാരത്ത് സുശീല പിഷാരസ്യാർ (101) 02-10-2025ന് അന്തരിച്ചു. ഭർത്താവ് അഞ്ചേരി പിഷാരത്ത് പരേതനായ ഭരതപിഷാരോടി. മക്കൾ: ഡോ. രാധാകൃഷ്ണൻ (USA), പത്മം മാധവൻ, സത്യ ബാലചന്ദ്രൻ (USA). സഹോദരങ്ങൾ: പരേതനായ ഭരതപിഷാരോടി, പരേതനായ കരുണാകര പിഷാരോടി, നാരായണ പിഷാരോടി (കുട്ടപ്പൻ), ലക്ഷ്മിക്കുട്ടി പിഷാരസ്യാർ (ഓമന).

### ഷീബ ടി.വി.

കോട്ടയം ശാഖാംഗം ടി.വി. ഷീബ (54) 02-10-2025ന് അന്തരിച്ചു. ഭർത്താവ്: ഏറ്റുമാനൂർ അശോകത്ത് പിഷാരത്ത് വേണുഗോപാൽ. മക്കൾ: അർജുൻ, അഖിൽ.

### ഗോവിന്ദപിഷാരോടി

പാലക്കാട് കുഴൽമന്ദം കണ്ടിയൂർ പിഷാരത്ത് ഗോവിന്ദപിഷാരോടി (90) 04-10-2025ന് അന്തരിച്ചു. ഭാര്യ കുത്തന്നൂർ ദക്ഷിണാമൂർത്തി പിഷാരത്ത് പരേതയായ ലീല പിഷാരസ്യാർ. മക്കൾ: ജ്യോതിഷ് പിഷാരോടി, ദിനേശ് പിഷാരോടി. മരുമക്കൾ: സുമ ജ്യോതിഷ്, ഉമ ദിനേശ്.

**കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ**

കേരള സർക്കാർ

സമുന്നതി

L2, കുലീന, TC 9/476, ജവഹർ നഗർ , കവടിയാർ. പി.ഒ
തിരുവനന്തപുരം – 695003, 0471- 2311215, 6238170312
E-mail: kswcfc@gmail.com, website: www.kswcfc.org

**വിദ്യാസമുന്നതി – സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു.**

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ, 2025-26 വർഷത്തെ **വിദ്യാസമുന്നതി-സ്കോളർഷിപ്പിന്** അപേക്ഷകൾ ക്ഷണിക്കുന്നു. ഹൈസ്കൂൾ, ഹയർസെക്കണ്ടറി, ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സുകൾ, ബിരുദം, ബിരുദാനന്തര ബിരുദം, സി.എ/ സി.എം.എ/ സി.എസ്. ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിലെ ബിരുദം/ ബിരുദാന ന്തര ബിരുദം, ഗവേഷണ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (Ph.D ) എന്നീ വിഭാഗങ്ങളിലേക്കുള്ള സ്കോളർഷിപ്പുകൾ.

| വിദ്യാസമുന്നതി-സ്കോളർഷിപ്പ് | | പ്രതിവർഷ സ്കോളർഷിപ്പ് തുക |
|---|---|---|
| ഹൈസ്കൂൾ | | 2,500/- |
| ഹയർസെക്കണ്ടറി (11,12 ക്ലാസ്സുകൾ) | | 4,000/- |
| ബിരുദം | പ്രൊഫഷണൽ | 8,000/- |
| | നോൺ പ്രൊഫഷണൽ | 6,000/- |
| ബിരുദാനന്തര ബിരുദം | പ്രൊഫഷണൽ | 16,000/- |
| | നോൺ പ്രൊഫഷണൽ | 10,000/- |
| CA,CS, CMA (ICWA) | | 10,000/- |
| ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സുകൾ | | 6,000/- |
| ദേശീയ നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകൾ (IIT, NIT, IIM etc) | | പരമാവധി 50,000/- രൂപ വരെ |
| ഗവേഷണ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (Ph.D) | | 25,000/- |

**അപേക്ഷകൾ ഓൺലൈനായി 05/10/2025 മുതൽ 04/11/2025 വരെ സ്വീകരിക്കുന്നു**

അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് കേരള മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നല്കുന്ന വിദ്യാസമുന്നതി സ്ക്കോളർഷിപ്പിന് അപേക്ഷിക്കാം. അവസാന തിയ്യതി: 04-11-2025.

**വരിക്കാരുടെയും വായനക്കാരുടെയും ശ്രദ്ധക്ക്**

ഓഫീസ് മേൽവിലാസം: പിഷാരോടി സമാജം, മെയിൻ റോഡ്, ഉദയനഗർ, അയ്യന്തോൾ, തൃശൂർ-680003. Ph: 0487-2384597

സമാജം/എഡ്യു. സൊസൈറ്റി/ട്രസ്റ്റ് പ്രസിഡണ്ടിന്റെ മേൽവിലാസം
**ശ്രീ. രാമചന്ദ്രൻ പിഷാരടി**
'ഉഷസ്സ്', ആനായത്ത് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ 680020
Ph: 9495131090

ജനറൽ സെക്രട്ടറിയുടെ വിലാസം
**ശ്രീ. കെ.പി. ഹരികൃഷ്ണൻ**, 'ചൈതന്യ', രാമപുരം പിഷാരം, രാമപുരം ശ്രീരാമക്ഷേത്രത്തിന് സമീപം, പുലക്കാട്ടുകര റോഡ്, മണലി, ചിറ്റിശ്ശേരി (പി.ഒ.), തൃശൂർ 680301
Ph: 9447329698. Email: kphpisharody@gmail.com

ട്രഷറർ – **ശ്രീ. സി.ജി. കുട്ടി**, C-1, Pearl Gardens, Near Co operative Society, Viyyur (P.O), Thrissur 680010. Ph: 9633898468

പിഷാരോടി എഡ്യൂക്കേഷണൽ & വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ മേൽവിലാസം
**അജയകുമാർ എ**, "വൃന്ദാവനം", പുലാമന്തോൾ പോസ്റ്റ്, മലപ്പുറം 679323
Ph: 9946647757. Email: ajaypisharodi@gmail.com

ട്രഷറർ – **ശ്രീ. രാജൻ പിഷാരോടി**, ത്രി ബംഗ്ലാവ്സ്, കൈനില ശിവക്ഷേത്രത്തിന് സമീപം, കാറളം പി.ഒ., കരുവന്നൂർ (വഴി), തൃശൂർ – 680 711. Ph: 09819512811

ഗുരുവായൂർ ഗസ്റ്റ്ഹൗസ് ഫണ്ടിലേക്കുള്ള സംഖ്യകൾ Pisharody Pilgrimage & Tourism Development Trust എന്ന പേരിൽ തൃശൂർക്കുള്ള ചെക്ക്/ഡ്രാഫ്റ്റ് അയക്കേണ്ട മേൽവിലാസം
**ശ്രീ. രവി കെ.പി.**, 'വിഷ്ണുമായ', കടുങ്ങല്ലൂർ വെസ്റ്റ് പി.ഒ., ആലുവ-683110
Ph: 8575351063, 9447869021 Email: ravikp1972@gmail.com

ഗസ്റ്റ് ഹൗസ് സംബന്ധമായ കാര്യങ്ങൾ 0487-2558801, 2558802, 91-6238743319 എന്നീ ഫോൺ നമ്പറുകളിൽ അന്വേഷിക്കാവുന്നതാണ്.

ട്രഷറർ – ശ്രീ. എ.പി. ഗോപി, 'അച്യുതം', ചെമ്പൂക്കാവ് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ.
Ph: 9447916278. Email: apgopi4@gmail.com

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട വിലാസം
**ശ്രീ. ഗോപൻ പഴുവിൽ** (എഡിറ്റർ, തുളസീദളം)
"സാരസ്വതം", ഇക്കണ്ടവാരിയർ റോഡ്, എടക്കുന്നി, ഒല്ലൂർ പി.ഒ., തൃശൂർ – 680 306.
മൊബൈൽ: 9495225979. e-mail: gopanpazhuvil@gmail.com
ശാഖാവാർത്തകൾ ജനറൽ സെക്രട്ടറിക്ക് നേരിട്ട് അയക്കേണ്ടതാണ്.
തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട മറ്റൊരു ഇ-മെയിൽ വിലാസം: thulaseedalamedb@gmail.com

"തുളസീദള"ത്തിലേക്കും വെബ്സൈറ്റിലേക്കുമുള്ള പരസ്യങ്ങൾ, വരിസംഖ്യ, സംഭാവന, പരസ്യച്ചാർജ്ജ് എന്നിവ **THULASEEDALAM** എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ NEFT ആയോ, Google Pay വഴിയോ അയക്കുവാൻ അഭ്യർത്ഥിക്കുന്നു. അയക്കേണ്ട വിലാസം:
**മാനേജർ, ശ്രീ. ആർ.പി. രഘുനന്ദനൻ,** 7H ആർട്ടെക്ക് ഗേറ്റ് വേ,
ഹോട്ടൽ ജോയ്സ് പാലസിന് എതിർവശം, ടി.ബി. റോഡ്, തൃശൂർ – 680021. Ph: 9892240547
E-mail: thulaseedalamedb@gmail.com / raji.nandanam16@gmail.com
ചെക്ക്, ഡ്രാഫ്റ്റ് എന്നിവ അയച്ച വിവരവും NEFT ചെയ്ത വിവരവും മാനേജരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.
ബാങ്ക് വഴിയുള്ള ഇടപാടുകൾക്ക് **THULASEEDALAM**

**SB A/c No. 0721101055775** — **Canara Bank**
**IFSC Code: CNRB0000721** — **West Palace Road, Thrissur.**

# ആദരാഞ്ജലികൾ



## പരക്കാട്ട് പിഷാരത്ത്

# നാരായണി (അമ്മിണി) പിഷാരസ്യാർ

**ഭർത്താവ്: പരേതനായ തൃപ്രയാർ പടിഞ്ഞാറേ പിഷാരത്ത് രാഘവ പിഷാരോടി**

മരണം: 22.09.2025

ദുഃഖപൂർവ്വം....

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ | പ്രപൗത്രർ |
|---|---|---|---|
| ഗോപിനാഥൻ | സുമ | ഗായത്രി രഞ്ജിത്ത്, ആദർശ് | ശ്രീരാഗ |
| നന്ദകുമാർ | സാവിത്രി | വന്ദന അജയ്, സഞ്ജന ജിഷ്ണു | |
| ലക്ഷ്മിദേവി | എൻ.പി. ഗോപിനാഥ് | അഞ്ജലി രാംകുമാർ, അർജ്ജുൻ – ശരണ്യ | ശ്രീനന്ദ |
| രാമചന്ദ്രൻ | ധനലക്ഷ്മി | ഹരിത ശിവപ്രസാദ്, ഹർഷ | |
| രാജേശ്വരി | വി.പി. മുരളീധരൻ | കാർത്തിക ശ്രീകുൽ, കീർത്തന സജിൽ | സത്യജിത് |

THULASEDALAM

Title No. KERMAL04598
RNI Reg: No.36078/1981

Posted at RMS, Thrissur

Published on 07-10-2025
October 2025, Price-15.00

SAROJA
SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE
NABH
CERTIFIED

നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

57 YEARS OF CARE AND TRUST

വർഷത്തെ സേവനപാരമ്പര്യവുമായി

സരോജ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185
sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

വീട്ടിൽ പരിശോധന
പിക്കപ്പ് സംവിധാനം
ഡോക്ടറുടെ സേവനം വീടുകളിൽ
എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക
+91 81380 19090
+91 73563 99116
sarojhomecare@sarojahospital.com
sarojhomecare

Printed and Published by General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy